# ശാന്തിതീരം

പ്രൊഫ. എം. വൈ.  യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി -  682 311

# ശാന്തിതീരം

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS, EDAPPALLY

●

*copy right reserved*

●

# അവതാരിക

എന്റെ ആത്മീയ ഗുരുവും ഉറ്റ സ്നേഹിതനും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ മുൻ പ്രിൻസിപ്പലും ആയ പ്രൊഫ. എം.വൈ. യോഹന്നാൻ എഴുതിയ നാലാമത്തെ പുസ്തകമായ 'ശാന്തിതീരം' എന്ന സൽഗ്രന്ഥത്തിന് ഒരു അവതാരിക എഴുതുവാൻ ഇടയായതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. അദ്ധ്യാത്മീക ഉണർവ്വും വിശുദ്ധീകരണവും ലക്ഷ്യമാക്കി സഭാഭേദം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുക എന്ന നിഷ്ക്കളങ്ക ലക്ഷ്യത്തോടെ കോലഞ്ചേരി കേന്ദ്രമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ സ്ഥാപക നേതാവാണ് ഗ്രന്ഥകാരൻ. സമർത്ഥനായ ലേഖകന്റെ എഴുത്തു കോലായ പ്രൊഫ. യോഹന്നാൻ ശുഭവചനത്താൽ നിറഞ്ഞു കവിയുന്ന ഹൃദയവും നാവും ഉള്ള ഒരു അനുഗൃഹീത പ്രഭാഷകനാണ്. കേരളത്തിൽ ഉടനീളവും ഇന്ത്യയിലെമ്പാടും അനേക വിദേശ രാജ്യങ്ങളിലും സുവിശേഷ സന്ദേശവുമായി ഇന്നും ഓടി നടക്കുന്നു. അദ്ദേഹത്തിന്റെ സുവിശേഷ പ്രസംഗങ്ങളിലും റേഡിയോ പ്രഭാഷണങ്ങളിലും ആകൃഷ്ടരായ അനേകരുടെ നിരന്തരമായ അഭ്യർത്ഥനയുടെ പരിണിത ഫലമാണ് ഈ

പുസ്തകം.

ഇതിനുമുമ്പ് ഈ തൂലികയിൽ നിന്നും അടർന്നുവീണ് വെളിച്ചം കണ്ട പുസ്തകങ്ങളായ അമൃതധാര, ആന്തരികശാന്തി, ശുഭഭാവി എന്നിവ ഉണർത്തിയ ആത്മീകാനുഭൂതികളുടെ പശ്ചാത്തലത്തിൽ അത്യന്തം കൗതുകത്തോടും ആവേശത്തോടും കൂടിയാണ് ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി ഞാൻ വായിച്ചത്. "കലവറ നന്നായെങ്കിലേ പന്തി നന്നാകൂ." ഗ്രന്ഥകാരൻ നല്ലതാകയാൽ ഗ്രന്ഥവും നന്നായിരിക്കുന്നു.

പുസ്തകത്തിന്റെ റ്റൈറ്റിൽ കണ്ടപ്പോൾ തന്നെ കോലഞ്ചേരി നിവാസിയായ എന്റെ ചിന്ത പാഞ്ഞെത്തിയത് യോഹന്നാൻ സാർ കോലഞ്ചേരി കോളേജിൽ പ്രിൻസിപ്പൽ ആയിരുന്നകാലത്തേക്കാണ്. ആ മഹാവിദ്യാലയത്തിന്റെ ചരിത്രത്തിലെ സുവർണ്ണകാലം എന്നു വിശേഷിപ്പിക്കാവുന്ന സമയങ്ങളായിരുന്നു അദ്ദേഹം സാരഥ്യം വഹിച്ച രണ്ടു വർഷങ്ങൾ. ആ വ്യക്തിത്വത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഹൃദയത്തിൽ പൊന്തിവരുന്ന ഒരു ചിത്രമുണ്ട് - സമുദ്രത്തിലൂടെ ശാന്തമായി ഒഴുകി നടക്കുന്ന ഒരു മഞ്ഞുമല. അതിന്റെ ചെറിയൊരു ഭാഗം മാത്രമെ ഉപരിതലത്തിൽ കാണാൻ കഴിയൂ. സിംഹഭാഗവും വെള്ളത്തിന് അടിയിലായിരിക്കും. കർത്താവിന്റെ പ്രിയദാസന്റെ എഴുത്തിലും സംസാരത്തിലും ഇടപെടലിലും ഇതുതന്നെ ദർശിക്കാം. വ്യക്തിപരമായി സംസാരിക്കുമ്പോൾ പോലും പറയുന്ന വാക്കുകൾ ലളിതമെന്നു തോന്നുമെങ്കിലും അതിന്റെ പിന്നിൽ വ്യാപരിക്കുന്ന കറയറ്റ സ്നേഹവും, കരുതലും, പ്രാർത്ഥനയും അളവറ്റതത്രെ. ഗഹനങ്ങളായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുവാനുള്ള ഗ്രന്ഥകർത്താവിന്റെ കഴിവ് പ്രത്യേകം പ്രസ്താവ്യമാണ്.

ജീവിത പ്രശ്നങ്ങളുടെ ചുഴിയിൽപെട്ടു സ്വസ്ഥതയും സമാധാനവുമില്ലാതെ നട്ടംതിരിയുന്ന മനുഷ്യ ജീവിതങ്ങൾക്ക് ദിവ്യസമാധാനം അനുഭവവേദ്യമാക്കുന്നതാകുന്നു, പതിമൂന്നു പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം. പുതുമയുള്ള വേദചിന്തകളോടൊപ്പം ചില വ്യക്തികളുടെ ജീവനും ചൈതന്യവുമുള്ള അനുഭവസാക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഈ പ്രഭാഷണങ്ങളുടെ ഒരു പ്രത്യേകതയാണ്. പ്രഭാഷണങ്ങളിൽ ഉടനീളം ജ്വലിച്ചു നിൽക്കുന്ന ഒരാശയം ഹൃദയവിശുദ്ധിയാണ്, "ഹൃദയത്തിന്റെ മതമാണ് ക്രിസ്തുമതം. ഹൃദയത്തിന്റെ രൂപാന്തരവും വിശുദ്ധീകരണവുമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറ, ആകെത്തുക."

നാം ജീവിച്ചിരിക്കുന്ന ഈ തലമുറയിൽ സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന "രോഗം" എന്തെന്നു ശരിക്കും ഉൾക്കാഴ്ച ലഭിച്ച ഒരു വൈദ്യനാണ് ഗ്രന്ഥകാരൻ. ദൈവാത്മാവു കൊടുത്ത ഉൾക്കാഴ്ചയിൽ നിന്നും ഉരുത്തിരിഞ്ഞതാണ് എല്ലാ പ്രഭാഷണങ്ങളും.

പ്രൊഫ. യോഹന്നാൻ എഴുതിയ ശുഭഭാവി എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു കാര്യം ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും എന്നു കരുതുന്നു. "എന്റെ ഹൃദയത്തിൽ ആഴത്തിൽ വേരോടിയിരിക്കുന്ന ഒന്നാണ് ക്രിസ്തു തരുന്ന ശാന്തിയും സമാധാനവും. ആ സമാധാനം ഐഹികവും പാരത്രികവുമാണ്. ഞെരുക്കങ്ങളുടെയും പ്രതിസന്ധികളുടെയും തെറ്റിദ്ധാരണകളുടെയും മദ്ധ്യത്തിൽ ആ സമാധാനം ജീവിതത്തിൽ ജ്വലിച്ചുയർന്നു വരുന്നു എന്നുള്ളതാണ് എന്റെ എളിയ അനുഭവം. അതു ക്രിസ്തുവിനു മാത്രമേ തരാൻ കഴിയുകയുള്ളൂ." വി. യോഹ 14. 27 ൽ പറയുന്ന ക്രിസ്തുവിന്റെ സമാധാനം സ്വന്തം ജീവിതത്തിൽ അന്വർത്ഥമാക്കി, ആ അനുഭവത്തിന്റെ പാറമേൽ

ഉറച്ചു നിന്നുകൊണ്ടാണ് ഈ ശാന്തിമാർഗ്ഗം നമുക്ക് ഓതി ത്തരുന്നത്.

നിരവധി ശക്തരും ഭക്തരുമായ വീരന്മാർ വീണു തകർന്ന പോർക്കളത്തിലെ അസ്ഥികൂടങ്ങൾക്കു നടുവിലൂടെ തന്റെ മാനസാന്തരപ്പെട്ട പതിനേഴാമത്തെ വയസ്സു മുതൽ ഇന്ന യോളം വഴുതാതെ, വീഴാതെ, കൃപയാൽ മുന്നേറിയ വിന യാന്വിതനും വിശുദ്ധനുമായ ഒരു വിശ്വാസ വീരനാണ് ഞങ്ങളുടെ പ്രിയങ്കരനായ യോഹന്നാൻ സാർ. ഇനിയും അനേക ചിന്താകുസുമങ്ങൾകൊണ്ട് ക്രൈസ്തവ കൈര ളിക്കു മാല്യം ചാർത്താൻ പ്രിയ സഹോദരനെ ദൈവം അനു ഗ്രഹിക്കട്ടെ. പോരും പോരാട്ടവും കാറ്റും തിരമാലയും ഉള്ള ഈ ലോക ജീവിതത്തിൽ, ജീവിതപ്പടക് ശാന്തിമാർഗ്ഗത്തിൽ നയിച്ച് നിത്യശാന്തിതീരത്ത് എത്തിക്കുവാൻ ഈ ചെറു ഗ്രന്ഥം ഉതകട്ടെ എന്നാശംസിച്ചുകൊണ്ട് അനുവാചകർക്കായി ഈ പുസ്തകം അവതരിപ്പിക്കുന്നു.

**പ്രൊഫ. സി.എം. മാത്യു ചാന്ത്യം,**
**കോലഞ്ചേരി**

കോലഞ്ചേരി
01.10.1998

## ആമുഖം

ശാന്തിതീരത്തെത്തിച്ചേരുന്നത് പ്രശ്നങ്ങളിൽ പതറാത്ത ജീവിതമാണ്. സംസാരസാഗരത്തിൽ നീർച്ചുഴികളും ആഴക്കയങ്ങളുമുണ്ട്. ചുഴിയിൽ പെട്ട് വട്ടം കറങ്ങുമ്പോൾ തീരത്തെത്തുമെന്നുള്ള പ്രതീക്ഷകളറ്റുപോകാം. കയങ്ങളിൽ താണു താണു പോകുമ്പോൾ ഭാവിയുടെ പ്രത്യാശകൾ കൂമ്പടഞ്ഞു പോകാം. പെരുവെള്ളത്തിൽ നിന്ന് വലിച്ചെടുക്കാനൊരു കരം അരികത്തുണ്ടെന്ന് അറിയുമ്പോഴാണ് നിരാശയുടെ കൂരിരുളകലുന്നത്, ആശയുടെ നറുനാമ്പ് വിരിയുന്നത്.

സകല പ്രതീക്ഷകളും അറ്റുപോയപ്പോൾ നിത്യനായ ദൈവത്തിന്റെ കരത്തിന്റെ അത്ഭുത കാരുണ്യം ദാവീദ് അനുഭവിച്ചു. ശത്രുത്വത്തിന്റെയും ആക്രമണങ്ങളുടെയും വേലിയേറ്റത്തിൽ അടി പതറാതെ ദാവീദിനെ നിറുത്തിയത് ദൈവകരസ്പർശത്തിലുള്ള അഗാധമായ വിശ്വാസമായിരുന്നു. “അവൻ ഉയരത്തിൽ നിന്ന് കൈ നീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽ നിന്ന് എന്നെ വലിച്ചെടുത്തു” എന്ന് 18-ാം സങ്കീർത്തനത്തിൽ ദാവീദ് പാടുന്നത് നന്ദിയുടെയും കടപ്പാടിന്റെയും പൂച്ചെണ്ടുകൾ കർത്തൃപാദത്തിൽ അർപ്പിച്ചുകൊണ്ടാണ് (സ

ങ്കീർത്തനങ്ങൾ 18 : 16)

പരാജയങ്ങളിൽ തളരാത്ത ജീവിതമാണ് വിജയത്തിലേക്ക് കുതിക്കുന്നത്. വിൻസ്റ്റൺ ചർച്ചിൽ രണ്ടാം ലോകമഹായുദ്ധ കാലത്ത് സഖ്യകക്ഷികൾ പരാജയപ്പെടാൻ തുടങ്ങിയപ്പോൾ തന്റെ പടയാളികളെ ധൈര്യപ്പെടുത്തുന്ന ഒരു പ്രസംഗം ചെയ്തു. 24 മണിക്കൂറിനകം ബക്കിംഹാം പാലസിൽ നാസി കളുടെ കൊടി ഉയരും എന്ന് ഹിറ്റ്ലർ ഉറഞ്ഞു പറഞ്ഞതി നുടനെയാണ് ചർച്ചിലിന്റെ പ്രസംഗം പടയാളികളെ ഉണർത്തി യത്. അതിൽ അദ്ദേഹം പറഞ്ഞു :

"Success is the ability to go from failure to failure with no loss of enthusiasm."

"ഉത്സാഹത്തിൽ തെല്ലും കുറയാതെ പരാജയത്തിൽ നിന്ന് പരാജയത്തിലേക്കുള്ള പ്രയാണം ചെയ്യാനുള്ള കഴിവാണ് വിജയം." ഈ വാക്കുകൾ ആ പടയാളികളെ ഉത്സാഹഭരി തരാക്കി. നാസികളെ പരാജയപ്പെടുത്താൻ സഖ്യകക്ഷി കൾക്കന്ന് കഴിഞ്ഞു.

Bob Gass എന്ന പണ്ഡിതനായ ക്രിസ്തുഭക്തൻ ഒരി ക്കൽ പറഞ്ഞു – "When you fail, treat it as a moment - not a monument" – "നിങ്ങൾ പരാജയപ്പെടുമ്പോൾ അതിനെ കേവലം നൈമിഷമെന്നെണ്ണുക, അതൊരു ചിരകാല സ്മാരകമാകരു ത്."

Dr. Mike Murdock പറഞ്ഞു : "Failure is not an event, it is only an opinion." "തോൽവി ഒരിക്കലും ഒരു സംഭവമല്ല, അത് കേവലം ഒരഭിപ്രായം മാത്രം." തോമസ് എഡിസൺ അമ്പതിനായിരം പരീക്ഷണങ്ങൾ നടത്തി. അദ്ദേഹത്തിന്റെ അസിസ്റ്റന്റ് പറഞ്ഞു : "All those experiments and not one

result" (ഇത്രയേറെ പരീക്ഷണങ്ങൾ നടത്തിയിട്ടും ഒന്നും ഫലപ്രാപ്തിയിലെത്തിയില്ലല്ലോ). എഡിസൺ ഉടനെ പറഞ്ഞു : "No results? We have had wonderful results. We now know fifty thousand things that won't work. Soon we will find the one that does." (ഒരു ഫലവും കിട്ടിയില്ലെന്നോ? അത്ഭുതകരമായ ഫലങ്ങളത്രേ നമുക്ക് ലഭിച്ചത്. അമ്പതിനായിരം കാര്യങ്ങൾ പ്രവർത്തിക്കാത്തവ എന്ന് ഇപ്പോൾ നമുക്ക് മനസ്സിലായി. എത്രയും വേഗം, പ്രവർത്തിക്കുന്ന ഒന്ന് നാം കണ്ടെത്തും,) അത്ഭുതമില്ലല്ലോ, എഡിസൺ ലോകത്തെ പ്രകാശിപ്പിച്ചതിൽ!

ഒരു പ്രസിദ്ധമായ അഭിജ്ഞവാക്യമുണ്ട് : "Successful people fial two out of every five times, whereas unsuccessful people fail three out of every five times."

വിജയികളാകുന്ന ആളുകൾ അഞ്ചുപ്രാവശ്യത്തെ യത്നത്തിൽ രണ്ടു പ്രാവശ്യം പരാജയപ്പെടുന്നവരാണ്. എന്നാൽ പരാജിതരാകട്ടെ, അഞ്ചിൽ മൂന്നുപ്രാവശ്യം തോൽക്കുന്നവരാണ്. നാമെല്ലാം ദിവസേന ഒന്നല്ലെങ്കിൽ മറ്റൊന്നിൽ പരാജയമടയുന്നവരാണ്. അങ്ങനെയല്ലാത്തവരുണ്ടെങ്കിൽ അവർ മരിച്ചവരായിരിക്കും.

പരാജയങ്ങളിൽ നിരാശപ്പെടാതെ പോകുന്നവർ ക്രിസ്തുവിന്റെ ശാന്തി തീരത്തെത്തും. ക്രിസ്തു തന്റെ തിരുരക്തത്തിന്റെ ശക്തിയാൽ അവരെ ശാന്തിതീരത്തെത്തിക്കും. നാളുകളായി എന്റെ ഹൃദയത്തിൽ ഉറഞ്ഞു കൂടിയ ഈ ആശയത്തെ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ പ്രകാശിപ്പിക്കുക എന്നതാണ് ഈ പ്രസംഗങ്ങളിലോരോന്നിലും ഞാൻ ലാക്കാക്കിയിട്ടുള്ളത്. ആ ലക്ഷ്യപ്രാപ്തിയിലെത്തിച്ചേരാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടത് അനുവാചകരാണല്ലോ. ശാന്തിതീരത്തെത്താൻ സർവ്വശക്തനായ ദൈവം

എല്ലാവർക്കും കൃപ നൽകുമാറാകട്ടെ.

പ്രൗഢോജ്ജ്വലവും പ്രോത്സാഹജനകവുമായ ഒരവതാരിക എഴുതി ഈ ഗ്രന്ഥത്തെ ധന്യമാക്കിയ പ്രൊഫ. സി. എം. മാത്യു ചാന്ത്യം (Retd. Professor of Botany, M.A. College of Arts, Kothamangalam) അവർകളോടുള്ള എന്റെ നിസ്സീമമായ കൃതജ്ഞത ഇത്തരുണത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.

വിനീതവിധേയൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

"ഞാൻ ഈ വെള്ളം പഥ്യമാക്കിയിരിക്കുന്നു. ഇനി ഇതിനാൽ മരണവും ഗർഭനാശവും ഉണ്ടാകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."

2 രാജാക്കൻമാർ 2 : 21

ശാപഗ്രസ്തമായ ഒരു പട്ടണമായിരുന്നു യെരീഹോ. കാരണം യെരീഹോ നിവാസികൾ ശപിക്കപ്പെട്ടവരായിരുന്നു. അവർ കനാന്യരായിരുന്നു. കനാന്യർ ശപിക്കപ്പെട്ടവരായിരുന്നു.

നോഹയുടെ മക്കൾ ശേം, ഹാം, യാഫെത്ത് എന്ന മൂന്നുപേരായിരുന്നു. ഇവരിൽ ഹാമിന്റെ മകനാണ് കനാൻ. നോഹ നഗ്നനായി കിടന്നുറങ്ങിയപ്പോൾ അപ്പന്റെ നഗ്നത സഹോദരൻമാർക്ക് വെളിപ്പെടുത്തിയവനാണ് ഹാം. ശേമും യാഫേത്തും അപ്പന്റെ നഗ്നത കാണാതിരിപ്പാൻ പിറകോട്ട് നടന്ന് ഒരു വസ്ത്രം പിറകിലേക്ക് എറിഞ്ഞ് അപ്പന്റെ നഗ്നത മറച്ചു. ഉല്പത്തി 9 : 20 – 27

ഹാമിന്റെ മകനായ കനാൻ അപ്പന്റെ അപ്പനായ നോഹയുടെ നഗ്നത കാണുക മാത്രമല്ല, ലജ്ജാകരവും കുറ്റകരവുമായ അവലക്ഷണ കൃത്യം ചെയ്തു എന്ന് ഐതിഹ്യം പറയുന്നു. കനാൻ പറഞ്ഞായിരിക്കണം ഹാം അറിഞ്ഞത്. എന്തായാലും നോഹ കനാനെ ശപിച്ചു. ഒപ്പം കനാന്റെ ദേശമായ യെരീഹോ പട്ടണവും ശപിക്കപ്പെട്ടു.

സോദോം, ഗോമോറയിലെ ജനത്തിന്റെ പാപംമൂലം ദേശങ്ങൾ ദൈവത്തോട് നിലവിളിച്ചു എന്നു നാം കാണുന്നു.

ഉല്പത്തി 18 : 20 - ൽ നാം വായിക്കുന്നു.

> "സോദോമിന്റെയും ഗോമോറയുടെയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവുമാകുന്നു."

അവരുടെ പാപം എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് അവിടുത്തെ ജനങ്ങളുടെ പാപം എന്നതിനെപ്പറ്റിയാണ്.

ഹബക്കൂക്ക് പ്രവാചകന്റെ പുസ്തകം 2ന്റെ 10 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു.

> "..... നീ നിന്റെ സ്വന്തപ്രാണനോട് പാപം ചെയ്തിരിക്കുന്നു. ചുവരിൽ നിന്ന് കല്ല് നിലവിളിക്കുകയും മരപ്പണിയിൽ നിന്ന് തുലാം ഉത്തരം പറകയും ചെയ്യുമല്ലോ."

ഒരു കെട്ടിടത്തിന്റെ മുറിയിൽവച്ചു നടന്ന പാപങ്ങൾ നിമിത്തം നിർജ്ജീവങ്ങളായ ചുവരുകളും തുലാങ്ങളും നിലവിളിക്കുന്നു.

ഇതുതന്നെ ഹോശേയ പ്രവാചകനും പറയുന്നു :

"ദേശത്ത് സത്യവും ഇല്ല, ദയയും ഇല്ല, ദൈവ പരിജ്ഞാനവുമില്ല. അവർ ആണയിടുന്നു, ഭോഷ്ക്കു പറയുന്നു, കൊല ചെയ്യുന്നു, മോഷ്ടിക്കുന്നു, വ്യഭിചരിക്കുന്നു, വീട് മുറിക്കുന്നു, രക്തപാതകത്തോട് രക്തപാതകം കൂട്ടുന്നു. അതുകൊണ്ട് ദേശം ദുഃഖിക്കുന്നു."

ഹോശേയ 4 : 1 – 3

ദേശത്തിലെ ജനങ്ങളുടെ പാപംമൂലം ദേശത്തിന് ദുഃഖം ഭവിക്കുന്നു.

ഹാമും മകനായ കനാനും മൂലം യെരീഹോ പട്ടണം ശപിക്കപ്പെട്ടതായിത്തീർന്നു. യോശുവ പറഞ്ഞു :

"ഈ പട്ടണവും അതിലുള്ളതൊക്കെയും യഹോവയ്ക്ക് ശപഥാർപ്പിതമായിരിക്കുന്നു."

യോശുവ 6 : 17

മാത്രമല്ല യോശുവ ശപഥം ചെയ്തു :

"ഈ യെരീഹോ പട്ടണത്തെ പണിയുവാൻ തുനിയുന്ന മനുഷ്യൻ യഹോവയുടെ മുമ്പാകെ ശപിക്കപ്പെട്ടവൻ. അവൻ അതിന്റെ അടിസ്ഥാനമിടുമ്പോൾ അവന്റെ മൂത്ത മകൻ നഷ്ടമാകും. അതിന്റെ കതക് തൊടുക്കുമ്പോൾ ഇളയ മകനും നഷ്ടമാകും."

യോശുവ 6 : 26

അത് അങ്ങനെ തന്നെ സംഭവിച്ചു. എണ്ണൂറ് വർഷങ്ങൾക്കുശേഷം അത് സംഭവിച്ചു.

ആഹാബ് രാജാവിന്റെ കാലത്ത് യെരീഹോ പട്ടണം പണിതു. അവന്റെ കാലത്ത് ബേഥേല്യനായ ഹീയേൽ യെരീഹോ പണിതു.

> "യഹോവ നൂന്റെ മകനായ യോശുവ മുഖാന്തിരം അരുളിച്ചെയ്ത വചനപ്രകാരം അതിന്റെ അടിസ്ഥാനമിട്ടപ്പോൾ അവന് അബീറാം എന്ന മൂത്ത മകനും അതിന്റെ പടിവാതിൽ വെച്ചപ്പോൾ ശെഗൂബു എന്ന ഇളയമകനും നഷ്ടം വന്നു."
> 1 രാജാക്കൻമാർ 16 : 34

അങ്ങനെ ശപിക്കപ്പെട്ട സ്ഥലമായ യെരീഹോവിലേക്ക് ദൈവപുരുഷനായ ഏലീശാ കടന്നു ചെന്നു. ഏലിയാവിന്റെ മേലുണ്ടായിരുന്ന ആത്മാവിന്റെ ഇരട്ടിപ്പങ്ക് ശക്തിയോടെ, പരിശുദ്ധാത്മ നിറവോടെ ഏലീശാ കടന്നു ചെന്നു.

ദേശത്തിന്റെ ശാപം പോക്കാൻ ജീവനുള്ള ദൈവം ഒരു വഴി ഒരുക്കി. അതെന്തൊരു ഭാഗ്യമായി.

ജനം വചനം കൈക്കൊണ്ടാൽ ശാപം മാറും. ജനഹൃദയങ്ങളിൽ വചനത്തിനിടം കിട്ടിയാൽ ശാപം മാറും. കാരണം :

> "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു. വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു."
> യോഹന്നാൻ 1 : 1, 1 : 14

പട്ടണവാസികൾ തങ്ങളുടെ ദേശത്തിന്റെ ശാപകരമായ കെടുതി പ്രവാചകനോട് പറഞ്ഞു :

"ഈ പട്ടണത്തിന്റെ ഇരിപ്പ് മനോഹരമായതെന്ന് യജമാനൻ കാണുന്നുവല്ലോ. എന്നാൽ വെള്ളം ചീത്തയും ദേശം ഗർഭനാശകവും ആകുന്നു."

നല്ല പട്ടണം. നല്ല ജനസാന്ദ്രതയുള്ള നഗരം. പരിഷ്ക്കാരം തഴച്ചു വളർന്ന പ്രദേശം. പ്രാചീന മാനവ സംസ്ക്കാരത്തിന്റെ കളിത്തൊട്ടിൽ. നാം ഇങ്ങനെയാണ് ഇംഗ്ലീഷ് വേദപുസ്തകത്തിൽ വായിക്കുന്നത്.

“The city is located in beautiful natural surroundings as you can se....” - Living Bible

“The situation of the city is pleasant" - Authorised King James Version.”

പക്ഷേ പ്രകൃതിഭംഗി ഇണങ്ങിയ, സൗന്ദര്യത്തികവാർന്ന, പരിഷ്ക്കാരകേന്ദ്രമായ ആ പട്ടണത്തിൽ സ്ത്രീകൾക്ക് ഗർഭ നാശം സംഭവിക്കുകയാണ്. കാരണം ആ പട്ടണത്തിലെ വെള്ളം ചീത്തയാണ്.

“But the water is bad and causes our women to have miscarriages." - Living Bible”

“But the water is bad and the ground barren" - Authorised King James Version.”

ശാപഗ്രസ്തമായ പട്ടണം! അതിലുള്ള സ്ത്രീകൾക്ക് സന്ത ത്യുൽപ്പാദന ഭാഗ്യമില്ല. ഭാവി തലമുറയെ കരുപ്പിടിപ്പിക്കാ നുള്ള ഭാഗ്യമില്ല. എന്തൊരു ദൗർഭാഗ്യം! അവർ ഗർഭിണിക ളാകും. പക്ഷേ ഗർഭം അലസിപ്പോകും. തുടരെത്തുടരെയുള്ള ഗർഭനാശം! Abortion! ദേശനിവാസികൾ നിരാശരായതിൽ അത്ഭുതമില്ലല്ലോ.

പരുശുദ്ധാത്മ തേജസ്സിൽ നിൽക്കുകയാണ് ഏലീശാ പ്രവാചകൻ. ദൈവപുരുഷനിൽ നിറഞ്ഞു നിൽക്കുന്ന പരി ശുദ്ധാത്മാവ് ആ ജനം പറഞ്ഞ ദയനീയ പരിദേവനം കേട്ടു.

ഉടനെ മറുപടി ഉണ്ടായി.

> "ഒരു പുതിയ തളിക കൊണ്ടുവന്ന് അതിൽ ഉപ്പ് ഇടുവിൻ." 2 രാജാക്കൻമാർ 2 : 20

ജനം ഒരു പുതിയ തളിക കൊണ്ടുവന്നു. അതിൽ ഉപ്പിട്ടു. പ്രവാചകൻ ആ തളികയുമായി നീരുറവിന്റെ അരികിലേക്ക് ചെന്നു. ആ പുതിയ തളികയിൽ വഹിച്ചുകൊണ്ടുവന്ന ഉപ്പ് നീരുറവിൽ ഇട്ടു. പ്രവാചകൻ തുടർന്നു പറഞ്ഞു :

> "...ഞാൻ ഈ വെള്ളം പഥ്യമാക്കിയിരിക്കുന്നു. ഇനി ഇതിനാൽ മരണവും ഗർഭനാശവും ഉണ്ടാകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."
> 2 രാജാ 2 : 21

പുതിയ തളികയിലെ ഉപ്പ് പ്രവാചകൻ വെള്ളത്തിൽ ഇട്ടു. അപ്പോൾ നിത്യനായ ദൈവം ആ വെള്ളത്തെ പഥ്യമാക്കി. സ്രഷ്ടാവ് സൃഷ്ടിയെ പഥ്യമാക്കി. "I have healed this water." കരുണയുള്ള കർത്താവ് ദേശത്തിന്റെ ശാപം മാറ്റി. സ്നേഹവാനായ ദൈവം ദേശത്തിന്റെ അനർത്ഥം മാറ്റി. കേടും കെടുതിയും മാറ്റി.

മാന്യദൈവപൈതലേ, ഇന്നു നീ ശാപകരമായ അവസ്ഥയിൽ വലഞ്ഞു കഴിയുകയാണോ? കഷ്ടങ്ങളും നഷ്ടങ്ങളും മൂലം നീ നിരാശപ്പെട്ടിരിക്കുകയാണോ? അടിക്കടിയുള്ള ആപത്തുകളും മാറിമാറിയുള്ള രോഗങ്ങളും മൂലം നീ വശംകെട്ടിരിക്കുകയാണോ? എങ്കിൽ ശാപത്തിനു പകരം അനുഗ്രഹം പകരുവാൻവേണ്ടി ഗോഗുൽത്തായിലെ കുരിശിൽ നിന്റെ ശാപമെല്ലാം ഏറ്റെടുത്ത് ശാപകരമായ മരണം വരിച്ച കർത്താവായ യേശുക്രിസ്തുവിനോട് എല്ലാം തുറന്ന്

പറയുക.

"ഒരു പുതിയ തളിക കൊണ്ടുവരുവിൻ." സ്നേഹിതാ, നിന്റെ ഹൃദയം പുതുതാകട്ടെ. പഴയ അശുദ്ധ വികാരങ്ങളും പാപമോഹങ്ങളും ലോക ഇമ്പങ്ങളും ഹൃദയത്തിൽ നിന്നും ജീവിതത്തിൽ നിന്നും പറിച്ചെറിഞ്ഞു കളഞ്ഞ് ഒരു പുതിയ സൃഷ്ടിയായി ക്രിസ്തുവിന്റെ പാദത്തിലണയുക.

ആഹാരത്തിന് രുചി വരുത്തുന്ന വസ്തുവാണ് ഉപ്പ്. അശുദ്ധിയും അഴുക്കും മാറ്റുന്നതാണ് ഉപ്പ്. ദീർഘകാലം കേടുവരാതെ സൂക്ഷിക്കുന്നതാണ് ഉപ്പ്. ചികിത്സയ്ക്കുതകുന്ന ലളിത വസ്തുവാണ് ഉപ്പ്. പുതിയ തളികയിൽ ഉപ്പിടുവിൻ, ആ ഉപ്പ് നീരുറവിൽ ഇട്ടു.

മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, ഒരു പുതിയ തളികയായി നിന്റെ ഹൃദയം മാറ്റുമോ? അതിൽ ക്രിസ്തുവിന്റെ സ്നേഹമാകുന്ന ഉപ്പിടുമോ? ആ ഉപ്പ് ശാപകരമായ വെള്ളത്തിലിടുമോ? എങ്കിൽ നിന്റെ ഭവനത്തിന്റെ ശാപം മാറും. നിന്റെ മക്കളുടെ ലക്കുകെട്ട ജീവിതം നേരെയാകും. മകളേ, നിന്റെ ഭർത്താവിന്റെ മദ്യപാനം മാറും. മകനേ, നിന്റെ ഭാര്യയുടെ കോപശീലം തെറിച്ചു പോകും. സ്നേഹിതാ, നിന്റെ അശുദ്ധ മോഹങ്ങളും മലിന ചിന്തകളും ദൂരെപ്പോകും. പൈശാചിക സ്വാധീനം നിന്റെ ഹൃദയത്തിൽ നിന്ന് വിട്ടുപോകും.

"ഞാൻ ഈ വെള്ളത്തെ പഥ്യമാക്കിയിരിക്കുന്നു." ശാപകരമായതെല്ലാം പഥ്യമാക്കാനാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. ഗലാത്യർ 3-ന്റെ 13ൽ പറയുന്നു.

> "മരത്തിൻമേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവനെന്ന് എഴുതിയിരിക്കുന്നതുപോലെ

ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു.”

ഇത് താങ്കൾ വിശ്വസിക്കുമോ? എങ്കിൽ പഴയ ജീവിതത്തോട് യാത്ര പറഞ്ഞ് ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുക. “നാഥാ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.” എന്ന് ക്രിസ്തുവിനോട് പറയുക.

കരുണയുള്ള കർത്താവേ, എന്റെ ശാപവും പാപവും മാറ്റാൻ ക്രൂശിൽ മരിച്ച രക്ഷകാ, അവിടത്തെ ആണിപ്പാടുള്ള കരങ്ങളിലേക്ക് ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു. നിന്റെ വിശുദ്ധിയിൽ എന്നെ നിലനിറുത്തേണമേ. അവിടത്തെ രണ്ടാമത്തെ വരവുവരെയും എന്നെ വിശുദ്ധിയിൽ പരിപാലിക്കണമേ.

# രണ്ട്

"ദൈവപുരുഷനായുള്ളോവേ, കലത്തിൽ മരണം."
2 രാജാക്കൻമാർ 4 : 40

എലീശാ ദൈവത്തിന്റെ പ്രവാചകനായിരുന്നു. ആത്മനിറവുള്ള പ്രവാചകൻ. ദൈവകരങ്ങളിൽ ഉപയോഗപ്പെട്ട പ്രവാചകൻ. ദൈവത്തിന്റെ ഭാവത്തോടെ ദൈവവേല ചെയ്ത ദൈവപുരുഷൻ. വിശ്വസ്തതയോടെ ദൈവവേല ചെയ്ത ദൈവദാസൻ.

ആ പ്രാചീന കാലത്ത് ദേശങ്ങൾ തോറും ചെറിയ ചെറിയ പ്രാർത്ഥനായോഗങ്ങളുണ്ടായിരുന്നു. ശമുവേൽ പ്രവാചകന്റെ കാലത്താണ് അത് തുടങ്ങിയത്. ഏറെക്കാലം ആത്മീയാന്ധകാരം വ്യാപിച്ചു കിടന്ന ദേശത്ത് ജനം ഉണരുവാൻ ശമുവേൽ ആരംഭിച്ചതായിരുന്നു ആ പ്രവാചക സ്കൂളുകൾ. ദർശനം ഏറെ കുറഞ്ഞുപോയ കാലം മാറ്റിയെടുക്കാൻ ദൈവം വഴിയൊരുക്കിയ മുഖാന്തിരങ്ങളായിരുന്ന അവ. മനുഷ്യർ ഓരോരുത്തൻ താന്താങ്ങൾക്ക് ബോധിച്ചതുപോലെ നടന്നകാലം അങ്ങനെ മാറിത്തുടങ്ങി.

ബേഥേലിലും ഗിൽഗാലിലും യറീഹോവിലും യോർദ്ദാനിലും തിശ്ബിയിലും ശീലോവിലും മറ്റും അങ്ങനെ പ്രവാചക സ്കൂളുകൾ തുടങ്ങി. ഇരുളിന്റെ മദ്ധ്യത്തിൽ പ്രകാശത്തിന്റെ കൂടി വരവുകൾ. പുതിയ ഉണർവ്വും വീക്ഷണവും ദർശനവും ലഭിച്ച ദൈവമക്കളുടെ കൂട്ടായ്മകൾ. പരിശുദ്ധാത്മ പ്രേരിതമായ ധീരമായ ചുവടുവെപ്പുകൾ.

ഒരിക്കൽ എലീശാ പ്രവാചകൻ ഗിൽഗാലിലെ പ്രവാചക സ്കൂളിൽ പോയി. അവിടെയുള്ള ദൈവമക്കൾ കൂടി വന്നു. ഇന്ന് ആനന്ദത്തിന്റെ സുദിനമല്ലേ? ആഹ്ലാദം ആഘോഷിക്കാം. ഒരു വിരുന്നൊരുക്കാം എന്ന് ദൈവപുരുഷൻ തീരുമാനിച്ചു.

ക്ഷാമകാലമായിരുന്നു അത്. ഒരു മൃഷ്ടാന്നഭോജനം ഒരുക്കാം എന്ന് ദൈവപുരുഷന് തോന്നി. ദൈവമക്കളുമൊരുമിച്ച് സമാധാനത്തോടെ വിരുന്നു കഴിയ്ക്കാനുള്ള ഒരാഗ്രഹം.

പ്രവാചകൻ ബാല്ല്യക്കാരനോടു പറഞ്ഞു :

> “നീ വലിയ കലം അടുപ്പത്തുവച്ച് പ്രവാചക ശിഷ്യൻമാർക്ക് പായസമുണ്ടാക്കുക.”
>
> 2 രാജാ. 4 : 38

രുചികരമായ പായസമുണ്ടാക്കാൻ ദൈവപുരുഷൻ പറഞ്ഞു. കൂടിവരവിന്റെ മധുരം പകരാൻ, എല്ലാവർക്കും പങ്കുവെയ്ക്കാനുള്ള ആഗ്രഹം.

ശരിയാണ്, ദൈവമക്കൾ കൂടി വന്നാൽ ഒരാനന്ദമുണ്ട്. ഒരു പ്രത്യേക ആഹ്ലാദമുണ്ട്.

ദാവീദ് പിൽക്കാലത്ത് പാടി :

"ഇതാ, സഹോദരൻമാർ ഒത്തൊരുമിച്ച് വസി ക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകു ന്നു.... അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത്."

സങ്കീർത്തനങ്ങൾ 133 : 1 – 3

പക്ഷേ ഒരപകടം പിണഞ്ഞു. ഒരുത്തൻ ചീര പറിപ്പാൻ വയലിൽ ചെന്നു. ചീരയാണെന്ന് ധരിച്ച് ചീരപോലിരിക്കുന്ന പേച്ചുര പറിച്ചു കൊണ്ടു വന്നു. അത് അരിഞ്ഞ് പായസക്ക ലത്തിൽ ഇട്ടു.

പായസമെല്ലാം തയ്യാറായി. പ്രവാചക ശിഷ്യൻമാർ ആഹ്ലാ ദത്തോടെ പന്തിപന്തിയായി ഇരുന്നു. പായസം അവർക്ക് വിളമ്പി.

പായസം കുടിക്കുന്നവർ, കുടിക്കുന്നവർ തുപ്പിക്കളയു ന്നു. പലരും ഛർദ്ദിക്കുന്നു. ആർക്കും അത് കുടിക്കാൻ കഴി ഞ്ഞില്ല. വിഷമുള്ള പേച്ചുര അതിൽ കലർത്തിയത് അപക ടമായിപ്പോയി.

പായസം കുടിക്കുമ്പോൾ അവർ നിലവിളിച്ചു.

"ദൈവപുരുഷനായുള്ളോവേ, കലത്തിൽ മരണം."

കലത്തിൽ മധുരം എന്ന് പ്രതീക്ഷിച്ചാണ് വിളമ്പിയത്. മധുരം നുകരാമല്ലോ എന്ന് വൻ പ്രതീക്ഷയോടെയാണ് കുടിച്ചത്. പക്ഷേ പ്രതീക്ഷയ്ക്ക് വിരുദ്ധമായി കലത്തിൽ മരണം.

ദൈവപൈതലേ, ഇത് നിന്റെ ജീവിതത്തിന്റെ അനുഭവമ ല്ലയോ? മധുരക്കിനാക്കൾ നെയ്തു തുടങ്ങിയ നിന്റെ ജീവിതം ഇന്ന് യാതനയിലും വേദനയിലുമല്ലയോ? ആർത്ത് ചിരിച്ച്

മോഹന പ്രതീക്ഷകളോടെ ആരംഭിച്ച ജീവിതം ഇന്ന് കണ്ണീരും കൈയുമല്ലയോ? പൊട്ടിച്ചിരികളോടെ തുടങ്ങിയ ജീവിതം ഇന്ന് ഏങ്ങലും തേങ്ങലും നെടുവീർപ്പുമായി അഴലുകയ ല്ലയോ?

"ദൈവപുരുഷനായുള്ളോവേ, കലത്തിൽ മരണം."

ഇതിനൊരു പരിഹാരമില്ലേ? സ്നേഹിതാ, പ്രിയ സഹോ ദരീ, ഇതിനൊരറുതിയില്ലേ? നിന്റെ കണ്ണീര് തോരുകയില്ലേ? നിന്റെ യാതന തീരുകയില്ലേ? ഈ കലത്തിലെ മരണം മാറാ നെന്തെങ്കിലും പോംവഴിയുണ്ടോ?

ഉണ്ട്. അവർ നിലവിളിച്ചു. പ്രശ്നം വരുമ്പോൾ ദൈവ ത്തോട് നിലവിളിക്കുകയല്ലാതെ എന്തു ചെയ്യും?

> "കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വ പ്പെടുത്തുകയും ചെയ്യും." സങ്കീർത്തനം 50 : 15

അവർ നിലവിളിച്ചു : "ദൈവപുരുഷനായുള്ളോവേ, കല ത്തിൽ മരണം."

"മാവു കൊണ്ടുവരുവിൻ" - ദൈവപുരുഷൻ പറഞ്ഞു. അവർ അതു കൊണ്ടുവന്നു. പ്രവാചകൻ അത് മരണമുള്ള കലത്തിൽ ഇട്ടു. ജീവിപ്പിക്കുന്ന മാവ് മരണമുള്ള കലത്തിൽ ഇട്ടു. എന്തൊരത്ഭുതം! മരണം വഴിമാറി! വിഷം സമ്പൂർണ്ണ മായി മാറിപ്പോയി!

ഈ മാവ് എന്തിന്റെ പ്രതീകമാണ്? ഗോഗുൽത്തായിലെ ചക്കിൽ ഇട്ട് തകർത്ത് പൊടിച്ചെടുത്ത കർത്താവായ യേശു ക്രിസ്തു. ക്രിസ്തു ഒരാളുടെ ഹൃദയത്തിൽ വരുമ്പോൾ ശാപങ്ങൾ പോകും. പാപം മാറും. കലത്തിലെ മരണം നീങ്ങിപ്പോകും.

ക്രിസ്തു ഹൃദയത്തിൽ വന്നാൽ ദുഷ്ടത മാറും, പിണക്കം മാറും. കുടുംബകലഹം മാറും, ദുസ്സ്വഭാവങ്ങൾ മാറും, അശുദ്ധ വികാരങ്ങൾ മാറും, വൈരാഗ്യം മാറും. തലമുറകളായുള്ള ശാപങ്ങൾ മാറും. ദുശ്ചിന്തകൾ മാറും. സകല പാപവും സകല അശുദ്ധിയും നിശ്ശേഷം നീങ്ങിപ്പോകും.

ഈ മഹത്തായ അനുഭവത്തിന്റെ സത്യസാക്ഷിയാണ് ഹൈറേഞ്ചസിൽ മൂന്നാറിനടുത്ത് ജോസ് ഗിരി എന്ന സ്ഥലത്ത് താമസിക്കുന്ന പാപ്പച്ചൻ.

പാപ്പച്ചന്റെ അനുഭവം ശ്രദ്ധേയമാണ്.

എല്ലാ വിധത്തിലും നശിച്ച ഒരു ജീവിതമായിരുന്നു എന്റേത്. എന്നും ഞാൻ മദ്യപാനം ചെയ്യുമായിരുന്നു. മദ്യ പിച്ച് ലക്കുകെട്ടുവന്ന് എന്റെ ഭാര്യയേയും മക്കളെയും ഞാൻ തല്ലുമായിരുന്നു. ഞാൻ വീട്ടിൽ വന്നു എന്ന് നാട്ടുകാരറിയു മായിരുന്നു, എല്ലാ രാത്രിയും. കാരണം ഞാൻ വീട്ടിൽ വന്നാൽ എന്റെ ഭാര്യയുടെയും മക്കളുടെയും കൂട്ടനിലവിളി ഉയരുമായിരുന്നു.

ഞാൻ കഠാരി എളിയിൽ തിരുകിയാണ് എല്ലായിടത്തും നടന്നിരുന്നത്. എന്തിന്, പള്ളിയിൽ പോകുമ്പോൾ പോലും കഠാരി എളിയിലുണ്ടായിരുന്നു.

കൂട്ടുകാരുകൂടി മദ്യപിച്ച് തെറിപ്പാട്ടു പാടി രസിക്കുകയും തികച്ചും ആഭാസകരമായ തെറിപ്പാട്ടുകൾ കാസറ്റിൽ റെക്കോർഡ് ചെയ്ത് പിന്നെയും കേൾക്കുകയും ചെയ്യുന്നത് ഞങ്ങൾക്ക് വലിയ രസമായിരുന്നു.

എനിക്ക് കഞ്ചാവ് കൃഷിയുണ്ടായിരുന്നു. എക്സൈസു കാർ കാണാതെ ഹൈറേഞ്ചു കുന്നിനപ്പുറം അനേകം മൈൽ കുന്നു കയറിപ്പോയി കഞ്ചാവ് കൃഷി ചെയ്തിരുന്നു. തന്നെ

യുമല്ല, കഞ്ചാവ് ഒളിച്ച് കടത്തി കോതമംഗലം, ആലുവ, എറണാകുളം മുതലായ സ്ഥലങ്ങളിൽ വില്പന നടത്തിയിരുന്നു. മദിച്ച്, പുളച്ച് നടന്നിരുന്ന കാലമായതുകൊണ്ട് എല്ലാത്തരം വഷളത്തങ്ങളിലും ഞാൻ മുഴുകി നടന്നിരുന്നു.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ഒരു പ്രാർത്ഥനാ യോഗത്തിൽ എന്റെ ഭാര്യ പോയി. “കലത്തിൽ മരണം” എന്ന് പറഞ്ഞതുപോലെ നിരാശയും ഭാരവുമായി വലഞ്ഞു കഴിഞ്ഞിരുന്ന അവൾക്ക് ദൈവവചനം കേട്ടപ്പോൾ ഒരു മാനസാന്തരം വന്നു. റിവൈവൽ ഫെല്ലോഷിപ്പിനു വരുന്ന ദൈവമക്കളെ അടിച്ചോടിക്കണമെന്ന് പറഞ്ഞ് അതിന് പ്ലാൻ തയ്യാറാക്കി ഇരുന്ന ഒരാളാണ് ഞാൻ. എന്റെ ഭാര്യയുടെ നിർബ്ബന്ധത്തിന് വഴങ്ങി മനസ്സില്ലാമനസ്സോടെ ഞാൻ ഒരു ദിവസം ആ പ്രാർത്ഥനാ യോഗത്തിന് പോയി. അന്ന് വചനം കേട്ടപ്പോൾ എന്റെ ഉള്ളം പൊട്ടിത്തകർന്നു. ഞാനന്ന് ജീവിതം യേശുവിന് കൊടുത്തു.

രാവും പകലും പോലുള്ള വ്യത്യാസമാണ് കർത്താവ് എനിക്ക് തന്നത്. മദ്യഷാപ്പിൽ കുടിച്ച് ബഹളവും വഴക്കും തല്ലും ഉണ്ടാക്കിയിരുന്ന റൗഡിയായ എന്നെ കർത്താവ് പാടേ മാറ്റി. ഇന്ന് എന്റെ വീട്ടിൽ പ്രാർത്ഥനായോഗം നടക്കുന്നുണ്ട്. എന്നും രാവിലെയും വൈകുന്നേരവും പാട്ടുപാടി, വേദപുസ്തകം വായിച്ച്, ഞങ്ങൾ പ്രാർത്ഥിക്കുന്നു. എന്നും ഞാൻ തല്ലിച്ചതച്ചുകൊണ്ടിരുന്ന എന്റെ ഭാര്യ ഇന്ന് പൂർണ്ണ സന്തോഷമായി കഴിയുന്നു.”

മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, കലത്തിലെ മരണം മാറ്റാൻ ക്രിസ്തു മതിയായവനെന്ന് നീ വിശ്വസിക്കുന്നുവോ? അവന്റെ തകർക്കപ്പെട്ട കരം നിന്റെ പാപങ്ങളും ശാപങ്ങളും നിശ്ശേഷം മാറ്റും എന്ന് നീ വിശ്വസിക്കുന്നുവോ? മരണം

മാറ്റി വീണ്ടും മധുരം തരാൻ ക്രിസ്തു ശക്തനെന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ നിന്റെ ജീവിതത്തിലേക്ക് ക്രിസ്തുവിനെ നീ എതിരേല്ക്കുക. സകല പാപവും പോക്കി ശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ശക്തി നീ അനുഭവിക്കുക. നിന്റെ സമീപത്ത് വന്ന് നില്ക്കുന്ന ക്രിസ്തുവിനോട് നിന്റെ തീരുമാനം നീ പറയുക :

“യേശുവേ, കാൽവറിയിൽ തകർത്ത് പൊടിക്കപ്പെട്ട മാവ് എന്റെ മരണമുള്ള ഹൃദയത്തിലേക്ക് പകരേണമേ. ഇന്നു മുതൽ, യേശുവേ, ഞാൻ നിന്റെ വക.”

നമുക്ക് പ്രാർത്ഥിക്കാം :

കർത്താവേ, എന്റെ ജീവിതത്തിന്റെ പാപവും അതിന്റെ ശമ്പളമായ മരണവും മാറ്റാൻ അവിടന്ന് ക്രൂശിൽ മരിച്ചതിനാൽ സ്തോത്രം. എന്റെ ജീവിതത്തിന്റെ കയ്പും വിഷവും ദോഷവും സമ്പൂർണ്ണമായി മാറ്റണമേ. നാഥാ, നീ എന്റെ ഹൃദയത്തിൽ വാഴണമേ.

# മൂന്ന്

"അയ്യോ, കഷ്ടം! യജമാനനേ, അത്
വായിപ്പ വാങ്ങിയതായിരുന്നു."
2 രാജാക്കൻമാർ 6 : 5

കോടാലികൊണ്ട് മരം മുറിക്കുകയായിരുന്നു. കോടാലി ഇളകിയാണ് ഇരുന്നിരുന്നത് എന്നത് അറിഞ്ഞില്ലായിരുന്നു. അത്രയ്ക്കങ്ങ് ശ്രദ്ധിച്ചില്ല.

യോർദ്ദാൻനദിയുടെ തീരത്തുനിന്നാണ് മരം മുറിച്ചുകൊണ്ടിരുന്നത്. കോടാലി ഊരിത്തെറിച്ചുപോയി. അത് തെറിച്ചു ചെന്ന് യോർദ്ദാൻ ആറ്റിൽ വീണു. പെരുവെള്ളത്തിൽ വീണപ്പോഴേ അത് സ്വാഭാവികമായും വെള്ളത്തിൽ താണുപോയി.

പ്രവാചക ശിഷ്യനാണ് മരം മുറിച്ചുകൊണ്ടിരുന്നത്. ആ കോടാലി വീണിടത്തേക്ക് നോക്കി അവൻ അമ്പരന്നു നിന്നു. പിന്നെ അവൻ പൊട്ടിക്കരഞ്ഞു. എലീശാപ്രവാചകന്റെ അടുത്തേക്ക് ഓടിച്ചെന്നു. അവൻ നിലവിളിച്ചുകൊണ്ട് പറഞ്ഞു.

"അയ്യോ, കഷ്ടം! യജമാനനേ, അത് വായ്പ വാങ്ങിയ

തായിരുന്നു.”

അനേകരിന്ന് നഷ്ടപ്പെട്ട കാര്യങ്ങളെ ഓർത്ത് വിങ്ങിക്ക രയുന്നവരാണ്. നഷ്ടം എത്ര വലുതോ, ചെറുതോ എന്നല്ല. നഷ്ടം നഷ്ടം തന്നെ.

ഏതെല്ലാം തരത്തിൽ നഷ്ടങ്ങളുണ്ട്. ബിസിനസ്സ് തകർന്ന്, പണമെല്ലാം നഷ്ടപ്പെട്ട്, കടവും പലിശയുമായി, വലഞ്ഞു കൊണ്ടിരിക്കുന്ന എത്രയോ ആളുകളുണ്ട്.

ഒരു തൊഴിൽ നേടാൻവേണ്ടി അല്പം ഭൂമിയുണ്ടായിരു ന്നത് വിറ്റു കിട്ടിയ രൂപ ഒരാളെ ഏല്പിച്ചു. തൊഴിലൊട്ടു കിട്ടിയുമില്ല, രൂപ നഷ്ടപ്പെടുകയും ചെയ്തു. ചതി പറ്റി പ്പോയി. ഉള്ള ഭൂമി വിറ്റു കളഞ്ഞു. കനത്ത നഷ്ടം! ഇന്ന് ഉള്ളരുകിക്കഴിയുകയാണ്.

വളരെ മാന്യമായ ഒരു തൊഴിലുണ്ടായിരുന്നു. ചില കുബുദ്ധികൾ വെച്ച കെണിയിൽ കുടുങ്ങി. ഇന്നിതാ ഉദ്യോഗം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ന് ജീവിക്കാൻ മാർഗ്ഗമില്ലാതെ വല യുകയാണ്.

ആരോഗ്യം നഷ്ടപ്പെട്ട അവസ്ഥയിൽ കഴിയുന്നവർ. നല്ല കരുത്തുള്ള ശരീരമായിരുന്നു. മാരകമായ രോഗം ബാധിച്ചു. ചികിത്സകൾ പലതു ചെയ്തു. എല്ലാം നിഷ്പ്രയോജനം.

ഇങ്ങനെ എന്തെല്ലാം നഷ്ടങ്ങൾ!

മാതാപിതാക്കൾ നഷ്ടപ്പെട്ടു പോയവർ, ഭാര്യ നഷ്ടപ്പെ ട്ടവർ, ഭർത്താവ് നഷ്ടപ്പെട്ടവർ, മക്കൾ നഷ്ടപ്പെട്ടവർ, മാനം നഷ്ടപ്പെട്ടവർ, പേരും പെരുമയും നഷ്ടപ്പെട്ടവർ – ഇങ്ങനെ ഏതെല്ലാം തരത്തിൽ നഷ്ടങ്ങളിൽ ദു:ഖിച്ചും നിരാശപ്പെട്ടും കഴിയുന്നവർ!

ഇവിടെ പ്രവാചക ശിഷ്യന് നഷ്ടപ്പെട്ടത് കോടാലിയാണ്. കോടാലി ഇളകിയിരിക്കുന്നു എന്നറിയാതെപോയി. വേലയുടെ തിരക്കിൽ ആയുധം  അത്രതന്നെ ശ്രദ്ധിച്ചില്ല.

അനേകം  ദൈവവേലക്കാരും ഇങ്ങനെയാണ്. വേലയുടെ ആയുധം ശരിയായിട്ടാണോ ഇരിക്കുന്നത് എന്നറിയാതെ ശുശ്രൂഷ ചെയ്യും. ശുശ്രൂഷയുടെ തിരക്കാണ്. ഓടിനടന്നുള്ള വേലയും ശുശ്രൂഷകളും. കോടാലി ഊരിത്തെറിച്ചു പോകും.

ചില ശുശ്രൂഷകൻമാർ വേല ചെയ്തുകൊണ്ടിരിക്കും. കോടാലി ഊരിപ്പോയതറിയില്ല.  കാരണം, കോടാലി പോയതിനുശേഷം വെട്ടിക്കൊണ്ടിരുന്നാൽ നല്ല ശബ്ദം കേൽക്കും. തടി ഒട്ടും മുറിയുകയില്ല. നിഷ്പ്രയോജനമായ അദ്ധ്വാനം.

എന്നാൽ പ്രവാചക ശിഷ്യന് മനസ്സിലായി നഷ്ടം സംഭവിച്ചു എന്ന്. അവർ നിരാശപ്പെട്ടുകൊണ്ടിരുന്നില്ല. അവർ വേഗം ദൈവപുരുഷന്റെ അരികിലേക്ക് ഓടിച്ചെന്നു. അവർ ഏങ്ങലടിച്ച് കരയാൻ തുടങ്ങി.

> "...അയ്യോ, കഷ്ടം! യജമാനനേ, അത് വായിപ്പ വാങ്ങിയതായിരുന്നു എന്നു അവർ നിലവിളിച്ചു."
> 2 രാജാ 6 : 5

അവന്റെ നഷ്ടം അവൻ പ്രവാചകനോട് തുറന്നു പറഞ്ഞു. അത് വായ്പ വാങ്ങിയതായിരുന്നു എന്ന് വിശദമായി ബോധിപ്പിച്ചു.

സ്നേഹിതാ, നിന്റെ കഴിഞ്ഞകാല നഷ്ടങ്ങളുടെ വേദനയും പേറി ക്രിസ്തുവിന്റെ അരികിലേക്ക് ഒന്നു വരുമോ? നിന്റെ ഉള്ളു തകർന്ന് അരുമനാഥനോട് നിന്റെ വേദന ഒന്ന

റിയിക്കുമോ?

> “എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു; എന്റെ ദൈവത്തോട് നിലവിളിച്ചു. അവൻ തന്റെ മന്ദിരത്തിൽനിന്ന് എന്റെ അപേക്ഷ കേട്ടു. തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി.”
>
> സങ്കീ. 18 : 6

സങ്കീർത്തനം 57-ന്റെ 2-ൽ വായിക്കുന്നു.

> “അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ.”

ഇങ്ങനെ ആയുധം നഷ്ടപ്പെട്ടു എന്നറിയാതെ വേല ചെയ്തുകൊണ്ടിരുന്ന ഒരാളാണ് ഇന്ന് എറണാകുളം റിസർവ് ബാങ്കിൽ ഓഫീസറായി ജോലി ചെയ്യുന്ന ശ്രീ. എ.എം. പൗലോസ്.

കോലഞ്ചേരി കേളേജിൽനിന്ന് ഡിഗ്രിയ്ക്ക് കേരള യൂണിവേഴ്സിറ്റി ഒന്നാം റാങ്കു നേടി, സ്വർണ്ണമെഡൽ നേടിയ ഒരാളാണ് പൗലോസ്. മഹാരാജാസ് കോളേജിൽനിന്ന് എം.എ. ഡിഗ്രി (കേരള യൂണിവേഴ്സിറ്റി) രണ്ടാം റാങ്കോടെ എടുത്തതിനുശേഷമാണ് റിസർവ് ബാങ്കിൽ ജോലി നേടിയത്. പൗലോസിന്റെ സ്വന്തം വാക്കുകളിൽ ആത്മീയ ജീവിതത്തിന്റെ അനുഭവങ്ങൾ നമുക്ക് കേൾക്കാം.

സാമ്പത്തികമായ വളരെ താണ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. പലപ്പോഴും ആഹാരം കഴിച്ചുകൊണ്ട് കോളേജിൽ പോകാൻ സാധിച്ചിരുന്നില്ല. പട്ടിണിയിലും ഞെരുക്കത്തിലും

കൂടിയാണ് ഞാൻ വളർന്നു വന്നത്.

ഞാൻ കോലഞ്ചേരി കോളേജിൽ പഠിച്ചുകൊണ്ടിരുന്ന പ്പോൾ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ വചന ശുശ്രൂഷയിൽ പങ്കെടുത്തു. തീരെ അവശനും നിരാശനു മായി കഴിയുമ്പോഴാണ് ഞാൻ ആ വചനം കേട്ടത്. ആ തിരുവചനം എന്റെ ഹൃദയത്തെ സ്പർശിച്ചു.

എനിക്ക് വലിയൊരു സമാധാനം ലഭിച്ചു. “ഞാൻ നിന്നെ വാലല്ല, തലയാക്കും” എന്ന വചനം എന്നെ ഇളക്കിമറിച്ചു. ഞാൻ എന്റെ ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു. അതോടെ എന്റെ പഠനം, ബുദ്ധി, കുടുംബപശ്ചാത്തലം എന്നിവയ്ക്കെല്ലാം വലിയ മാറ്റമുണ്ടായി.

ആത്മീയമായ ഒരു ലഹരി എന്നെ ബാധിച്ചു. ക്രിസ്തുവി നുവേണ്ടി എരിയണം എന്ന വലിയ ദാഹമെനിക്കുണ്ടായി. ഞാൻ ക്രിസ്തുവിനെ സാക്ഷിക്കാൻ തുടങ്ങി. വിക്ക് മൂലം സംസാരിക്കാൻ പ്രയാസമുണ്ടായിരുന്ന എനിക്ക് തിരുവചനം പറയാനുള്ള കൃപയും ശക്തിയും കർത്താവ് തന്നു. എന്റെ നാവിന്റെ കെട്ടും കർത്താവ് അഴിച്ചു തന്നു. എന്നെ കർത്താ വിന്റെ ഒരു വേലക്കാരനാക്കി.

തുടർന്നുള്ള അനുഭവമെന്തായിരുന്നു?

അവിടെയാണ് എന്റെ നഷ്ടത്തിന്റെ കഥ പറയാനുള്ളത്. ഞാൻ അറിയാതെ പരിശുദ്ധാത്മ കൃപയും തേജസ്സും എന്നിൽനിന്ന് മാറിപ്പോയി. സ്വയ പ്രശംസയും സ്ഥാനമോ ഹവും മനുഷ്യരുടെ മുന്നിൽ പരിഗണിക്കപ്പെടാനുള്ള ആഗ്ര ഹവും എന്റെ ഉള്ളിൽ കടന്നുവന്നു. Ego അല്ലെങ്കിൽ സ്വയം, എന്നെ കീഴടക്കി. അതോടെ കോടാലി എന്നിൽനിന്ന് തെറി ച്ചുപോയി.

ദാവീദ് എല്ലാം വീണ്ടെടുത്തു എന്ന് തിരുവചനത്തിൽ കാണുന്നുണ്ടല്ലോ. നഷ്ടപ്പെട്ടതെല്ലാം തിരികെ കിട്ടണമെന്ന് വാഞ്ഛിച്ച് ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. ഉപവാസ ത്തോടെ ഞാൻ പ്രാർത്ഥിച്ചു. നഷ്ടം പറ്റിപ്പോയി എന്ന് സമ്മതിച്ചുകൊണ്ട് ഞാൻ പ്രാർത്ഥിച്ചു. കരുണയുള്ള കർത്താവ് എനിക്കെല്ലാം തിരികെ തന്നു. ഇനിയും നഷ്ട ങ്ങൾ വരല്ലേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കാരണം നഷ്ട ങ്ങൾ സംഭവിക്കാൻ ഇനിയും സാദ്ധ്യതയുണ്ടല്ലോ.

ശ്രീ. എ.എം. പൗലോസിനെപ്പോലെ നഷ്ടപ്പെട്ടതെല്ലാം തിരികെ ലഭിക്കണമെന്ന്, മാന്യ ദൈവപൈതലേ, നീ ആഗ്ര ഹിക്കുന്നുവോ? എങ്കിൽ ഉടയവന്റെ തിരുസന്നിധിയിലേക്ക് നീ ഓടി അണയുവിൽ.

സ്നേഹിതാ, നിനക്ക് നഷ്ടമായതെല്ലാം തിരികെ തരാ നാണ് അവൻ ക്രൂശിൽ എല്ലാം ത്യജിച്ചത്. മുപ്പത്തിമൂന്നര വയസ്സിൽ തന്റെ ജീവിതം അവൻ കുരിശിൽ ത്യജിച്ചു. ജന മദ്ധ്യേയുള്ള അംഗീകാരവും പ്രശസ്തിയും അവൻ ത്യജി ച്ചു. മാനപാത്രമായവൻ നിന്ദാപാത്രമായി. അഗ്നിമയൻമാർ വിറയലോടെ ആരാധിക്കുന്നവൻ ആക്ഷേപവും പരിഹാസവും സന്തോഷത്തോടെ ഏറ്റുവാങ്ങി. ബഹുമാനിക്കപ്പെടേണ്ടവൻ അപമാനിതനായി.

ക്രോബേ സ്രോഫകൾ തൻസവിധംവിട്ടവതരണം ചെയ്ത് കന്യക തന്നുദരത്തിൽ വാണവൻ, ആദാമ്യരെ സാത്താ ന്റെയും മൃതിയുടെയും അടിമത്തത്തിൽനിന്ന് ഉദ്ധരിപ്പാൻ മെയ്യേന്തിയ വീരനാം ദൈവം മനുഷ്യരാൽ ക്രൂശിക്കപ്പെട്ടു.

പ്രിയ ദൈവപൈതലേ, നീ ഇപ്പോൾ നിന്റെ ജീവിതം ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് ഏല്പിച്ചു കൊടുക്കുമോ? നഷ്ടപ്പെട്ടതെല്ലാം അവൻ തിരികെ തരും.

നഷ്ടപ്പെട്ട സ്നേഹം തിരിച്ചു തരും. നഷ്ടപ്പെട്ട വിശുദ്ധി തിരിച്ചു തരും. നഷ്ടപ്പെട്ട തേജസ്സ് തിരിച്ചു തരും. നഷ്ടപ്പെട്ട ശുശ്രൂഷ തിരിച്ചു തരും. നഷ്ടപ്പെട്ട ശക്തി തിരിച്ചു തരും.

പ്രവാചക ശിഷ്യൻ ദൈവപുരുഷനോട് നിലവിളിച്ചു. ആവലാതി ബോധിപ്പിച്ചു. പ്രവാചകൻ ചോദിച്ചു:

“അതെവിടെ വീണു?”

എവിടെയാണ് നഷ്ടം പറ്റിയതെന്ന് കൃത്യമായി പറയണം. തുറന്നു പറയണം.

അവൻ ആ സ്ഥലം പ്രവാചകനെ കാണിച്ചു. പ്രവാചകൻ ഒരു കോൽ വെട്ടി അവിടെ എറിഞ്ഞു. ആ ഇരുമ്പ് പൊങ്ങി വന്നു. 2 രാജാക്കന്മാർ 6 : 6 – 7

എന്തൊരത്ഭുതം! ഇരുമ്പ് വെള്ളത്തിൻമേൽ പൊങ്ങിവന്നു. ശാസ്ത്രം സമ്മതിക്കുമോ? വെള്ളത്തിനു മീതെ ഇരുമ്പ് പൊങ്ങിവരാനാകുമോ? ഓളങ്ങൾ അത് നീക്കി കരയോടടുപ്പിച്ചു. പ്രവാചക ശിഷ്യൻ കൈ നീട്ടി, അതെടുത്തു.

പ്രിയനേ, നിന്റെ ജീവിതത്തിൽ അത്ഭുതം നടക്കും. കൈമോശം വന്നത് നിന്റെ കൈയിൽ തിരികെ കിട്ടും. നഷ്ടപ്പെട്ടത് നിത്യനായ ദൈവം നിനക്കു തിരികെ തരും. ചരിത്രത്തിലെ അത്ഭുതം നിന്റെ ജീവിതത്തിൽ നടക്കും.

“ഞാൻ പലർക്കും ഒരത്ഭുതം ആയിരിക്കുന്നു” എന്ന് നീ പറഞ്ഞുപോകും. സങ്കീ. 71:7. അതിന് നീ ദാഹിക്കുന്നുവോ? എങ്കിൽ ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിൽ നിന്നെത്തന്നെ സമർപ്പിക്കുക. “യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.” ക്രിസ്തുവിനോടു പറയുക.

"യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും."

പ്രാർത്ഥിക്കാം. നാഥാ, നഷ്ടപ്പെട്ടതെല്ലാം തിരികെ തരാമെന്ന് വാക്ക് തന്നതിനാൽ സ്തോത്രം. എന്റെ നഷ്ടം തീർക്കാൻ നീ കുരിശിൽ നഷ്ടം സഹിച്ചതിനാൽ സ്തോത്രം. എനിക്ക് സ്വർഗ്ഗം തരാൻ നീ സ്വർഗ്ഗം വെടിഞ്ഞ് നരകവേദന ഏറ്റതിനാൽ സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

# നാല്

"തല പൊക്കി ചുറ്റും നോക്കുക."
യെശയ്യാ 49 : 18, 60 : 4

അനേകരിന്ന് തല താഴ്ത്തി ഇരിക്കയാണ്. തലയെടുപ്പോടെ നടപ്പാനാകാതെ തളർന്നവശരായി കഴിയുകയാണ്. ദു:ഖവും മ്ലാനതയും തളം കെട്ടി, ദൃഷ്ടി കുമ്പിട്ട്, നിരാശാഭരിതരായി വലയുകയാണ്.

പല പല കാരണങ്ങളാൽ ഇന്ന് മനുഷ്യർ തല താഴ്ത്തി ഇരിക്കയാണ്.

ഒരു കാലത്തുണ്ടായിരുന്ന ഭൗതികമായ സമൃദ്ധിയും ഐശ്വര്യവും നഷ്ടപ്പെട്ടവരുണ്ട്. പണ്ടുണ്ടായിരുന്ന സാമ്പത്തിക സൗകര്യങ്ങൾ നഷ്ടപ്പെട്ട് കടഭാരത്തിൽ വലയുന്നവരുണ്ട്.

നല്ല ആരോഗ്യവും സൗന്ദര്യവും ഉണ്ടായിരുന്നവർ - ഇന്ന് രോഗം ബാധിച്ച്, ശരീരം ഉടഞ്ഞ്, പ്രാകൃത രൂപമായി

കഴിയുന്നവരുണ്ട്.

നല്ല ശോഭനമായി ജീവിച്ച കാലമുണ്ടായിരുന്നു. മാന്യ മായ ജോലിയും നല്ല വരുമാനമാർഗ്ഗവും സമൂഹത്തിൽ നിലയും വിലയുമുണ്ടായിരുന്നു. ഇന്ന് അതെല്ലാം പൊയ്പ്പോ യി. തല താഴ്ത്തി ഇരിക്കയാണ്.

കുടുംബജീവിതം തളിർത്ത്, ആനന്ദം അലതല്ലിക്കഴിഞ്ഞ കാലം. ഇന്ന് ഭാര്യയും ഭർത്താവും തമ്മിൽ ഭിന്നതയായി. ഇതാ, വിവാഹമോചനത്തിന്റെ വക്കോളം എത്തിയിരിക്കുക യാണ്. തല കുമ്പിട്ടിരിക്കുന്നു.

ഒപ്പം പഠിച്ചവർ നല്ല നിലയിലായി. ഇതുവരെയും ഒരു തൊഴിൽ കിട്ടിയില്ല. ഇനി കിട്ടുമെന്നുള്ള പ്രതീക്ഷയും അറ്റു. നിരാശയോടെ തലകുനിച്ചിരിക്കയാണ്.

ഇണക്കിളികളെപ്പോലെ കൊക്കുരുമ്മി രസിച്ചുല്ലസിച്ചിരുന്ന സൗഭാഗ്യകാലമുണ്ടായിരുന്നു. ഇന്നോ? ഏറ്റവും പ്രിയപ്പെട്ട തിനെ മൃത്യു റാഞ്ചിക്കൊണ്ടുപോയി. അകംനൊന്ത്, ഉള്ളുരു കി, ഏകാകിയായി തലതാഴ്ത്തി ഇരിക്കുകയാണ്.

മാന്യ സ്നേഹിതാ, താങ്കൾ ഇന്ന് നിരാശയും മ്ലാനതയും കരി നിഴൽ വീശി, തളർന്ന് വിവശനായി തല താഴ്ത്തി ഇരിക്കയാണോ? എങ്കിൽ കരുണയുള്ള ക്രിസ്തു താങ്കളോട് അരുളിച്ചെയ്യുന്നു :

“തല പൊക്കി ചുറ്റും നോക്കുക.” യെശ്ശയാ 49 : 18, 60 : 4 ആനന്ദവും ഐശ്വര്യവും എഴുന്ന മാസങ്ങളും അബ്ദ ങ്ങളും നിനക്കു തരാം എന്നത്രേ ക്രിസ്തു അരുളിച്ചെയ്യുന്ന ത്.

കെടുതിയുടെ ഉടമയായ ദുഷ്ടപ്പിശാചിനെ നിന്നിൽനിന്ന്

വിദ്ധ്വംസിച്ചകറ്റി, നറുനാമ്പ് കിളിർക്കുന്ന, പുതുവസന്തങ്ങൾ വിരിയിച്ചു തരാമെന്നത്രേ ക്രിസ്തു കല്പിക്കുന്നത്.

എന്തിനായിട്ടാണ് തല പൊക്കി നോക്കുന്നത്.?

ഒന്ന്, Promise ലഭിക്കാൻ – ദൈവിക വാഗ്ദത്തം പ്രാപിക്കാൻ.

> "ലോത്ത് അബ്രാഹാമിനെ വിട്ടുപിരിഞ്ഞ ശേഷം യഹോവ അബ്രാഹാമിനോട് അരുളി ചെയ്തത്. തല പൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും. ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ ആക്കും. ഭൂമിയിലെ പൊടിയെ എണ്ണുവാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം."          ഉല്പത്തി 13 : 14

എത്ര മനോഹരമായ വാഗ്ദത്തം! എന്ത് പ്രത്യാശാദായകമായ വാഗ്ദത്തം ! Promise

അബ്രാഹം ദു:ഖിതനായി തല താഴ്ത്തി ഇരിക്കുകയായിരുന്നു. ലോത്ത് വിട്ടു പിരിഞ്ഞു. ലോത്ത് നീരോട്ടമുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് സ്വന്തമാക്കി. സഹോദരപുത്രനായ ലോത്ത് ഇത്രകാലം ഒരുമിച്ച് യാത്ര ചെയ്തവനായിരുന്നു.

സഹയാത്രികൻ വിട്ടു പോകുന്നത് വ്യസനകരം തന്നെയാണ്. ഇതുവരെ കൂട്ടായ്മയിൽ ചേർന്നു നടന്നവൻ വിട്ടുമാറി. അബ്രാഹാമിന് ഏകാന്തതാബോധം. ഒറ്റപ്പെട്ടു പോയല്ലോ എന്ന വിഷാദം.

മാന്യ സ്നേഹിതാ, കൂടെയുണ്ടായിരുന്നവർ അകന്നു മാറിയതിൽ മനം നൊന്ത്, ചിന്താകുലനായി താങ്കൾ കഴിയുകയാണോ? എങ്കിൽ കരുണയുള്ള ക്രിസ്തു പറയുന്നു :

"തല പൊക്കി നോക്കുക."

ലോത്ത് തെരഞ്ഞെടുത്ത് സ്വന്തമാക്കിയതിനുശേഷവും ധാരാളം സ്ഥലങ്ങളുണ്ട്. ഇതെല്ലാം ആർക്കുവേണ്ടി ഞാൻ സമ്പാദിക്കണം എന്ന ചിന്തയും അബ്രാഹാമിനെ അലട്ടി. "മക്കളില്ലാത്ത എനിക്കെന്തിന് ഇക്കണ്ട ഭൂമിയെല്ലാം?"

അപ്പോഴാണ് നിത്യനായ ദൈവം അരുളിച്ചെയ്യുന്നത് :

"നീ തല പൊക്കി നോക്കുക. നീ കാണുന്ന ഭൂമിയൊക്കെയും നിനക്കും നിന്റെ സന്തതിക്കും നല്കും."

എന്തുദാത്തമായ വാഗ്ദത്തം! സ്നേഹിതാ, താങ്കൾക്ക് ചില കരുത്തുറ്റ വാഗ്ദത്തങ്ങൾ തരുവാൻ ദൈവം ആഗ്രഹിക്കുന്നു. ആശയറ്റുപോയ ചില കാര്യങ്ങളിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തുന്ന വാഗ്ദാനങ്ങൾ.

ഏറ്റവും വലിയ വാഗ്ദത്തമെന്താണ്? നിത്യജീവൻ.

> "ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം, നിത്യജീവൻ തന്നേ." 1 യോഹ 2 : 25

നിത്യനരകയോഗ്യനായ മനുഷ്യനെ നിത്യസ്വർഗ്ഗത്തിലിരുത്താമെന്ന് ഉറപ്പു തരുന്ന സ്വർഗ്ഗീയ വാഗ്ദത്തം. പാപം മൂലം നാശയോഗ്യനായിത്തീർന്ന മനുഷ്യനെ നിത്യസ്വർഗ്ഗീയ മഹത്വത്തിൽ എത്തിക്കാമെന്നുള്ള ദൈവിക വാഗ്ദത്തം.

അതേ, സ്നേഹിതാ, നിനക്കു മാത്രമല്ല, നിന്റെ സന്തതി പരമ്പരകൾക്കും വരുംകാല തലമുറകൾക്കും അനുഗ്രഹം.

ഒന്ന്, തല പൊക്കി നോക്കുന്നത് ദൈവിക വാഗ്ദത്തം പ്രാപിക്കാൻ – Promise.

രണ്ട്, Dedication – സമർപ്പണം.

> "അബ്രാഹം തല പൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നില്ക്കുന്നതു കണ്ടു... അടിയനെ കടന്നു പോകരുതേ.... ഞാൻ ഒരു മുറി അപ്പം കൊണ്ടുവരാം, വിശപ്പ് അടക്കീട്ട് നിങ്ങൾക്കു പോകാം." ഉല്പത്തി 18 – 2 : 9

അബ്രാഹാമിന് സന്തതി ജനിക്കുമെന്ന് വാഗ്ദത്തം ലഭിച്ചത് എഴുപത്തഞ്ചാമത്തെ വയസ്സിലാണ്. വയസ്സിപ്പോൾ തൊണ്ണൂറ്റൊമ്പതായി. നീണ്ട ഇരുപത്തിനാലു വർഷത്തെ കാത്തിരിപ്പ്.

വാഗ്ദത്തം നിറവേറിയില്ല. ശരീരം ക്ഷീണിച്ചു. ജരാനരകൾ. കടുത്ത വാർദ്ധക്യം. തികഞ്ഞ അവശത. മനസ്സും ക്ഷീണിച്ചു.

ഒരു കാലത്ത് ലഭിച്ച അനുഗ്രഹങ്ങൾ എവിടെ? പണ്ടത്തെ കൃപകൾ എവിടെ? സ്വർഗ്ഗീയ പ്രത്യക്ഷതകൾ എവിടെ? ദൈവിക വാഗ്ദത്തങ്ങൾ എവിടെ?

അബ്രാഹം തല താഴ്ത്തി കൂടാരവാതില്ക്കലിരിക്കയാണ്. അപ്പുറത്ത് അകത്തു നിന്ന് നെടുവീർപ്പുകൾ, വിതുമ്പലുകൾ കേൾക്കാം. അത് എൺപത്തൊമ്പത് വയസ്സായ ഭാര്യ സാറായുടേയാണ്.

മൂന്നു പുരുഷന്മാർ അബ്രാഹാമിന്റെ കൂടാരവാതില്ക്കൽ വന്നു നിൽക്കയാണ്. എത്ര നേരമായി നിത്യനായ ദൈവം തന്റെ പ്രിയ സ്നേഹിതനെ സന്ദർശിക്കാൻ, അനുഗ്രഹി

ക്കാൻ വന്നു നിൽക്കുന്നു. ഇരുപത്തിനാലു വർഷം മുമ്പ് ദൈവം അബ്രാഹാമിനോട് പറഞ്ഞ വാക്ക്, ദൈവം മറന്നില്ല.

അബ്രാഹം ഒന്നു തലപൊക്കിയിട്ടു വേണ്ടേ ദൈവത്തെ കാണാൻ? ഭാഗ്യം! അബ്രാഹം തല പൊക്കി നോക്കി. നിത്യ പരിശുദ്ധനായ ദൈവം ഭൂമിയിലെ നിസ്സാരനായ മനുഷ്യന്റെ കൂടാരവാതില്ക്കൽ വന്ന് കാത്തുനില്ക്കുന്നത് കണ്ടു.

അബ്രാഹം ഓടിച്ചെന്നു. നിലംവരെ കുനിഞ്ഞു. സാഷ്ടാംഗം നമസ്ക്കരിച്ചു. "ഒരു മുറി അപ്പം കൊണ്ടുവരാം" എന്നാണ് പറയുന്നത്.

സ്നേഹിതാ, ഒരു മുറി അപ്പമേ ഇന്ന് നിന്റെ കൈവശമുള്ളൂ. പലതും പലതും മുറിച്ചെടുത്തതിനുശേഷം ബാക്കി ഒരു മുറി അപ്പം. പലതരം ദോഷങ്ങൾക്കും പാപങ്ങൾക്കും വിട്ടു കൊടുത്ത് നല്ല ഭാഗം പാഴാക്കിക്കളഞ്ഞ ജീവിതം.

ബാക്കിയുള്ളത് നീ ഇപ്പോൾ ക്രിസ്തുവിന്റെ പാദത്തിൽ അർപ്പിക്കുമോ? കഴിഞ്ഞത് എങ്ങനെ എന്നല്ല, ഇനിയെന്ത് എന്നാണ് ക്രിസ്തു നമ്മോട് ചോദിക്കുന്നത്.

അടുത്ത ഒരു വർഷത്തിനകം ഒരു മകനെ കിട്ടും എന്ന വാഗ്ദത്തം ദൈവം നൽകി. ദൈവം അബ്രാഹാമിനെ അനുഗ്രഹിച്ചു.

മൂന്ന്, തല പൊക്കി നോക്കുന്നത് ദൈവിക കരുതൽ അനുഭവിപ്പാൻ – Provision.

> "അബ്രാഹം തല പൊക്കി നോക്കിയപ്പോൾ പിമ്പുറത്ത് ഒരു ആട്ടു കൊറ്റൻ.... ഹോമയാഗം കഴിച്ചു." ഉല്പത്തി 22 : 13

മൂന്നു ദിവസം മുമ്പ് പുറപ്പെട്ടതാണ്. വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ഭാര്യയോടു പറഞ്ഞില്ല, മകനെ യാഗം കഴിക്കാൻ പോകയാണെന്ന്. ചിന്തിക്കാൻ ധാരാളം സമയം. വികാരത്തിന്റെ വേലിയേറ്റത്തിൽ ധൃതഗതിയായി ഒന്നും ചെയ്യരുത്. നല്ലപോലെ ചിന്തിച്ച് തീരുമാനിച്ചാൽ മതി.

ദൈവകല്പന അനുസരിക്കണമോ? മകനെ യാഗം അർപ്പിക്കണമൊ? നല്ല ഉറപ്പായിരുന്നു തീരുമാനം.

യാഗപീഠം ഒരുക്കി, വിറക് അടുക്കി, മകനെ കാലും കൈയും കെട്ടി വിറകിൻമീതെ കിടത്തി, കത്തി ഉയർത്തി.

"അബ്രാഹാമേ, അബ്രാഹാമേ, ബാലന്റെ മേൽ കൈവെയ്ക്കരുത്." ദൈവത്തിന്റെ തിടുക്കപ്പെട്ട സ്വരം.

അനുസരിച്ച ദൈവപൈതൽ ദൈവതിരുമ്പാകെ വിനയപൂർവ്വം, ഭയഭക്തിയോടെ, തല താഴ്ത്തി നില്ക്കയാണ്.

പെട്ടെന്നോർത്തു, യാഗപീഠം ഒരുക്കിയല്ലൊ. വിറക് അടുക്കിയല്ലൊ. യാഗം കഴിക്കണമല്ലൊ. തല പൊക്കി നോക്കിയപ്പോൾ ഒരു ആട്ടുകൊറ്റൻ. അതിനെ യാഗം കഴിച്ചു. ദൈവത്തിന്റെ കരുതൽ – Provision.

മാന്യ സുഹൃത്തെ, നിനക്കുവേണ്ടി കരുതാൻ ഒരു ദൈവമുണ്ടെന്ന് നീ വിശ്വസിക്കുന്നുവോ?

നാലാമതായി, Evangelisation – സുവിശേഷ വേല.

> "നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾത്തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നത് കാണും." യോഹ. 4 : 35

ശമര്യാസ്ത്രീയുടെ മാനസാന്തരവും സാക്ഷ്യവും ശമര്യ

യിൽ ഒരു ചലനമുണ്ടാക്കി. അവൾ അനേകരെ ക്രിസ്തുവി നരികിലേക്ക് കൊണ്ടു വരികയാണ്.

എട്ടുംപൊട്ടും തിരിയാത്ത ജനം. ഇടംകൈയ്യും വലം കൈയ്യും തിരിച്ചറിയാൻ പാടില്ലാത്ത പാവങ്ങൾ. അവരെ രക്ഷിതാവിങ്കലേക്ക് നയിക്കാൻ ആരുണ്ട്?

> "കൊയ്ത്തു വളരെയുണ്ട്, സത്യം, വേലക്കാ രോ, ചുരുക്കം." മത്തായി 9 : 37

സ്നേഹിതാ, കർത്താവിന്റെ വേലയ്ക്കായി നീ നിന്നെ ത്തന്നെ വേർതിരിക്കുമോ?

അഞ്ചാമതായി, Second Advent ക്രിസ്തുവിന്റെ രണ്ടാ മത്തെ വരവ്.

> "അവൻ തല പൊക്കി നോക്കി, ഒട്ടകങ്ങൾ വരുന്നതു കണ്ടു. റിബേക്കയും തല പൊക്കി യിസ്ഹാക്കിനെ കണ്ടു." ഉല്പത്തി 24 : 64

കാര്യസ്ഥനായ ഏലിയാസാർ യിസ്ഹാക്കിനുവേണ്ടി ഒരു മണവാട്ടിയെ ഒരുക്കിക്കൊണ്ടുവരാൻ ഹാരാനിലേക്ക് പോയി. ആടയാഭരണങ്ങൾ അണിയിച്ചൊരുക്കി പ്രതിശ്രുത വധുവിനെ ഏലിയാസാർ ആനയിക്കുകയാണ്.

യിസ്ഹാക്ക് സ്വന്തം കൂടാരം വിട്ടിറങ്ങി വെളിംപ്രദേ ശത്ത് നില്ക്കുകയാണ്. അവൻ തല പൊക്കി നോക്കി. ഒട്ട കങ്ങൾ വഹിച്ചുകൊണ്ടുവരുന്ന മണവാട്ടിയെ കണ്ടു.

കർത്താവായ യേശു മദ്ധ്യാകാശത്തിൽ തന്റെ പരിശു ദ്ധൻമാരെ ചേർക്കാൻ വീണ്ടും വരും. സ്നേഹിതാ, താങ്കൾ ഒരുങ്ങിയിട്ടുണ്ടോ? "നിന്റെ ദൈവത്തെ എതിരേല്ക്കാൻ നീ ഒരുങ്ങിക്കൊൾക." ആമോസ് 4 : 12 വിശുദ്ധിയെ തികച്ച്

താങ്കൾ ഒരുങ്ങി നിൽക്കുന്നുവോ? പുതിയ ജീവിതം താങ്കൾ നയിക്കുന്നുവോ?

എങ്കിൽ ഇപ്പോൾ പറയുക : "യേശുവേ, എന്റെ തല ഞാൻ ഉയർത്തുന്നു. ഇന്നു മുതൽ ഞാൻ നിന്റെ വക."

നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങളുട കരുണയുള്ള ദൈവമേ, തല കുമ്പിട്ടിരുന്ന കാലങ്ങളോട് ഞാൻ യാത്ര പറയുന്നു. പ്രത്യാശയോടെ, തല ഉയർത്തി ജീവിച്ച്, എന്റെ നാഥാ, നിന്നെ എതിരേല്പാൻ ഞാനിതാ എന്നെ തിരുമുമ്പാകെ സമർപ്പിക്കുന്നു. അനുഗ്രഹിക്കണമേ.

# അഞ്ച്

“യഹോവ ഏലിയാവ് മുഖാന്തരം അരുളി ച്ചെയ്ത വചനപ്രകാരം കലത്തിലെ മാവ് തീർന്നു പോയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞുപോയതു മില്ല.”
1 രാജാക്കൻമാർ 17 : 16

യിസ്രായേൽ രാജാവായ ആഹാബ് ശമര്യയിൽ വാഴുന്ന കാലം. ദേശത്തെല്ലാം കൊടിയ ക്ഷാമം. ദേശത്ത് മഴയില്ല. അരുവികളും തോടുകളും കിണറുകളും വറ്റിവരണ്ടു. മഞ്ഞു മില്ല, മഴയുമില്ല.

ജനം പട്ടിണികൊണ്ടു വലഞ്ഞു. പട്ടിണിമരണങ്ങൾ നാട്ടി ലെമ്പാടും നടമാടി. പക്ഷികളും മൃഗങ്ങളും ചത്തൊടുങ്ങി. മരങ്ങളും ചെടികളും എല്ലാം ഉണങ്ങിക്കരിഞ്ഞു. ഭൂമി വര ണ്ടുണങ്ങി.

അപ്പോഴാണ് ഏലിയാവിനോടു കർത്താവരുളിച്ചെയ്യുന്നത് : “കെരീത്ത് തോട്ടിന്നരികെ ഒളിച്ചിരിക്ക.”

തോട് വറ്റിക്കൊണ്ടിക്കയാണ്. തോടിന്റെ പരിസരത്തുള്ള

കുറ്റിക്കാടുകൾപോലും കരിഞ്ഞുണങ്ങിക്കൊണ്ടിരിക്കുകയാണ്. വറ്റുന്ന തോടിന്നരികെ, നിർജ്ജന പ്രദേശത്ത് ഒളിച്ചിരുന്നാൽ എങ്ങനെ ജീവിക്കും? ആഹാരം ആരുതരും? വെള്ളം കുടിക്കാനെന്തു ചെയ്യും?

നിത്യനായ ദൈവത്തിന്റെ വചനം അങ്ങനെയാണ്. പലതും മനസ്സിലാവുകയില്ല. മനുഷ്യബുദ്ധിക്കിണങ്ങുകയില്ല. ദൈവത്തിന്റെ വഴികളും വചനങ്ങളും മനുഷ്യന് എങ്ങനെ ഗ്രഹിക്കാൻ കഴിയും?

ഫിലിപ്പോസിനോട് : "ഗസ്സയ്ക്കുള്ള നിർജ്ജനമായ വഴിയിലേക്ക് പോക" എന്ന് കർത്താവ് കല്പിച്ചു. അതെന്തിന് എന്ന് ഫിലിപ്പോസ് ചോദ്യം ചെയ്തില്ല. അനുസരിച്ചു. അപ്പോൾ തേരിൽ കയറ്റി ഇരുത്തി. പിന്നീട് അസ്തോദിലേക്ക് പറപ്പിച്ചുകൊണ്ടുപോയി.

ഏലിയാവ് കെരീത്തിലെ വെള്ളം കുടിച്ചുകൊണ്ടിരുന്നു. വറ്റുന്ന കെരീത്തിന്റെ വക്കിലിരിക്കുന്ന ദൈവപുരുഷൻ!

സ്നേഹിതാ, താങ്കൾ ആരോഗ്യം വറ്റിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണോ? പണം തികയാതെ കടത്തിലും ഭാരത്തിലും വലയുകയാണോ? ജനപിന്തുണ കുറഞ്ഞുകൊണ്ടിരിക്കുകയാണോ? ജീവിത സമാധാനം പൊയ്പ്പോയിക്കൊണ്ടിരിക്കുകയാണോ?

എങ്കിൽ കെരീത്തിന്റെ വക്കിൽ ഏലിയാവിനെ പോറ്റിയ ദൈവം ജീവിക്കുന്നു.

ആഹാരത്തിന്റെ കാര്യമോ? കാക്ക രാവിലെയും വൈകുന്നേരവും ദൈവപുരുഷന് അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുക്കും.

നേരത്ത്, കാലത്ത് ആഹാരം കഴിച്ച് ശീലമൊന്നും പാവം ഏലിയാവിനില്ല. ദൈവത്തിന്റെ വചനം അനുസരിച്ച് കെരീത്തിന്റെ വക്കിൽ ഇരുന്നപ്പോൾ കൃത്യസമത്ത് ആഹാരം! അതും ശ്രേഷ്ഠഭോജനം!

ദൈവപൈതലേ ഇപ്പറയുന്നതൊന്നും പുസ്തകത്തിന്റെ താളുകളിൽ മാത്രം തങ്ങിനിൽക്കുന്ന കാര്യങ്ങളല്ല. ഇവയെല്ലാം ജീവിതത്തിന്റെ ഏടുകളിൽ നിറഞ്ഞു നിൽക്കുന്നവയാണ്.

> "ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും. യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നൻമയ്ക്കും കുറവില്ല."
>
> സങ്കീർത്തനങ്ങൾ 34 : 10

> "ഞാൻ ബാലനായിരുന്നു, വൃദ്ധനായിത്തീർന്നു. നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല."
>
> സങ്കീ. 37 : 25

ദാവീദിന്റെ ഈ വാക്കുകളിൽ സ്വന്തം ജീവിതത്തിന്റെ നറുമണമുണ്ട്. ആടുകളെ നോക്കുന്ന വേലയിൽനിന്ന് കൊണ്ടുവന്ന് രാജസിംഹാസനത്തിൽ ഇരുത്തിയ ദൈവസ്നേഹത്തെ രുചിച്ചുകൊണ്ടാണ് ഭക്തൻ ഇങ്ങനെ പറഞ്ഞത്.

സരപ്തയിലേക്കാണ് കെരീത്തിൽ നിന്ന് പ്രവാചകനെ അയച്ചത്. അവിടെ ഒരു വിധവ. അവളുടെ വീട്ടിൽ കലത്തിൽ ഒരുപിടിമാവും ഭരണിയുടെ അടിയിൽ ഒരല്പം എണ്ണയും ഉണ്ട്. അവൾ വിറക് പെറുക്കുകയാണ്. അവൾക്കും മകനും വേണ്ടി ഒരട ഉണ്ടാക്കിത്തിന്നിട്ട് മരിക്കാനിരിക്കുന്നവർ.

കഷ്ടം! നിരാശ മാത്രമാണ് അവളുടെ ഉള്ളിൽ ഭർത്താവ് മരിച്ചിട്ട് വർഷങ്ങളായി. കഷ്ടിച്ച് അങ്ങനെ കഴിഞ്ഞു കൂടുകയായിരുന്നു. അപ്പോഴാണ് കഠിന ക്ഷാമം വന്നത്. ഇനി ഭാവിയിലേക്ക് യാതൊരു പ്രതീക്ഷയുമില്ല. നാട്ടിലെ പട്ടിണി മരണങ്ങളുടെ കൂടെ അവളും മകനും മരിക്കും. ഏതാനും നാളുകൾ കൂടി ജീവിതം.

ദൈവത്തിന്റെ പ്രവാചകനും ഒപ്പം ദൈവവചനവും ആ പാവപ്പെട്ട വിധവയുടെ ഭവനത്തിലേക്ക് കടന്നു ചെന്നു. നാം വായിക്കുന്നത് ഇങ്ങനെയാണ് :

"അവളുടെ കലത്തിലെ മാവ് കുറഞ്ഞു പോയില്ല, അവളുടെ ഭരണിയിലെ എണ്ണ വറ്റിപ്പോയതുമില്ല."

പ്രവാചകൻ അവളോട് ഇത്രയേ പറഞ്ഞുള്ളൂ.

> "ആദ്യം എനിക്ക് ചെറിയൊരു അട ഉണ്ടാക്കിക്കൊണ്ടുവരിക. പിന്നെ നിനക്കും നിന്റെ മകനും വേണ്ടി ഉണ്ടാക്കിക്കൊൾക."
>
> 1 രാജാക്കൻമാർ 17 : 13

അത് അവൾ അനുസരിച്ചപ്പോഴുള്ള ഭാഗ്യകരമായ പരിണതിയാണ് നാം വായിക്കുന്നത്.

> "യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്നനാൾ വരെ കലത്തിലെ മാവ് തീർന്നു പോകയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞു പോകയുമില്ല."
>
> 1 രാജ. 17 : 14

ഈ അത്ഭുതകരമായ സ്വർഗ്ഗീയാനുഗ്രഹത്തിന്റെ കരുതൽ അനുഭവിച്ച ഒരാളാണ് എന്റെ ഭവനത്തിന്റെ അടുത്തു തന്നെ താമസിക്കുന്ന ശ്രീമതി എൻ. റ്റി. ശോശാമ്മ. പന്ത്ര

ണ്ടുവർഷം മുമ്പ് ഭർത്താവ് മരിച്ചതിനുശേഷം വളരെയേറെ ഞെരുക്കങ്ങളും ദുരിതങ്ങളും സഹിച്ച് വലഞ്ഞ ഒരു ദൈവ പൈതലാണ് ശോശാമ്മപ്പെണ്ണങ്ങൾ.

മത്തായിക്കുഞ്ഞു ചേട്ടൻ മരിച്ചതിനുശേഷമുണ്ടായ പ്രധാന കാര്യങ്ങളെന്തെല്ലാമാണ്?

പന്ത്രണ്ടുവർഷം മുമ്പാണ് ഞാനൊരു വിധവയായത്. വളരെ സന്തോഷവും സമാധാനവും നിറഞ്ഞ ഒരു ജീവിതമാണ് ഞങ്ങൾ നയിച്ചിരുന്നത്. ഞങ്ങൾ രണ്ടുപേരും ജീവിതം കർത്താവിനു സമർപ്പിച്ചിരുന്നതുകൊണ്ട് ഒരു വലിയ ആത്മീയശാന്തി ഞങ്ങൾക്കുണ്ടായിരുന്നു.

എത്ര പെട്ടെന്നാണ് ജീവിതത്തിലേക്ക് കൊടുങ്കാറ്റ് ആഞ്ഞു വീശിയത്! കാൻസർരോഗിയായി എന്റെ ഭർത്താവ് കിടപ്പിലായതു മുതൽ ഞാൻ ആകെ തകർന്നുപോയി. ഭർത്താവിന്റെ വേർപാട് എനിക്ക് സഹിക്കാൻ കഴിയുന്നതിലുമധികമായിരുന്നു.

കർത്താവ് ഒരു പ്രത്യേക സമാധാനവും ധൈര്യവും എനിക്ക് തന്നതുകൊണ്ടാണ് ഞാൻ ആ കാലങ്ങളിൽ പിടിച്ചു നിന്നത്.

ഭർത്താവിന്റെ മരണശേഷം എന്റെ മക്കളുടെ മൂന്നു പേരുടെയും വിവാഹം നടന്നു. പല തരത്തിലുള്ള പ്രയാസങ്ങളിൽകൂടെയാണ് ഞാൻ കടന്നു പോന്നത്. എങ്കിലും ജീവനുള്ള ദൈവം എന്റെ മുഖം നിന്ദയ്ക്ക് വിട്ടുകൊടുത്തില്ല.

പ്രതിസന്ധികളെല്ലാം എങ്ങനെയാണ് നേരിട്ടത്?

പണത്തിന് വളരെ ഞെരുക്കമുണ്ടായി. കൃഷികാര്യങ്ങൾ നടത്താനാളില്ലാതായി. ഒരിക്കലും പ്രതീക്ഷിക്കാത്ത രീതി

യിൽ എനിക്ക് എതിർപ്പുകളും തെറ്റിദ്ധാരണകളും നേരി ടേണ്ടി വന്നു. ആദ്യമെല്ലാം ഞാനൊന്നു പതറിയെങ്കിലും എന്റെ കർത്താവ് എനിക്ക് ധൈര്യം തന്നു.

ലോകത്തിൽ ആരെയും ആശ്രയിക്കരുത് എന്നും, യേശു വിൽ മാത്രം ആശ്രയിച്ചാൽ മതിയെന്നും എനിക്ക് നല്ല ബോദ്ധ്യം കിട്ടി. കൂട്ടായ്മയിൽ വരുന്നവർപോലും എന്നെ തെറ്റിദ്ധരിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തപ്പോഴും യേശു മാത്രമാണ് എന്റെ ആശ്രയം എന്ന് ഞാൻ കരുതി, ധൈര്യ പ്പെട്ടു നിന്നു.

ഭർത്താവില്ലെങ്കിലും മക്കൾ വെറുത്താലും വീട്ടുകാർ തള്ളിയാലും ഒരിക്കലും തള്ളാത്തവൻ ക്രിസ്തു എന്ന് എനിക്ക് അനുഭവമായി. യെശയ്യാവ് 54 ന്റെ 4 മുതലുള്ള വാക്യങ്ങൾ എനിക്ക് ധൈര്യം തന്നു.

> "ഭയപ്പെടേണ്ട, നീ ലജ്ജിച്ചു പോകയില്ല. ഭ്രമി ക്കേണ്ട, നീ നാണിച്ചു പോകയില്ല. നിന്റെ യൗവ നത്തിലെ ലജ്ജ നീ മറക്കും. നിന്റെ വൈധവ്യ ത്തിലെ നിന്ദ ഇനി ഓർക്കയുമില്ല. നിന്റെ സ്രഷ്ടാ വാകുന്നു നിന്റെ ഭർത്താവ്. സൈന്യങ്ങളുടെ യഹോവ എന്നാകുന്ന അവന്റെ നാമം, യിസ്രാ യേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടു പ്പുകാരൻ, സർവ്വ ഭൂമിയുടെയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു. ഉപേക്ഷിക്കപ്പെട്ടു മനോ വ്യസനത്തിൽ ഇരിക്കുന്ന സ്ത്രീയെ എന്നപോലെ യഹോവ നിന്നെ വിളിച്ചിരിക്കുന്നു. യൗവനത്തിൽ വിവാഹം ചെയ്തിട്ട് തള്ളിക്കളഞ്ഞ ഭാര്യയെ എന്നപോലെ തന്നേ എന്ന് നിന്റെ ദൈവം അരു ളിച്ചെയ്യുന്നു." യെശ 54 : 4 – 5

ആകട്ടെ, ഇപ്പോഴത്തെ അവസ്ഥയെങ്ങനെയിരിക്കുന്നു?

ഇപ്പോൾ എനിക്കൊന്നിനും മുട്ടില്ല. പൈസയുടെ ഞെരുക്കവും കർത്താവ് മാറ്റിത്തന്നു. ഇന്ന് ഞാൻ പൂർണ്ണ സമാധാനമായി കഴിയുന്നു. കർത്താവിന്റെ വേല ചെയ്ത് എന്റെ കാലം തികയ്ക്കണമെന്നേ ഇന്ന് എനിക്കുള്ളൂ.

വിധവയായ ഈ സഹോദരിയുടെ കലത്തിലെ മാവ് കുറയാതെയും എണ്ണ വറ്റാതെയും കാത്ത ദൈവം മകനേ, പ്രിയ മകളേ, നിന്നെ ഒരു കുറവുമില്ലാതെ കാക്കുവാൻ ശക്തനാണ്.

സരപ്തയിലെ വിധവയുടെ വീട്ടിൽ ഇതാ, അയൽക്കാർ വരുന്നു. അവിടെ ഭക്ഷണമുണ്ട്. എല്ലാ വീടുകളിലും പട്ടിണി. ആഹാരമില്ലാതെ വലയുന്നവർ ആ വിധവയുടെ വീട്ടിൽ ചെന്ന് ഭക്ഷണം കഴിക്കുന്നു. അയൽപക്കത്തുള്ളവർക്കും സ്വന്തക്കാർക്കും ബന്ധക്കാർക്കും അവിടെ എത്തുന്ന ആർക്കും ഭക്ഷണം.

പ്രിയസഹോദരീ, മാന്യ സഹോദരാ, നിന്റെ കലത്തിലെ മാവ് കുറയാതെ കാക്കാൻ ഒരു സർവ്വശക്തനുണ്ട്. അനേകരെ ആത്മാവിന്റെ ആഹാരം കൊടുത്ത് പോറ്റുവാൻ നിനക്ക് താല്പര്യമുണ്ടോ?

ഇടങ്കയ്യേത്, വലങ്കയ്യേത് എന്നറിയാതെ പൊരിയുന്ന പാവപ്പെട്ട അനേകരെ നീ കാണുന്നില്ലേ? സ്വർഗ്ഗമെന്ത്, നരകമെന്ത് എന്നറിയാതെ നിത്യാന്ധകാരത്തിലേക്ക് ഒഴുകിപ്പോകുന്നവരെ നീ കാണുന്നില്ലേ? ചില ചടങ്ങുകളും ആചാരങ്ങളും അനുഷ്ഠിച്ച് അവയിൽ മാത്രം സംതൃപ്തരായി, സത്യമെന്തെന്നറിയാതെ പോകുന്നവരെ കുറിച്ച് നിനക്ക് ഒരു ഭാരവുമില്ലേ? അവരെക്കുറിച്ച് നിനക്ക് ഒരു സ്നേഹവുമില്ലേ?

"പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല."

യോഹ. 3 : 3

"അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല." 1 കൊരിന്ത്യർ 6 : 9

ഈ തിരുവചനം വള്ളിയും പുള്ളിയും മാറാത്തതാകുന്നു. എങ്കിൽ ഇന്നത്തെ ജനകോടികൾ എങ്ങോട്ട് പോകുന്നു? സ്നേഹിതാ, സൗജന്യമായി നിനക്ക് ലഭിച്ച സുബോധം അനേകർക്ക് സൗജന്യമായി കൊടുപ്പിൻ. നിനക്ക് നിറച്ചു തന്നത് അനേകർക്ക് പങ്കുവെയ്ക്കുമെന്ന് തീരുമാനിക്കുവിൻ. നിന്നെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് സമർപ്പിക്കുവിൻ.

നമുക്ക് പ്രാർത്ഥിക്കാം.

കർത്താവേ, സരപ്തയിലെ വിധവയുടെ കലത്തിലെ മാവു കുറയാതെയും ഭരണിയിലെ എണ്ണ വറ്റാതെയും നീ അത്ഭുതം പ്രവർത്തിച്ചതുപോലെ എന്റെ ജീവിതത്തിൽ അതിശയം ചെയ്യണമേ. ഈ വചനം കേട്ട എല്ലാവരേയും ഭൗതികമായും ആത്മീയമായുമുള്ള സമൃദ്ധിയിലേക്ക് നയിക്കണമേ.

# ആറ്

"നിന്റെ മുഖം വാടിയിരിക്കുന്നതെന്ത്? നിനക്ക് ദീനം ഒന്നുമില്ലല്ലൊ, ഇത് മനോദുഃഖമല്ലാതെ മറ്റൊന്നുമല്ല."
നെഹമ്യാവ് 2 : 2

നെഹമ്യാവിന്റെ മുഖം വാടിയിരുന്നു. മനസ്സിൽ അഗാധമായ ദുഃഖമുണ്ടായിരുന്നു. മുഖം മനസ്സിന്റെ കണ്ണാടിയാണല്ലൊ. ഉള്ളിലെ വിഷാദം മുഖത്ത് പ്രതിഫലിക്കുന്നു.

രാജാവ് ആ ഉയർന്ന ഉദ്യോഗസ്ഥനോട് ചോദിക്കുകയാണ്.

"നിന്റെ മുഖം വാടിയിരിക്കുന്നതെന്ത്? ഇത് മനോദുഃഖമല്ലാതെ മറ്റൊന്നുമല്ല."

ഈ വാക്കുകളെ കേൾക്കുന്ന മാന്യ സ്നേഹിതാ നിന്റെ മുഖം മ്ലാനമാണോ? നിന്റെ ഹൃദയം വാടിയിരിക്കുന്നുവോ? എന്താണ് നിന്റെ മനോദുഃഖത്തിനു കാരണം എന്ന് രാജാധിരാജൻ ഇപ്പോൾ നിന്നോടു ചോദിക്കുന്നു.

ഒരാൾ ഒരിക്കൽ ഒരു മനഃശാസ്ത്രജ്ഞന്റെ അരികിൽ

വന്നു. തീരെ അവശനായിട്ടാണ് വന്നത്. എന്തെല്ലാമോ വിഷാദങ്ങൾ എന്തോ ചില മ്ലാനതകൾ.

അയാൾ ഡോക്ടറോടു പറഞ്ഞു : "എനിക്കു തീരെ സ്വസ്ഥതയില്ല. ഏതോ ഒരു വിഷാദം ഉള്ളിൽ തളംകെട്ടി നിൽക്കയാണ്. ഒരു പ്രത്യേക കാരണം പറയാനില്ല. ഒരു സമാധാനവുമില്ല."

ഡോക്ടർ വളരെ നേരത്തെ പരിശോധനകൾക്കു ശേഷം പറഞ്ഞു : "സാരമില്ല, നിങ്ങൾ ഉള്ളു തുറന്ന് ഒന്ന് ചിരിച്ചാൽ മതി. മനസ്സൊന്നു ഉല്ലസിച്ച്, രസിച്ച്, ഒന്ന് പൊട്ടിച്ചിരിക്കണം. അതുമാത്രം മതി."

"ഡോക്ടറേ, അതാണ് എനിക്കില്ലാത്തത്. എനിക്കൊന്നു ചിരിക്കാൻ കഴിയുന്നില്ല. ഉള്ളു നിറയെ വിഷാദമാണ്. പൊട്ടിച്ചിരിക്കുന്നതു പോയിട്ട്, ഒന്ന് പുഞ്ചിരിക്കാൻ പോലും എനിക്ക് സാധിക്കുന്നില്ല. ഞാൻ എന്താണ് ചെയ്യേണ്ടത്?"

"നിങ്ങൾ നല്ലതുപോലൊന്നു ചിരിക്കാൻ ഞാൻ ഒരു മാർഗ്ഗം പറഞ്ഞു തരാം. ഇപ്പോൾ കാലിഫോർണിയായിൽ ഒരു വലിയ സർക്കസ് നടക്കുന്നുണ്ട്. ആ സർക്കസ് ഒന്ന് കാണൂ. അവിടെ ഒരു നല്ല തമാശക്കാരനുണ്ട്. വലിയ രസികനാണയാൾ. ആ ബഫൂണിന്റെ തമാശകൾ കാണുകയും കേൾക്കുകയും ചെയ്താൽ ആരും പൊട്ടിച്ചിരിച്ചുപോകും. ഉള്ളു നീറിപ്പുകഞ്ഞിരിക്കുന്നവരും ഉച്ചത്തിൽ ചിരിച്ചുപോകും. നിങ്ങൾ പോയി ആ സർക്കസ് ഒന്നു കാണു."

ആ മനുഷ്യന്റെ കണ്ണ് നിറഞ്ഞു വരുന്നു. ഒന്നും മിണ്ടാനാവാതെ അയാൾ അവിടെ ഇരിക്കയാണ്.

ഡോക്ടർ ചോദിച്ചു :

"എന്താണ് നിങ്ങൾ കരയുന്നത്? നിങ്ങൾക്ക് അവിടെ

പോകാൻ പൈസയില്ലാത്തതാണോ കാരണം? പറയൂ."

"ഡോക്ടറേ, ആ സർക്കസ്സിലെ ബഫൂൺ, അങ്ങ് പറഞ്ഞ ആ ബഫൂൺ ഞാനാണ്. ലക്ഷക്കണക്കിനാളുകളെ പൊട്ടിച്ചിരിപ്പിക്കുന്ന ആ തമാശക്കാരൻ ഞാനാണ്. ഞാൻ അനേകരെ ചിരിപ്പിക്കുന്നു. പക്ഷേ എനിക്ക് ചിരിയില്ല."

സ്നേഹിതാ, ഇത് താങ്കളുടെ അവസ്ഥയാണോ? പലരെയും സന്തോഷിപ്പിക്കുന്ന ഫലിത രസികനായിരിക്കാം താങ്കൾ. പക്ഷേ താങ്കൾ മുഖം വാടിയിരിക്കയാണോ? മനസ്സു നിറയെ ദുഃഖമായി താങ്കൾ കഴിയുകയാണോ?

എങ്കിൽ രാജാധിരാജൻ താങ്കളുടെ ക്ഷേമം അന്വേഷിക്കുന്നു.

"നിന്റെ മുഖം വാടിയിരിക്കുന്നതെന്ത്? ഇത് മനോദുഃഖമല്ലാതെ മറ്റൊന്നുമല്ല."

ലോകചരിത്രത്തിൽ നാലു മഹാസാമ്രാജ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ബാബിലോണിയൻ സാമ്രാജ്യം, പേർഷ്യൻ സാമ്രാജ്യം, ഗ്രീക്കു സാമ്രാജ്യം, റോമൻ സാമ്രാജ്യം. ബാബിലോണിയൻ സാമ്രാജ്യത്തിലെ നെബൂഖദ്നേസർ, പേർഷ്യൻ സാമ്രാജ്യത്തിലെ അഹശ്വേരോശ് (Xerxes B.C. 486 മുതൽ 465 വരെ), ഗ്രീക്കു സാമ്രാജ്യത്തിലെ മഹാനായ അലക്സാണ്ടർ (Alexander the Great) റോമൻ സാമ്രാജ്യത്തിലെ ഔഗുസ്തൊസ് കൈസർ (Augustus Ceasar) എന്നിവർ വളരെ പ്രസിദ്ധൻമാരായിരുന്നു.

അഹശ്വേരോശ് ചക്രവർത്തി (Xerxes) യ്ക്കുശേഷം B.C. 465 മുതൽ 424 വരെ പേർഷ്യൻ സാമ്രാജ്യാധിപതിയായി വാണ ചക്രവർത്തിയാണ് അർത്ഥഹ്ശഷ്ടാ രാജാവ് (Arta Xerxes)

അർത്ഥഹ്ശ്ഷ്ടാ രാജാവിന്റെ ഭക്ഷ്യമന്ത്രിയായിരുന്നു നെഹമ്യാവ്.

ശലോമോന്റെ കാലത്ത് ഏഴ് വർഷം കൊണ്ട് പണിതിരുന്ന യരുശലേം ദേവാലയം നെബൂഖദ്നേസർ രാജാവിന്റെ സൈന്യം ഇടിച്ച്, തകർത്ത് നശിപ്പിച്ചിരുന്നു. ബാബേലിലേക്ക് അടിമകളാക്കി കൊണ്ടുപോയിരുന്ന യഹൂദൻമാർ പേർഷ്യൻ സാമ്രാജ്യാധിപതിയായ സൈറസിന്റെ (കോരെശ്) ആജ്ഞ അനുസരിച്ച് സെരുബ്ബാബേൽ എന്ന ഗവർണറുടെയും യോശുവ എന്ന മഹാപുരോഹിതന്റെയും എസ്രാ ശാസ്ത്രിയുടെയും നേതൃത്വത്തിൽ യരൂശലേമിൽ ആലയം പുതുക്കിപ്പണിതു.

ആലയം പുതുക്കിപ്പണിതതാണ് എസ്രായുടെ പുസ്തകത്തിലെ പ്രതിപാദ്യം. ആലയത്തിനു ചുറ്റും മതിൽ പണിയുന്നതാണ് നെഹമ്യാവിന്റെ പുസ്തകത്തിലെ പ്രമേയം.

> "യരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു."
> നെഹമ്യാവ് 1 : 3

ഇത് കേട്ടപ്പോഴുണ്ടായ ദുഃഖമാണ് നെഹമ്യാവിന്റെ മുഖം വാടുവാൻ കാരണം.

"നിന്റെ മുഖം വാടിയിരിക്കുന്നതെന്ത്?" എന്ന് രാജാവ് ചോദിച്ചപ്പോൾ നെഹമ്യാവ് പറയുകയാണ് :

> "എന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീ കൊണ്ട് വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നതെങ്ങനെ." നെഹമ്യാവ് 2 : 3

നെഹമ്യാവിന്റെ മുഖത്തിന്റെ വാട്ടത്തിനു കാരണം ദൈവ

ജനത്തിന്റെ ദയനീയസ്ഥിതിയെപ്പറ്റിയുള്ള യഥാർത്ഥമായ ഉൾക്കാഴ്ചയായിരുന്നു. ശത്രുവിന്റെ മുമ്പിൽ ദൈവജനം നിന്ദാപാത്രമായിരിക്കുന്നതിൽ ദൈവപൈതലിന്റെ ഉള്ളം വ്യസനിച്ചു.

ആരാധനാലയത്തെ മറ്റുള്ളവയിൽ നിന്നും വേർതിരിക്കുന്ന മതിലാണ് ഇടിഞ്ഞ് കിടക്കുന്നത്. ശത്രുവിന് എപ്പോഴും, ഏതു സമയത്തും ആരാധനാലയത്തോടടുത്തിടപഴകാൻ തടസ്സമില്ലാതിരിക്കുന്ന അവസ്ഥ ശോചനീയമാണ്.

ആരാധനയുടെ സംശുദ്ധിയും പരിപാവനതയും നിലനിറുത്താനുള്ള അഭിവാഞ്ഛയാണ് നെഹമ്യാവിന്റെ ഹൃദയത്തിൽ നീറിപ്പടർന്നത്. ദൈവവേലയെക്കുറിച്ചുള്ള ദാഹവും ദൈവികാരാധനയുടെ തനിമ നിലനിറുത്തുവാനുള്ള ആവശ്യബോധവും നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

> "വരുവിൻ നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യരൂശലേമിന്റെ മതിൽ പണിയുക."
>
> നെഹമ്യാവ് 2 : 17

ഏതാനും മാസങ്ങൾക്കുശേഷം മതിൽ പണിയെല്ലാം തീർന്നു. സർവ്വജനത്തെയും ഒരുമിച്ചു കൂട്ടി. എസ്രായും നെഹമ്യാവും ജനത്തോട് പറഞ്ഞു :

> "നിങ്ങൾ ചെന്ന് മൃഷ്ടാന്നഭോജനവും മധുരപാനീയവും കഴിച്ച് തങ്ങൾക്കായി വട്ടംകൂട്ടീട്ടില്ലാത്തവർക്ക് പകർച്ച കൊടുത്തയപ്പിൻ.... യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലൊ...." ജനമെല്ലാം തിന്നുകയും കുടിക്കുകയും പകർച്ച കൊടുത്തയയ്ക്കുകയും അത്യന്തം സന്തോഷിക്കയും ചെയ്തു."
>
> നെഹമ്യാവ് 8 : 10 – 11

മുഖം വാടിയിരുന്ന നെഹമ്യാവിന് ഇത്രയേറെ സന്തോഷമുണ്ടാകുവാൻ കാരണം എന്ത്?

ഒന്ന്, വിശ്വാസം. Faith - സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്ക് കാര്യം സാധിപ്പിക്കും", എന്നാണ് നെഹമ്യാവിന്റെ ഉറപ്പ്.

തുടർന്ന് നെഹമ്യാവ് പറയുന്നു.

"ഞങ്ങൾ എഴുന്നേറ്റു പണിയും."
നെഹമ്യാവ് 2 : 20

"നമ്മുടെ ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യും." നെഹമ്യാവ് 4 : 20

രണ്ട്, സൻബല്ലത്തും തോബിയാവും നിന്ദിക്കുകയും പരിഹസിക്കുകയും എതിർക്കുകയും ചെയ്തപ്പോൾ തളരാതെ സർവ്വശക്തനിൽ ആശ്രയിച്ചു. Trust.
നെഹമ്യാവ് 4 : 1–6, 4 : 9

മൂന്ന്, ശത്രുവിന്റെ എതിർപ്പുകളെ ധൈര്യത്തോടെ നേരിട്ടു. Fight

ചുമടെടുക്കുന്ന ചുമട്ടുകാർ ഒരു കൈകൊണ്ട് വേല ചെയ്കയും മറ്റേ കൈകൊണ്ട് ആയുധം പിടിക്കുകയും ചെയ്തു. പണിയുന്നവർ അരയ്ക്ക് വാൾ കെട്ടിയും കൊണ്ടു പണിതു. നെഹമ്യാവ് 4 : 17 – 18.

നാല്, ദൈവഭയം - Awe and Reverance

നെഹമ്യാവ് ജനത്തോടു ചോദിക്കുന്നു :

"നമ്മുടെ ശത്രുക്കളായ ജാതികളുടെ നിന്ദ ഓർത്തിട്ടെങ്കിലും നിങ്ങൾ നമ്മുടെ ദൈവത്തെ

ഭയപ്പെട്ടു നടക്കേണ്ടതല്ലയോ?" നെഹമ്യാവ് 5 : 9

എല്ലാം കാണുന്ന ദൈവം ദുഃഖിക്കരുതെന്നുള്ള വാഞ്ഛ നെഹമ്യാവിനെ ഭരിച്ചു. ശത്രുവിനൊന്നിലും ഇടം കൊടുക്കരുതെന്ന നിർബന്ധം നെഹമ്യാവിനുണ്ടായിരുന്നു. പൗലോസ് അപ്പോസ്തലൻ പറയുന്നതു കേൾക്കുക :

> "വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന് സകലത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്ക." തീത്തോസ് 2 : 7

അഞ്ച്, ശുദ്ധീകരണത്തിനുവേണ്ടി അഗാധമായ ദാഹം Sanctification.

സ്വന്തം സഹോദരങ്ങളുമായി നിരപ്പാകുവാനും അവരുടെ പണയ വസ്തുക്കൾ മടക്കി കൊടുപ്പാനും അവരുടെ കടങ്ങൾ ഇളച്ചു കൊടുപ്പാനും നെഹമ്യാവ് പ്രഭുക്കൻമാരും പ്രമാണികളുമായവരോട് ആവശ്യപ്പെട്ടു. നെഹമ്യാവ് 5 : 10 – 12

ആറ്, ജനത്തെ വിളിച്ചു കൂട്ടി ദൈവതിരുവചനം വായിച്ചു കേൾപ്പിച്ചു. ഒരു വിശാലസ്ഥലത്ത് സ്ത്രീകളും പുരുഷൻമാരും ഗ്രഹിപ്പാൻ പ്രാപ്തിയുള്ള എല്ലാവരെയും ഒരുമിച്ചു കൂട്ടി. ആ മഹാസമ്മേളനത്തിൽ തിരുവചന ശുശ്രൂഷ നടത്തി. Preaching. നെഹമ്യാവ് 8 : 1 – 5

വചനപ്രഘോഷണത്തിന് ആ പൊതുസ്ഥലത്ത് പടുത്തുയർത്തിയിരുന്ന ഒരു പ്രസംഗപീഠത്തിൽ എസ്രാശാസ്ത്രി കയറി നിന്നു. തിരുവചനം വായിച്ചു കേൾപ്പിച്ചു. പൊരുൾ തിരിച്ചുകൊടുത്ത്, വായിച്ചത് ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞു കൊടുത്തു.

ഏഴ്, ആരാധന – Worship. എസ്രാ മഹാദൈവമായ യഹോവയെ സ്തുതിച്ചു. ജനമൊക്കെയും കൈ ഉയർത്തി ആമേൻ, ആമേൻ എന്ന് പ്രതിവചനം പറഞ്ഞ് വണങ്ങി സാഷ്ടാംഗം വീണ് യഹോവയെ നമസ്ക്കരിച്ചു. നെഹമ്യാവ് 8 : 6

ഈ കാര്യങ്ങൾ ഏഴും നടന്നതോടെ ജനത്തിന്റെ മ്ലാനത മാറി. നെഹമ്യാവിന്റെ വാട്ടവും മാറി.

സ്നേഹിതാ, താങ്കളുടെ മുഖത്തിന്റെ വാട്ടവും മനോദുഃഖവും മാറുവാൻ താങ്കൾ കൊതിക്കുന്നുവോ? എങ്കിൽ നെഹമ്യാവിനെപ്പോലെ വചനത്തിലൂന്നിനിന്ന് ദൈവത്തെ ആരാധിക്കുകയും അതിനുള്ള ശുദ്ധീകരണം പ്രാപിക്കുകയും ചെയ്യുക. ക്രിസ്തുവിന്റെ പാദത്തിൽ ഇപ്പോൾതന്നെ ജീവിതം മുഴുവൻ സമർപ്പിക്കുക. ക്രിസ്തുവിനോടു വാക്കു പറയുക :

"നാഥാ, ഇന്നു മുതൽ നിന്റെ ഒരു വിശുദ്ധ പൈതലായി ഞാൻ ജീവിക്കും."

നമുക്ക് പ്രാർത്ഥിക്കാം :

ഞങ്ങളുടെ സ്നേഹനിധിയായ കർത്താവേ, അവിടത്തെ ജീവദായകമായ തിരുമൊഴികൾക്കായി സ്തോത്രം. വിശുദ്ധീകരണത്തിന്റെ വചനങ്ങൾക്കായി സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

# ഏഴ്

"നിന്റെ മുഖം വാടുന്നതെന്ത്?."

ഉല്പത്തി 4 : 7

കഴിഞ്ഞ അദ്ധ്യായത്തിൽ നെഹമ്യാവിന്റെ മുഖം വാടുവാനുള്ള കാരണവും ആ മ്ലാനത മാറിയതെങ്ങനെയെന്നും നാം ചിന്തിക്കുകയുണ്ടായല്ലൊ.

നിത്യനായ ദൈവം ആദാമിന്റെ മകനായ കയീനോടു ചോദിക്കുന്നു : "നിന്റെ മുഖം വാടുന്നതെന്ത്?"

"കയീന് ഏറ്റവും കോപമുണ്ടായി. അവന്റെ മുഖം വാടി." എന്ന് ഉല്പത്തി 4 : 5 ൽ നാം വായിക്കുന്നു. യഹോവയായ ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല, ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു.

തന്റെ സഹോദരന്റെ സമർപ്പണത്തിൽ ദൈവം പ്രസാദിച്ചു. എന്റെ സമർപ്പണത്തിൽ ദൈവം പ്രസാദിച്ചില്ല എന്ന് കയീന് കടുത്ത ദുഃഖമുണ്ടായി. ഹാബേലിനോട് കനത്ത

അസൂയ തോന്നി, നിയന്ത്രിക്കാനാവാത്ത കോപമുണ്ടായി.

കയീന് സഹോദരസ്നേഹമില്ലായിരുന്നു. ദൈവം മുഖപക്ഷമുള്ളവനെന്ന് വിധിച്ചു. ദൈവത്തോട് പരിഭവിച്ചു. അവന്റെ സ്വാർത്ഥത, സ്വന്തം സമർപ്പണത്തിലുള്ള മതിപ്പ് ഇതൊന്നും ദൈവത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതാണെന്ന് കയീൻ ചിന്തിച്ചില്ല.

മനുഷ്യ ചരിത്രത്തിലെ ഒന്നാമത്തെ കൊലപാതകത്തിൽ അത് ചെന്നെത്തി. കയീൻ തന്റെ സഹോദരനോട് കയർത്ത് അവനെ കൊന്നു.

ദൈവം ഹാബേലിൽ പ്രസാദിച്ചതുകൊണ്ട് അവന്റെ വഴിപാടിൽ പ്രസാദിച്ചു. കയീനിൽ പ്രസാദിക്കാഞ്ഞതുകൊണ്ട് അവന്റെ വഴിപാടിൽ പ്രസാദിച്ചില്ല.

സ്നേഹിതാ, ദൈവം നിന്നിൽ പ്രസാദിക്കുന്നുവോ? ദൈവത്തിന് പ്രസാദകരമായ ജീവിതമാണോ താങ്കൾ ഇന്ന് നയിക്കുന്നത്? സ്വയനീതീകരണവും സ്വാർത്ഥതയും അസൂയയും കോപവും ഇന്ന് താങ്കളെ കൈയടക്കി വെച്ചിരിക്കുന്നുവോ?

ഹൃദയം നന്നെങ്കിൽ ദൈവം പ്രസാദിക്കും. ഹൃദയം നന്നെങ്കിൽ സമർപ്പണം ദൈവം അംഗീകരിക്കും. യെശയ്യാ പ്രവാചകൻ പറയുന്നു :

> “ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടുവരരുത്.... നിങ്ങൾ എത്രതന്നേ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല. നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ. നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻമുമ്പിൽ നിന്ന് നീക്കിക്കളവിൻ. തിന്മ ചെയ്യുന്നത് മതിയാക്കുവിൻ.”
>
> യെശയ്യാവ് 1 : 13 - 16

സഹോദരാ, താങ്കൾ ഒരു നല്ല ഹോട്ടലിൽ കയറുന്നു എന്ന് സങ്കല്പിക്കൂ. നല്ല വിശപ്പുണ്ട്, നല്ല ദാഹവുമുണ്ട്. സമയം അഞ്ചുമണിയായി. ഉച്ചയ്ക്ക് ഊണു കഴിക്കാൻ കഴിഞ്ഞില്ല. എന്തെങ്കിലും തിന്നാം.

ചായയും കുടിക്കാം. നല്ല ഹൽവാ അവിടെ ഇരിക്കുന്നു. അത് ഓർഡർ ചെയ്തു.

വെയ്റ്റർ ഒരു നല്ല സോസറിൽ ഹൽവ എടുത്തുകൊണ്ടു വരുന്നു. നല്ല പ്ലെയ്റ്റ്. കണ്ടാൽ നാവിൽ കൊതിയൂറുന്ന ഹൽവ. അത് കൊണ്ടുവന്ന് മേശപ്പുറത്ത് വെച്ചു.

നിങ്ങൾ ഒന്നു നോക്കി. ആ വെയ്റ്ററുടെ കൈയിൽ ചൊറിയും ചിരങ്ങും. അതു പൊട്ടി ചോരയും ചലവും കലർന്ന് ഒഴുകുന്നുണ്ട്. ഒരല്പം ആ ഹൽവയിരിക്കുന്ന പ്ലെയ്റ്റിന്റെ അരികിൽ പറ്റിയിട്ടുണ്ട്.

നിങ്ങൾ അതു തിന്നുമോ? കാണുമ്പോൾ തന്നെ എന്തോ ഒരറപ്പോ പ്രയാസമോ നിങ്ങൾക്കുണ്ടാകുന്നില്ലേ? തിന്നുമോ? ഇല്ല. എന്താണ് കാരണം?

നല്ല ഹൽവ. നല്ല പ്ലെയ്റ്റ്. നല്ല വൃത്തിയും വെടിപ്പു മുള്ള ഹോട്ടൽ. നല്ല മേശ. നല്ല ഇരിപ്പിടം. പക്ഷേ ഹൽവ കൊണ്ടുവന്ന കൈ വെടിപ്പുള്ളതല്ല.

ഇതാണ് ഹാബേലിൽ പ്രസാദിച്ചതുകൊണ്ട് ഹാബേലിന്റെ വഴിപാടിൽ പ്രസാദിച്ചു എന്ന് പറഞ്ഞത്. കയീനിൽ പ്രസാ ദിക്കാഞ്ഞതുകൊണ്ട് കയീന്റെ വഴിപാടിൽ പ്രസാദിച്ചില്ല.

സ്നേഹിതാ, താങ്കളുടെ കൈകൾ വെടിപ്പുള്ളതോ? താങ്ക ളുടെ ഹൃദയം വിശുദ്ധമോ? താങ്കളുടെ ചിന്തകൾ പരിപാവ നമോ? താങ്കളുടെ ഉദ്ദേശം നിർമ്മലോ?

വിശുദ്ധി ഇല്ലാത്തതുകൊണ്ടാണ് മുഖം വാടിയത്. വിശുദ്ധിയില്ലാത്തതുകൊണ്ടാണ് ദൈവവഴി തിരിച്ചറിയാൻ പറ്റാതെ പോയത്.

യഹോവ യാഗത്തിൽ പ്രസാദിക്കുന്നു. ഹാബേൽ ആട്ടിൻകുട്ടിയെ ബലിയർപ്പിച്ചു. കയീന് യാഗത്തിന്റെ പൊരുൾ പിടികിട്ടിയില്ല. അപ്പനായ ആദാമിന്റെ നഗ്നതയകറ്റാൻ മൃഗത്തിന്റെ തുകൽകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു. ഉല്പത്തി 3 : 21. അതിന്റെയൊന്നും സാരം കയീൻ ഗ്രഹിച്ചില്ല. ദൈവം അവനിൽ പ്രസാദിച്ചില്ല.

സകല ബലികളുടെയും പൂർത്തീകരണവും പൊരുളുമായ യേശുക്രിസ്തുവിന്റെ കാൽവറിയാഗം മൂലം മാത്രമേ നിത്യനായ ദൈവം മനുഷ്യനിൽ പ്രസാദിക്കുകയുള്ളൂ.

മാന്യ സഹോദരാ, യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗം താങ്കൾക്ക് ജീവിതത്തിൽ ഒരു പുതിയ അനുഭവം തരുന്നുണ്ടോ? താങ്കൾ ഒരു പുതിയ സൃഷ്ടിയായിത്തീർന്നുവോ?

ഒന്ന്, നെഹമ്യാവിന്റെ മുഖം വാടി.

രണ്ട്, കയീന്റെ മുഖം വാടി.

മൂന്ന്, ഹന്നായുടെ മുഖം വാടി.

1 ശമുവേൽ 1-ാം അദ്ധ്യായം 18-ാം വാക്യത്തിൽ നാം വായിക്കുന്നു. "അവളുടെ മുഖം പിന്നെ വാടിയതുമില്ല."

ഹന്നാ വിഷാദമഗ്നയായിരുന്നു. അവൾക്ക് മക്കളുണ്ടായിരുന്നില്ല. മക്കൾ ജനിക്കുമെന്നുള്ള പ്രതീക്ഷ നശിച്ചു പോയിരുന്നു.

ഓമനക്കുഞ്ഞിനെ പെറ്റുപോറ്റാനുള്ള ഭാഗ്യം എനിക്കി

ല്ലല്ലൊ എന്ന കടുത്ത ദുഃഖം ഹന്നായ്ക്കുണ്ടായിരുന്നു. എന്നാൽ അതിനെക്കാളേറെ ദുഃഖം അവളുടെ സപത്നി യായ പെനിന്നാ അവളെ പരിഹസിച്ച്, നിന്ദിച്ച്, മുഷിപ്പിച്ച തായിരുന്നു.

ആക്ഷേപം സഹിക്കവയ്യാതെ മ്ലാനത പൂണ്ട്, ഉള്ളു തളർന്ന്, ഹന്നാ കഴിഞ്ഞിരുന്നു. പലപ്പോഴും, നിരാശകൊണ്ട്, അവൾ കരഞ്ഞ് പട്ടിണികിടന്നു. 1 ശമുവേൽ 1 : 7

വാടിത്തളർന്ന്, തകർന്ന സ്ഥിതിയിൽ ഹന്നാ ചെയ്ത തെന്ത്?

ഒന്ന്, അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ച്, വളരെ കരഞ്ഞു. 1 ശമുവേൽ 1 : 10

സഹോദരാ, പ്രിയ സഹോദരി, ദുഃഖം പെരുകുമ്പോൾ നമുക്കതല്ലയോ ചെയ്യാനുള്ളത്? മറ്റെന്തു ചെയ്യാൻ സാധിക്കും?

കരയാം, പ്രാർത്ഥിക്കാം. ദൈവസന്നിധിയിൽ മുട്ടിപ്പായി അപേക്ഷിക്കാം.

എന്റെ അമ്മ എന്റെ ബാല്യത്തിൽത്തന്നെ ഒരു വേദ വാക്യം കാണാതെ പഠിപ്പിച്ചിരുന്നു : സങ്കീർത്തനങ്ങൾ 37 : 3

> "യഹോവയിൽ ആശ്രയിച്ച് നന്മ ചെയ്ക, ദേശത്ത് പാർത്ത് വിശ്വസ്തത ആചരിക്ക, യഹോ വയിൽത്തന്നേ രസിച്ചുകൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക, അവ നിൽത്തന്നേ, ആശ്രയിക്ക. അവൻ അത് നിർവ്വ ഹിക്കും."

> "ഈ എളിയവൻ നിലവിളിച്ചു. യഹോവ കേട്ടു. അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു." സങ്കീർത്തനങ്ങൾ 34 : 6

രണ്ടാമതായി ഹന്നാ ഒരു നേർച്ച നേർന്നു : ഹന്നാ ദൈവത്തോടു ഒരു പ്രതിഷ്ഠാവാക്യം പറഞ്ഞു :

കർത്താവേ, നീ എനിക്ക് ഒരു കുഞ്ഞിനെ തന്നാൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും. അവൻ യഹോവയുടെ ഒരു വ്രതസ്ഥൻ ആയിരിക്കും. 1 ശമുവേൽ 1 : 11

ഹന്നാ ദൈവാലയത്തിൽ വന്ന് ഇങ്ങനെ തീരുമാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അവളുടെ ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നു. ശബ്ദം പുറത്തു വന്നില്ല. ആകയാൽ അവൾക്കു ലഹരി പിടിച്ചിരുന്നു എന്ന് പുരോഹിതനായ ഏലിക്ക് തോന്നിപ്പോയി.

മൂന്നാമതായി, ഹന്നായെ ദൈവാലയത്തിലെ പുരോഹിതൻ തെറ്റിദ്ധരിച്ചു. സത്യമായും നിഷ്ക്കളങ്കമായി ഹൃദയം നുറുങ്ങി, മനം തകർന്ന് പ്രാർത്ഥിക്കുന്ന ദൈവപൈതലിന് തെറ്റിദ്ധാരണകൾ നേരിടേണ്ടി വന്നു.

"നീ എത്രത്തോളം ലഹരി പിടിച്ചിരിക്കും, നിന്റെ വീഞ്ഞ് ഇറങ്ങട്ടെ", എന്ന് ഏലി അവളെ ശാസിച്ചു. 1 : 14

നാലാമതായി, ഹന്നായുടെ എളിമയും വിനയവും.

> "അങ്ങനെയല്ല, യജമാനനേ, ഞാൻ മനോവ്യസനമുള്ളൊരു സ്ത്രീ, ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല. യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ചെയ്തത്. അടിയനെ

ഒരു നീചസ്ത്രീയായി വിചാരിക്കരുതേ. അടിയൻ സങ്കടത്തിന്റെയും വ്യസനത്തിന്റെയും ആധിക്യംകൊണ്ടാകുന്നു സംസാരിച്ചത്."

1 ശമുവേൽ 1: 15 – 16

അഞ്ചാമതായി, അവളുടെ മുഖം പിന്നെ വാടിയതുമില്ല. യഹോവ അവളെ ഓർത്തു. ഒരാണ്ടു കഴിഞ്ഞിട്ട് ഹന്നാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചു വാങ്ങി എന്ന് പറഞ്ഞ് അവന് ശമുവേൽ എന്ന് പേരിട്ടു. 1 : 18 – 20

സങ്കീർത്തനക്കാരൻ പറഞ്ഞിട്ടുണ്ട് : "ഞാനോ എളിയവനും ദരിദ്രനുമാകുന്നു എങ്കിലും കർത്താവ് എന്നെ വിചാരിക്കുന്നു." 40 : 17

ദൈവപൈതലേ, നിന്റെ വാടിയ മുഖം മാറ്റി പ്രസന്നത തരാൻ ക്രിസ്തു മതിയായവനെന്ന് നീ വിശ്വസിക്കുന്നുവോ? എങ്കിൽ അവന്റെ സന്നിധിയിൽ നിന്റെ ഹൃദയം പകരുക.

നാല്, എമ്മവൂസ്സിലേയ്ക്കുപോയ ശിഷ്യൻമാരുടെ മുഖം വാടി. അതിനെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ നമുക്ക് ധ്യാനിക്കാം.

ബഹുമാന്യ സ്നേഹിതാ, താങ്കളുടെ മുഖവും ഹൃദയവും വാടിയിരിക്കുകയാണോ? ഞാൻ അങ്ങനെയായിരുന്നു. ഒരു വയസ്സിൽ എനിക്ക് അപ്പൻ നഷ്ടപ്പെട്ടു. ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ടല്ലോ, അപ്പനന്ന് മുപ്പത്തിമൂന്ന് വയസ്സായിരുന്നു. മുപ്പതാമത്തെ വയസ്സിൽ എന്റെ അമ്മ വിധവയായി. ഞാൻ ഏതാണ്ട് അനാഥനെപ്പോലെയായി.

എന്റെ പതിനേഴാമത്തെ വയസ്സിൽ ഞാൻ യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരി

ച്ചു. ക്രിസ്തു എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നു. നിത്യ ജീവനും സത്യസമാധാനവും ക്രിസ്തു എനിക്ക് ദാനമായി ത്തന്നു. ആ ആദ്യകാലങ്ങളിൽ എന്റെ മ്ലാനതയെല്ലാം മാറി.

എന്നാൽ കാലം മുന്നോട്ടു നീങ്ങിയതോടെ അനേകർ എന്നെ തെറ്റിദ്ധരിക്കാനിടയായി. ക്രിസ്തുവിന്റെ നാമത്തിൽ ഒട്ടേറെ ആക്ഷേപങ്ങൾ എനിക്കേല്ക്കേണ്ടി വന്നു. ഒരല്പം പോലും ഇല്ലാത്ത കാര്യങ്ങൾ എന്റെ പേരിൽ ചിലർ രസ കരമായ കഥയായി ചമച്ച് പ്രചരിപ്പിച്ചു. അണുവിനുപോലും സത്യമില്ലാത്ത ഒരു രസകരമായ കഥ എന്റെ പേരിൽ കെട്ടി ച്ചമച്ച് ഒരു കവിതപോലും രചിക്കപ്പെട്ടു. വാസ്തവത്തിൽ എന്റെ മുഖം വാടിപ്പോയിരുന്നു. ഒട്ടും ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് എന്നെ ഒരു പരിഹാസപാത്രമാക്കുന്നല്ലോ എന്ന് എനിക്ക് വലിയ വേദനയുണ്ടായി.

ക്രിസ്തു പറഞ്ഞു :

> "എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസി പ്പിൻ."
> മത്തായി 5 : 11 – 12

ഈ തിരുവചനം എന്നെ ധൈര്യപ്പെടുത്തി. ഈ വചനം വായിച്ച് എന്റെ വാട്ടം മാറി. എന്റെ വാടിപ്പോയിരുന്ന മുഖം വീണ്ടും പ്രസന്നമായി. ക്രിസ്തു എന്റെ വാട്ടം മാറ്റി.

മാന്യസ്നേഹിതാ, താങ്കളുടെ സകല ദുഃഖവും സകല മ്ലാനതയും മാറ്റാൻ ക്രിസ്തു തിരുമനസ്സായിരിക്കുന്നു എന്ന റിയുന്നുവോ? എങ്കിൽ ക്രിസ്തുവിനോടു പറയുവിൻ : "നാഥാ,

നീ എന്റെ സകല വിഷാദവും മാറ്റണമേ. ഇന്നു മുതൽ ഞാൻ നിന്റെ അടിമ.”

നമുക്ക് പ്രാർത്ഥിക്കാം :

കരുണയുള്ള കർത്താവേ, ഇന്ന് തന്ന തിരുവചനങ്ങൾക്കായി സ്തോത്രം. വാടിയ മുഖം മാറ്റി പ്രസന്ന മുഖം തരാമെന്ന് വാക്ക് തന്നതിനാൽ സ്തോത്രം. അന്ത്യത്തോളം മുഖപ്രസാദത്തോടെ നിറുത്തണമേ. നിത്യജീവന്റെ തുറമുഖത്ത് എത്തിച്ചേരുവാനുള്ള ഭാഗ്യം നൽകണമേ.

# എട്ട്

"അവർ വാടിയ മുഖത്തോടെ നിന്നു."
ലൂക്കോസ് 24 : 17

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യം പ്രത്യക്ഷനായത് മഗ്ദലനമറിയാമിനായിരുന്നു. രണ്ടാമത് എമ്മവൂസ്സിലേക്കുപോയ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി.

ക്ലെയോപ്പാവും മറ്റൊരാളും കൂടി യരൂശലേമിൽ നിന്ന് എമ്മവൂസ്സിലേക്ക് പോവുകയായിരുന്നു. അത് ക്ലെയോപ്പാവിന്റെ ഭാര്യ ആയിരുന്നിരിക്കണം എന്ന് വേദപണ്ഡിന്മാർ ഊഹിക്കുന്നു.

ക്ലെയോപ്പാവും ഭാര്യ മറിയയും വളരെ നിരാശരായിട്ടാണ് എമ്മവൂസ്സിലേക്ക് പോകുന്നത്. ക്രിസ്തുവിന്റെ ക്രൂശുമരണം അവരെ തീരെ തളർത്തിയിരുന്നു.

ക്രിസ്തു വിസ്താര രംഗത്ത് നിന്നത് അവർ കണ്ടതാണ്. ഹന്നാവിന്റെയും കയ്യാഫാവിന്റെയും ഹെരോദാവിന്റെയും മുമ്പിൽ വിസ്തരിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും അവർ കണ്ടതാണ്. റോമൻ ഗവർണറായ പീലാത്തോസിന്റെ

കോടതിയിൽ മൂന്നു തവണ വിസ്തരിക്കപ്പെട്ടു. ആരോപണ ങ്ങൾക്കും ചോദ്യങ്ങൾക്കും ഒരു വിശദീകരണവും മറുപ ടിയും പറവാനില്ലാത്തതുപോലെ, നിസ്സഹായനായി ക്രിസ്തു നില്ക്കുന്നതും അവർ കണ്ടതാണ്.

യിസ്രായേലിനെ റോമൻ ഗവൺമെന്റിന്റെ ആധിപത്യ ത്തിൽ നിന്ന് വീണ്ടെടുക്കുന്ന മിശിഹായാണ് ഈ യേശു എന്ന് അവർ പ്രതീക്ഷിച്ചിരുന്നു. യഹൂദജാതിയുടെ അടി മത്തം മാറ്റാൻ പിറന്ന ഉദ്ധാരകനാണ് യേശു എന്ന് അവർ ആശ വെച്ചിരുന്നു. നെടുനാളത്തെ ആശയും പ്രതീക്ഷയു മാണ് തകർന്നുപോയത്.

യേശു സകലരാലും പരിത്യജിക്കപ്പെട്ട് ക്രൂശിൽ തറ യ്ക്കപ്പെടുന്നത് കടുത്ത നിരാശയോടെ അവർ നോക്കി നിന്നു. രണ്ടു കൊള്ളക്കാരായ അക്രമികളുടെ നടുവിൽ യേശു ക്രൂശിക്കപ്പെടുന്നത് ഹൃദയവേദനയോടെ അവർ കണ്ടു.

“എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവി ട്ടതെന്ത്?” - എന്ന് ഉച്ചത്തിൽ കരയുന്ന ശബ്ദം ഞെട്ടലോടെ അവർ കേട്ടു. “ഇവനെ ഞാനറിയുന്നില്ല”, എന്ന് ശീമോൻ പത്രോസ് പറഞ്ഞതും അവർ കേട്ടതാണ്. കുരിശിന്റെ ചുവ ട്ടിൽ ശിഷ്യൻമാരിൽ യോഹന്നാൻ ഒഴികെ ആരെയും കാണു ന്നില്ല എന്നും സങ്കടത്തോടെ അവർ ഓർത്തു.

കഷ്ടം! മൂന്നരക്കൊല്ലം ഈ യേശുവിന്റെ കൂടെ നട ന്നത് വ്യർത്ഥമായല്ലൊ എന്ന് അവർ ചിന്തിച്ചു. പ്രതീക്ഷയും പ്രത്യാശയും നശിച്ച സ്ഥിതിക്ക് ഇനി സ്വന്തനാട്ടിലേക്ക് മട ങ്ങിപ്പോകാം എന്ന് അവർ ഉറച്ചു.

മാന്യ സ്നേഹിതാ, താങ്കൾ ഇന്ന് കൊടിയ നിരാശയി ലാണോ? അപ്രതീക്ഷിതമായ ചില സംഭവങ്ങളിൽ ഉടക്കി താങ്കളുടെ ഹൃദയം ഇന്ന് നിരാശയിൽ കഴിയുകയാണോ?

ആശിച്ചതുപോലെയൊന്നും നടക്കാത്തതിൽ ജീവിതം ഇന്ന് വഴിമുട്ടി നിൽക്കുകയാണോ?

ആത്മീയ ജീവിതത്തിൽ താങ്കൾക്ക് ഇന്ന് ഒരു മടുപ്പും മരവിപ്പും നേരിട്ടിരിക്കുകയാണോ? വിട്ടതും വെറുത്തതും വ്യർത്ഥമായിപ്പോയല്ലോ എന്ന നിഗമനത്തിൽ താങ്കൾ ഇന്ന് ഉള്ളു വാടിക്കഴിയുകയാണോ?

എങ്കിൽ, ഇതാ ജീവിക്കുന്ന ക്രിസ്തു താങ്കളോട് ചേർന്ന് നടക്കുന്നു. കരുണാമയനായ ക്രിസ്തു താങ്കളോട് സംസാരിക്കുന്നു.

ഒന്നാമതായി, ക്രിസ്തു അവരോട് ചേർന്നു നടന്നു. മരിച്ചു പോയി എന്ന് അവർ ധരിച്ചിരുന്ന ക്രിസ്തു ആണ് തങ്ങളോട് ചേർന്നു നടക്കുന്നതെന്ന് അവർ അറിഞ്ഞില്ല.

ഇന്നും നാമറിയുന്നില്ല, അത്യുന്നതൻ നമ്മോട് ചേർന്നു നടക്കുന്നു എന്ന്. നിരാശയും തളർച്ചയും നമ്മെ ബാധിക്കുമ്പോൾ അവൻ നമ്മോട് ചേർന്നു നടക്കുന്നു എന്ന് നാമറിയുന്നില്ല.

വളരെ മനോഹരമായ ഒരു കഥ കേട്ടിട്ടുണ്ട്. ഒരാൾ ജീവിതത്തിൽ ഒരു നല്ല സമർപ്പണം എടുത്തു, ഇനിമേൽ ക്രിസ്തു പ്രസാദിക്കുന്ന ഒരു ജീവിതം നയിക്കുമെന്ന്. ഇനിമേൽ അരുതാത്തതൊന്നും ജീവിതത്തിൽ സംഭവിക്കുകയില്ല എന്ന്.

അയാൾ പ്രാർത്ഥിച്ചു : "കർത്താവേ, നീ ഇനി എന്നെ വിട്ടുപോകരുത്. നീ എന്നോട് ചേർന്നു നടക്കണം."

അങ്ങനെ ക്രിസ്തുവും അയാളും ഒരുമിച്ച് നടക്കുകയാണ്. ആ ഭാഗ്യദിനങ്ങളെക്കുറിച്ച് അയാൾ ഒരു സ്വപ്നം കാണുകയാണ്. ഒരു മണൽപ്പരപ്പിലൂടെ ക്രിസ്തുവിനോടൊ

ന്നിച്ച് അയാൾ നടക്കുന്നു. മണലിൽ കാൽച്ചുവടുകൾ പതിയുന്നു. നാലു പാദമുദ്രകൾ. രണ്ടെണ്ണം ക്രിസ്തുവിന്റെ പാദങ്ങൾ. രണ്ടെണ്ണം അയാളുടേതും.

ഒരു ഭാഗത്ത് ചെന്നപ്പോൾ രണ്ടു പാദങ്ങളേ കാണുന്നുള്ളൂ. അയാൾ അമ്പരന്നു. ക്രിസ്തു എന്നെ വിട്ടു പോയല്ലൊ. അയാൾ തിരിഞ്ഞു നിന്നോർത്തു. ആ കാലം ഏതായിരുന്നു? വലിയ കഷ്ടതയുടെയും ദുരിതത്തിന്റെയും കാലങ്ങൾ. അത്യാപത്തുകളും നഷ്ടങ്ങളും കെടുതികളും അടിയ്ക്കടിവന്ന കാലങ്ങൾ.

അയാൾ ചോദിച്ചു : "യേശുവേ, എന്റെ ദുരിതത്തിന്റെ കാലങ്ങളിൽ നീ എന്നോടു കൂടെ നില്ക്കാഞ്ഞതെന്താണ്?"

"നിന്റെ പ്രയാസ കാലങ്ങളിൽ ഞാൻ നിന്റെ കൂടെ ഇല്ലായിരുന്നു എന്ന് നീ എങ്ങനെയറിഞ്ഞു?"

"കർത്താവേ, മറ്റു സമയങ്ങളിലൊക്കെ നാലു പാദങ്ങൾ മണലിൽ പതിഞ്ഞു കാണുന്നു. എന്നാൽ കഷ്ടതയുടെ കാലങ്ങളിൽ രണ്ടു പാദങ്ങൾ മാത്രമേ കാണുന്നുള്ളൂ."

"എന്റെ പ്രിയ മകനേ, നീ കാണുന്ന ആ രണ്ടു പാദങ്ങൾ എന്റെ പാദങ്ങളാണ്. നിന്റെ അല്ല. നിന്റെ കഷ്ടതയുടെ കാലങ്ങളിൽ ഞാൻ നിന്നെ എടുത്തിരിക്കയായിരുന്നു. നിന്റെ കാൽ നിലം തൊടാൻ ഇടവരുത്താതെ ഞാൻ നിന്നെ ചുമക്കുകയായിരുന്നു."

ദൈവപൈതലേ, ക്രിസ്തു നിന്നോടു ചേർന്നു നടക്കുന്ന ഭാഗ്യം നിനക്കു വേണമോ? നിന്റെ പാപങ്ങളെല്ലാം ഏറ്റു പറഞ്ഞുപേക്ഷിച്ച് ഒരു പുതിയ ജീവിതം നയിക്കൂ.

രണ്ടാമതായി, യേശു ആ ശിഷ്യൻമാരോടു ചോദിച്ചു :

“നിങ്ങൾ വഴി നടന്ന് തമ്മിൽ വാദിക്കുന്ന ഈ കാര്യം എന്ത്?

ക്ലെയോപ്പാവിന്റെ മറുപടി വളരെ നിരാശ മുറ്റിയതായിരുന്നു. നിരാശയും അവിശ്വാസവും നിറഞ്ഞ വാക്കുകൾ. യേശു ക്രൂശിക്കപ്പെട്ടു പോയല്ലൊ, ഞങ്ങളുടെ പ്രതീക്ഷകളെല്ലാം അറ്റുപോയല്ലൊ, എന്ന മറുപടി.

മൂന്നാമതായി, ക്രിസ്തു അവരുടെ അവിശ്വാസത്തെ ശാസിച്ചു :

> “അയ്യോ, ബുദ്ധിഹീനരേ, പ്രവാചകൻമാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടമനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ.”
>
> ലൂക്കോസ് 24 : 25 – 26

നാലാമതായി, അവിശ്വാസത്തെ ശാസിച്ചതിനുശേഷം അവർക്ക് തിരുവെഴുത്തുകളെ വ്യാഖ്യാനിച്ചു കൊടുത്തു.

യേശു വ്യാഖ്യാനിച്ചു തന്നാലേ നമുക്ക് വചനം ഗ്രഹിക്കാൻ കഴിയുകയുള്ളൂ. സ്നേഹിതാ, താങ്കളുടെ അവിശ്വാസത്തോടിപ്പോൾ യാത്ര പറയുമോ? യേശുവേ, തിരുവചനത്തിന്റെ പൊരുൾ എനിക്ക് വ്യാഖ്യാനിച്ചു തരണമേ എന്ന് യാചിക്കുമോ?

ഏത്യോപ്യക്കാരൻ ഷണ്ഡൻ ഫിലിപ്പോസിനോടു പറഞ്ഞില്ലേ : “ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും?” ഇന്നും അനേകർ വായിക്കുന്നുണ്ട്. ഒന്നുമൊന്നും ഗ്രഹിക്കുന്നില്ല. “നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ”, എന്ന് ഫീലിപ്പോസ് ആ ഉന്നതോദ്യോഗസ്ഥനോട് ചോദിച്ചത് ഇന്നും പ്രസക്തമാണ്. അപ്പോസ്തല പ്രവൃത്തികൾ 8 : 30 – 31

അഞ്ചാമതായി, അവരുടെ ഹൃദയം കത്തിച്ചു.

> "അവൻ നമ്മോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ നമ്മുടെ ഹൃദയം കത്തിക്കൊണ്ടിരുന്നില്ലയോ?" ലൂക്കോസ് 24 : 32

ക്രിസ്തു സംസാരിച്ചാൽ ഹൃദയം കത്തും. ജീവന്റെ ശബ്ദം കേട്ടാൽ ഹൃദയം കത്തും.

സങ്കീർത്തനക്കാരന്റെ ധ്യാനത്തിങ്കൽ കർത്താവ് തീ കത്തിച്ചു. അപ്പോഴാണ് നാവെടുത്ത് സംസാരിച്ചത്. ധ്യാനത്തിങ്കൽ തീ കത്തുന്നതു വരെ ഉരിയാടാതെ ഊമനായിരിക്കണം. ധ്യാനത്തിങ്കൽ തീ കത്തിയാൽ നാവെടുത്ത് സംസാരിക്കണം. സങ്കീർത്തനങ്ങൾ 39 : 2 – 3

ആറാമതായി, അവർ നിർബന്ധിച്ചപ്പോൾ അവൻ അവരുടെ കൂടെ പാർപ്പാൻ ചെന്നു. നിർബന്ധിക്കുന്നവരുടെ കൂടെ പാർപ്പാൻ ചെല്ലുന്നവനാണ് ക്രിസ്തു.

> "ഇപ്പോൾ ഞാൻ എഴുന്നേല്ക്കും, രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും." സങ്കീ. 12 : 15

> "ദാഹിക്കുന്നവൻ വരട്ടെ, ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ."
> വെളിപാട് 22 : 17

ഏഴാമതായി അതിഥി ആതിഥേയനായി. ക്രിസ്തു അപ്പം എടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്ക് കൊടുത്തു. അപ്പം നുറുക്കിയപ്പോൾ അവന്റെ കൈ അവർ കണ്ടു. ആണിപ്പാട് അവർ കണ്ടു. ക്രിസ്തു എന്ന് അവർ തിരിച്ചറിഞ്ഞു. അവരുടെ കണ്ണ് തുറന്നു.

നിരാശകൊണ്ടും ഭയപ്പാടുകൊണ്ടും അവിശ്വാസം കൊണ്ടും, ജീവിക്കുന്ന ക്രിസ്തുവിനെ തിരിച്ചറിയാത്ത എത്രയോ ആളുകളുണ്ട് മാന്യസ്നേഹിതാ, താങ്കൾ ക്രിസ്തുവിനെ തിരിച്ചറിയുന്നുവോ?

വിരുന്നുകാരനായി ക്ഷണിക്കപ്പെട്ട് വീട്ടിൽ വന്നവൻ വീട്ടുകാരനായി മാറും. അവൻ നിനക്ക് അപ്പം തരും. അവൻ നിനക്കു കണ്ണു തുറന്നു തരും. അവൻ നിനക്ക് തന്നെത്തന്നെ വെളിപ്പെടുത്തും.

അവരുടെ മുഖത്തിന്റെ വാട്ടം മാറി. അവർക്ക് മഹാസന്തോഷം കൈവന്നു. നിരാശയെല്ലാം ദൂരെപ്പോയി. ഭീതിയും ആശങ്കയും അവരെ വിട്ടോടി മാറി. ജീവിതത്തിൽ ശാന്തി തളിരിട്ടു. പ്രത്യാശയുടെ നറുനാമ്പുകൾ കിളിർത്തു. അവർ യേശുവിനെ കണ്ടു.

സാധു സുന്ദരസിംഗിന്റെ അനുഭവം ഇതായിരുന്നു. മതവൈരാഗ്യമുള്ള ആ സിക്ക് ബ്രാഹ്മണയുവാവ് ഒരു സത്യദൈവമുണ്ടെങ്കിൽ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടണം. ഇല്ലെങ്കിൽ ഞാൻ റെയിൽപാളത്തിൽ തലവെച്ച് മരിക്കും എന്ന് തീരുമാനിച്ച് തന്റെ മുറിയിൽ ഇരിക്കയായിരുന്നു.

മുറിയിൽ അത്യുജ്ജ്വല പ്രകാശം. നേരം വെളുത്തോ! വെളിയിലിറങ്ങി നോക്കി. കുറ്റാക്കൂരിരുട്ട്! നല്ല രാത്രി. അകത്ത് വന്നപ്പോൾ വീണ്ടും വലിയ പ്രകാശം! മൂന്നു പ്രാവശ്യം വെളിയിൽ ഇറങ്ങി നോക്കി. ഇരുട്ടു തന്നെ. അകത്ത് പ്രകാശം!

ആ പ്രകാശത്തിന്റെ മദ്ധ്യത്തിൽ ഇതാ, ആണിപ്പാടുള്ള കരവുമായി യേശു നില്ക്കുന്നു. തേജോമയനായ യേശു ഇരുകരവും ഉയർത്തി നില്ക്കുന്നു. കരങ്ങളിൽ ആണിപ്പാടുകൾ.

നിരാശമുറ്റിയ ഹൃദയത്തിലേക്ക് നിതാന്ത ശാന്തി! അലൗകിക സമാധാനം! അഭൗമ കാന്തി! സുന്ദരസിംഗ് അന്ന് ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു. ഭാരതത്തിലെ ആ ക്രൈസ്തവയോഗി ക്രിസ്തുവിന്റെ സുവിശേഷം ദിഗന്തങ്ങളിലെത്തിച്ചു.

മാന്യ സ്നേഹിതാ, നിന്റെ മുഖത്തിന്റെ വാട്ടം മാറിയോ? നെഹമ്യാവിന്റെ മുഖം വാടി, കയീന്റെ മുഖം വാടി, ഹന്നായുടെ മുഖംവാടി, എമ്മവൂസ്സിലേക്കു പോയ ശിഷ്യൻമാരുടെ മുഖം വാടി. താങ്കളുടെ മുഖത്തിന്റെ വാട്ടം മാറ്റുവാൻ ക്രിസ്തു ക്രൂശിൽ മുഖം വാടിയവനായി കിടന്നു.

"അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല,
കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല."
യേശയ്യാ 53 : 2

ആയിരങ്ങളിലും പതിനായിരങ്ങളിലും സുന്ദരനായവൻ വിരൂപനായത് എങ്ങനെ? സ്നേഹിതാ, നിനക്കുവേണ്ടി, നിന്റെ പാപത്തിന്റെ ശിക്ഷ ഏറ്റതുകൊണ്ട്, അവനായി നിന്റെ ജീവിതം സമർപ്പിക്കുമോ?

നമുക്ക് പ്രാർത്ഥിക്കാം :

നാഥാ, നീ എനിക്കുവേണ്ടി വാടിയവനായിത്തീർന്നതുകൊണ്ട് സ്തോത്രം. എന്റെ വാട്ടവും ക്ഷീണവും നിരാശയും അകറ്റാൻ നീ ക്രൂശിൽ മരിച്ചതിനാൽ സ്തോത്രം. എന്നെ അന്ത്യത്തോളം നിന്റെ സാക്ഷിയാക്കി നിറുത്തണമേ.

# ഒൻപത്

"എഴുന്നേറ്റ് പ്രകാശിക്ക." യെശയ്യാ 60 : 1

"ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും." എഫെസ്യർ 5 : 14

യുദ്ധവും സമാധാനവും (War and Peace) എന്ന നോവലിൽ റഷ്യൻ സർവ്വസൈന്യാധിപനായ ജനറൽ കൂർട്ടുസോവിനെക്കുറിച്ച് ഒരു സംഭവം വിവരിക്കുന്നുണ്ട്. നെപ്പോളിയന്റെ സൈന്യം റഷ്യയിലേക്ക് മുന്നേറുന്നു എന്നറിഞ്ഞ് കൂർട്ടുസോവ് തന്റെ മുറിയിൽ കയറി വാതിലടച്ച് ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏറെ നേരം പ്രാർത്ഥിച്ചതിനുശേഷം അദ്ദേഹം അവിടെ തളർന്ന് കിടക്കുകയായിരുന്നു. അപ്പോഴാണ് ഒരു ഭടൻ പാഞ്ഞുവന്നറിയിച്ചത് - നെപ്പോളിയന്റെ സൈന്യം പിൻവാങ്ങി, എന്ന്.

ജനറൽ കൂർട്ടുസോവ് ചാടിയെഴുന്നേറ്റു. ആ ഭടന്റെ വിവരണം കേട്ടു. അദ്ദേഹം മുട്ടിൻമേൽ വീണു. അദ്ദേഹം പറഞ്ഞു :

“എന്റെ ദൈവമേ, അങ്ങ് റഷ്യയെ രക്ഷിച്ചല്ലോ.”

തളർന്നിരുന്ന സർവ്വസൈനാധിപൻ ഉണർന്ന് എഴുന്നേറ്റ് ദൈവത്തെ സ്തുതിച്ചു.

ജീവനുള്ള ദൈവം തളർന്നിരിക്കുന്നവരെ ബലപ്പെടുത്തുന്നവനാണ്. വീണു കിടക്കുന്നവരെ എഴുന്നേല്പിക്കുന്നവനാണ്.

മാന്യ സ്നേഹിതാ, താങ്കൾ വശംകെട്ട് കഴിയുകയാണോ? കടഭാരം കൊണ്ടു താങ്കൾ തളർന്നിരിക്കുകയാണോ? മാറാ രോഗം കൊണ്ട് ഭാവി ഇരുളടഞ്ഞിരിക്കുകയാണോ? ഒരുകാലത്തുണ്ടായിരുന്ന ആത്മീയ തീക്ഷ്ണത കെട്ടുപോയതുകൊണ്ട് താങ്കൾ ഭാരപ്പെട്ടിരിക്കുകയാണോ? ഒരിക്കൽ വേണ്ടാ എന്നു വെച്ച പാപങ്ങൾ പിന്നെയും ജീവിതത്തിൽ വന്നതിനാൽ താങ്കൾ നിരാശനായിരിക്കുകയാണോ?

എങ്കിൽ കരുണയുള്ള ക്രിസ്തു താങ്കളോട് പറയുന്നു :

“എഴുന്നേറ്റു പ്രകാശിക്ക.”

“ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും.”

തിരുവചനം വായിക്കുമ്പോൾ നാം എഴുന്നേറ്റ് എന്തു ചെയ്യണമെന്ന് വിവിധ ഭാഗങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നത് കാണാം.

ഒന്നാമതായി, എഴുന്നേറ്റ് നിവർന്നു നില്ക്ക. അപ്പോസ്തല പ്രവൃത്തികൾ 26:16.

തർസോസുകാരനായ ശൗൽ ക്രിസ്യാനികളെ കഠോര

മായി പീഡിപ്പിക്കുന്നവനായിരുന്നു. സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്നതിനു നേതൃത്വം കൊടുത്തത് അവനായിരുന്നു.

അക്കാലത്ത് ക്രിസ്തീയ വിശ്വാസികൾക്ക് ഭീകരയാതനകൾ സഹിക്കേണ്ടിവന്നു. യഹൂദമതവും റോമൻ ഗവൺമെന്റും ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ചു.

ഒരിക്കൽ ശൗൽ യരൂശലേമിലെ മഹാപുരോഹിതൻമാരുടെ പക്കൽനിന്ന് അധികാരപത്രം വാങ്ങിക്കൊണ്ട് നിഷ്ഠൂരൻമാരായ ഏതാനുംപേരോടു ചേർന്ന് ദമസ്ക്കോസിലെ ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ പുറപ്പെട്ടു. ദൈവത്തിനു പ്രസാദമുള്ള ഒരു കാര്യമാണ് ചെയ്യുന്നതെന്ന് ശൗൽ ധരിച്ചിരുന്നു. ക്രസ്ത്യാനികൾ യരൂശലേം ദേവാലയത്തിനും മതത്തിനും പുരോഹിതന്മാർക്കും ദൈവത്തിനും എതിരാണെന്നാണ് അന്ന് ഒരു പൊതുധാരണയുണ്ടായിരുന്നത്.

ഇന്നും അങ്ങനെയല്ലേ? സാക്ഷാൽ ദൈവത്തെ സ്നേഹിക്കാനും കറപറ്റാതെ ജീവിക്കാനും മതത്തിന്റെയും സഭയുടെയും കാതലായ കാഴ്ച്ചപ്പാട് എന്ത് എന്ന് അറിഞ്ഞ് അനുസരിക്കുന്ന ദൈവമക്കളെ ഇന്ന് അനേകർ തെറ്റിദ്ധരിക്കുകയല്ലേ? അവരെ അംഗീകരിക്കാനോ അവർക്ക് കൈത്താങ്ങൽ കൊടുക്കാനോ അധികാരസ്ഥാനങ്ങൾ ഒരുങ്ങുന്നുണ്ടോ? ഇല്ലെന്നു മാത്രമല്ല, കടുത്ത അവഗണനയും നിന്ദനവുമല്ലേ പലപ്പോഴും അവർക്ക് ലഭിക്കുന്നത്?

സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്നതിന് നേതൃത്വം കൊടുത്ത ശൗലും കൂട്ടാളികളും വരുന്നുവെന്ന് ദമസ്ക്കോസിലെ ദൈവമക്കൾ അറിഞ്ഞു. അവർ അനന്യാസ് എന്ന ഒരു ദൈവപൈതലിന്റെ വീട്ടിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ശൗലിന്റെ ഉരുക്കുമുഷ്ടിയിൽനിന്ന് ഞങ്ങളെ

രക്ഷിക്കണമേ എന്ന് അവർ നിലവിളിച്ചു കൊണ്ടിരുന്നു. ശൗലിന് ഒരു സത്യമാനസാന്തരം നൽകണമേ എന്ന് അവർ കരഞ്ഞുകൊണ്ടിരുന്നു.

ശൗലും കൂട്ടുകാരും ദമസ്ക്കോസിന്റെ പ്രവേശന കവാടത്തിലെത്തി. നട്ടുച്ചനേരമായിരുന്നു. പെട്ടെന്ന് സൂര്യപ്രകാശത്തെ കവിയുന്ന ഒരു വെളിച്ചം അവരെ ചുറ്റി മിന്നി. അവർ എല്ലാവരും നിലത്തു വീണു. ആ അത്യുജ്ജ്വല തേജസ്സ് എല്ലാവരും കണ്ടു.

പക്ഷേ ആ പ്രകാശത്തിൽനിന്ന് ഒരു ശബ്ദം ശൗൽ മാത്രം കേട്ടു :

"ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?"

സ്നേഹവാനായ ക്രിസ്തുവിന്റെ കരുണാർദ്രമായ സ്വരം.

ശൗൽ ക്രിസ്തുവിനെ ഉപദ്രവിച്ചിട്ടില്ലല്ലൊ. പിന്നെ എന്താണ് "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ" , എന്ന് ക്രിസ്തു പറഞ്ഞത്?

സ്നേഹിതാ, നീ ദൈവമക്കളെ ഉപദ്രവിക്കുന്നു എങ്കിൽ ദൈവത്തെയാണ് ഉപദ്രവിക്കുന്നത്. ക്രിസ്തു പറഞ്ഞു :

> "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളൊന്നു."
>
> മത്തായി 10 : 40

> "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്ന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ

താഴ്ത്തിക്കളയുന്നത് അവന് നന്ന്."

മത്തായി 18 : 6

"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതൻമാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു."

മത്തായി 18 : 10

മാന്യ സഹോദരാ, പ്രിയ സഹോദരീ, ഏതെങ്കിലും ഒരു ദൈവപൈതലിന് വേദനയുളവാക്കുന്നതെന്തെങ്കിലും നിന്റെ വാക്കിലോ പ്രവൃത്തിയിലോ പെരുമാറ്റത്തിലോ വന്നുപോയിട്ടുണ്ടോ? അത് നീ ക്രിസ്തുവിനെത്തന്നെ ഉപദ്രവിച്ചതായാണ് ക്രിസ്തു കാണുന്നത്.

"ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ."

മുള്ളിന്റെ നേരെ തൊഴിക്കുന്നതു നിനക്കുതന്നെ ദോഷം വരുത്തും. നീ എന്തിന് നിനക്കു നാശം വരുത്തുന്നു?

"മുള്ളിന്റെ നേരെ ഉതയ്ക്കുന്നത് നിനക്ക് വിഷമം ആകുന്നു."

അപ്പോ. പ്രവൃത്തികൾ 26 : 14

"നീ ഉപദ്രവിക്കുന്ന യേശു തന്നേ ഞാൻ. എങ്കിലും എഴുന്നേറ്റ് നിവർന്നു നില്ക്ക."

അപ്പൊ. പ്രവ 26 : 15 – 16

നീ ഇതുവരെ എന്നെ ഉപദ്രവിച്ചു എങ്കിലും ഇപ്പോൾ എഴുന്നേറ്റു നിവർന്നു നിൽക്ക എന്നത്രെ ക്രിസ്തു പറയുന്നത്.

മാന്യ സ്നേഹിതാ, ഇതുവരെ എങ്ങനെ ജീവിച്ചു എന്ന

ല്ല, ഇന്നു മുതൽ എങ്ങനെ ജീവിക്കും എന്നാണ് ക്രിസ്തു ചോദിക്കുന്നത്.

“ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോക; ഇനി പാപം ചെയ്യരുത്” , എന്നു പറഞ്ഞ അതേ സ്വരം. യോഹ. 8:11.

“ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു” , സമാധാന ത്തോടെ പോക എന്ന അതേ ശബ്ദം. ലൂക്കോസ് 7:47-50.

ശൗൽ മാനസാന്തരപ്പെട്ടു. ആരെ ഉപദ്രവിക്കാൻ ശൗൽ അധികാരപത്രവുമായി വന്നുവോ, ആ ദമസ്ക്കോസിലെ അന ന്യാസ് വന്ന് തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്നതുവരെ ശൗലിന് കണ്ണിന് കാഴ്ചയുണ്ടായിരുന്നില്ല.

ശൗലിനോട് സംസാരിച്ച ക്രിസ്തു അനന്യാസിനോടും സംസാരിച്ചു. അപ്പോ. പ്രവൃത്തികൾ 9:10-18.

പാപത്തിൽ വീണു കിടക്കുന്ന മാന്യ യുവാവേ, ക്രിസ്തു നിന്നോട് പറയുന്നു : “എഴുന്നേറ്റ് നിവർന്നു നില്ക്ക.” നിഷ്ഠൂ രനായ ശൗലിനെ പരിശുദ്ധനായ പൗലോസ് അപ്പോസ്തല നാക്കി മാറ്റിയ ക്രിസ്തു നിന്നെ രൂപാന്തരപ്പെടുത്തും.

നീ ഇപ്പോൾ ദമസ്ക്കോസിന്റെ പടിവാതിലിലെത്തി നില്ക്കുകയാണ്. ഇതുവരെയുള്ള ചുവടുവെപ്പുകൾ ഓരോന്നും ദൈവത്തിനും ദൈവജനത്തിനും എതിരായിരുന്നു. ഈ നിമിഷം മുതൽ ദൈവത്തിനും ജൈവജനത്തിനും പ്രയോജ നകരമായ പുതിയ കാൽവെപ്പിന് നിനക്ക് മനസ്സുണ്ടോ എന്ന് ക്രിസ്തു നിന്നോടു ചോദിക്കുന്നു.

“എഴുന്നേറ്റ് നിവിർന്നു നില്ക്ക.”

രണ്ടാമതായി "ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അപ്പനോടു പറയും." ലൂക്കോസ് 15:18.

ധൂർത്തപുത്രൻ അപ്പനെ വിട്ട് ദൂരെ ദൂരെ പാർക്കുകയാണ്. അപ്പന്റെ വീടു വിട്ട് അകലെയാണ്. അപ്പന്റെ വയൽ വിട്ട് ലോകസുഖങ്ങളുടെ മേച്ചൽപ്പുറത്താണ്. അപ്പന്റെ സ്വത്തെല്ലാം നാനാവിധമാക്കിക്കഴിയുകയാണ്.

എല്ലാം ചെലവഴിച്ചശേഷം ദേശത്ത് കഠിന ക്ഷാമമായപ്പോൾ അവൻ വലഞ്ഞു. ശോഭനമായ ചില തീരുമാനങ്ങളെടുക്കാൻ ചില ക്ഷാമങ്ങൾ വരുന്നത് നല്ലതാണ്. വിദേശത്തിലെ പ്രഭുവിന്റെ പന്നികളെ മേച്ചിട്ടും ആഹാരത്തിന് വഴി കണ്ടില്ല. പന്നി തിന്നുന്ന തവിടുപോലും കിട്ടാതെ വന്നപ്പോഴാണ് അവനു സുബോധം വന്നത്.

അവൻ പറഞ്ഞു :

> "ഞാൻ എഴുന്നേറ്റ് എന്റെ അപ്പന്റെ അടുക്കൽ ചെന്ന് അവനോട് : "അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകനെന്ന പേരിന് ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്ന് പറയും."
>
> ലൂക്കോസ് 15 : 18 -1 9

അവൻ തിരികെ വന്നു. നഷ്ടപ്പെട്ടതെല്ലാം അവന് തിരികെ കിട്ടി. അവന്റെ അപ്പൻ അവനെ വിരുന്നുമേശയിലേക്കാനയിച്ചു.

മാന്യ സ്നേഹിതാ, ധൂർത്തപുത്രനെപ്പോലെ ഒരു തീരുമാനം നീ എടുക്കുമോ? പാപത്തോടും പാപസാഹചര്യങ്ങളോടും നീ ഇപ്പോൾ യാത്ര പറയുമോ?

പ്രിയനേ, നീ എന്തിന് തന്നെത്താൻ നശിപ്പിക്കുന്നു? നിനക്ക് ഒരപ്പനുണ്ടല്ലൊ. സ്നേഹം നിറഞ്ഞ ഒരു അപ്പൻ നിനക്കുണ്ടല്ലൊ. കഴിഞ്ഞതെല്ലാം മറക്കാൻ മനസ്സലിവുള്ള ഒരു നല്ല അപ്പൻ നിനക്കുണ്ടല്ലൊ. എഴുന്നേറ്റ് ഓടിവരുവിൻ അപ്പന്റെ ഭവനത്തിലേക്ക്.

കിട്ടും നിനക്ക് അപ്പന്റെ വാത്സല്യം. ലഭിക്കും നിനക്ക് അപ്പന്റെ വീട്ടിലെ സുഖം. പ്രാപിക്കും നീ നിന്റെ അപ്പന്റെ വേലക്കാരുടെ സഖിത്വം. മാറും നിന്റെ വിശപ്പെല്ലാം. തീരും നിന്റെ യാതനയെല്ലാം. ഒടുങ്ങും നിന്റെ ക്ഷാമമെല്ലാം.

എഴുന്നേറ്റ് നിവിർന്നു നില്ക്ക.

എഴുന്നേറ്റു അപ്പന്റെ വീട്ടിലേക്ക് പോക.

സ്നേഹിതാ, നീ തീരുമാനിക്കുന്നുവോ? എങ്കിൽ ക്രിസ്തുവിനോട് പറയൂ.

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ, ഞാനിതാ വരുന്നു. എന്നെ സ്വീകരിക്കേണമേ.

നമുക്ക് പ്രാർത്ഥിക്കാം :

കാരുണ്യവാനായ ദൈവമേ, വാഴ്ത്തപ്പെട്ട കർത്താവേ, ഇന്നു തന്ന ആഹ്വാനത്തിനായി സ്തോത്രം. തന്ന സ്വർഗ്ഗീയ ദൂതിനായി സ്തോത്രം. ദിവ്യസ്നേഹം മാടിവിളിക്കുന്നതിനായി സ്തോത്രം. മരണത്തോളം നിലനിറുത്തണമേ.

# പത്ത്

"എഴുന്നേറ്റ് പ്രകാശിക്ക." യെശയ്യാ 60 : 1

"ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേല്ക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും." എഫെസ്യർ 5 : 14

കഴിഞ്ഞ ആ അദ്ധ്യായത്തിൽ ഈ വിഷയത്തെക്കുറിച്ച് ചില കാര്യങ്ങൾ നാം ചിന്തിക്കുകയുണ്ടായല്ലൊ.

എന്തിനാണ് എഴുന്നേല്ക്കുന്നത്? എഴുന്നേറ്റ് ചെയ്യേണ്ടത് എന്താണ്?

ഒന്ന്, എഴുന്നേറ്റ് നിവർന്നു നില്ക്ക.

ശൗൽ എഴുന്നേറ്റ് പൗലോസായി മാറി.

രണ്ട്, എഴുന്നേറ്റ് അപ്പന്റെ അടുക്കലേക്ക് പോകുക. മുടിയൻ പുത്രൻ അപ്പന്റെ വീട്ടിൽ ചെന്ന് അപ്പന്റെ വിരുന്നുമേശയുടെ സമൃദ്ധി അനുഭവിച്ചു.

മൂന്ന്, എഴുന്നേറ്റ് മടങ്ങിപ്പോക. ഉല്പത്തി 31 : 13

"നീ തൂണിനെ അഭിഷേകം ചെയ്യുകയും എന്നോട് നേർച്ച നേരുകയും ചെയ്ത സ്ഥല മായ ബേഥേലിന്റെ ദൈവമാകുന്നു ഞാൻ. ആക യാൽ നീ എവുന്നേറ്റ് ഈ ദേശം വിട്ട് നിന്റെ ജൻമദേശത്തേക്ക് മടങ്ങിപ്പോക."

ഉല്പത്തി 31 : 13

ഇത് നിത്യനായ ദൈവം യാക്കോബിനോട് പറയുന്ന വാക്കുകളാണ്. യാക്കോബ്, പിതൃഭവനം വിട്ട് ദൂരെ ഹാരാ നിൽ അമ്മാവനായ ലാബാന്റെ ഭവനത്തിൽ കഴിഞ്ഞ ഇരു പതു വർഷമായി പാർക്കുകയായിരുന്നു. സ്വന്തഭവന ത്തിൽനിന്ന് ദീർഘ സംവത്സരങ്ങൾ അകന്നു നിന്ന യാക്കോ ബിനോട് മടങ്ങിപ്പോകാനാണ് ദൈവം കല്പിക്കുന്നത്.

യൗവ്വനാരംഭത്തിൽ വീടുവിട്ടിറങ്ങിയ നാളുകൾ. ആശ ങ്കയും ആകുലവും നിറഞ്ഞുനിന്ന നാളുകൾ. ഭയവും ഭീതിയും അലട്ടിയ നാളുകൾ. മരണഭീതിയോടെ ജീവൻ രക്ഷിക്കാൻ ഓടിയ നാളുകൾ. നാളെ എന്ത് എന്നതിനെപ്പറ്റി ഒരു ഉറപ്പുമില്ലാത്ത അനിശ്ചിതത്വത്തിന്റെ നാളുകൾ. അന്ന് ബേഥേലിൽവെച്ച് ദൈവത്തോട് ഒരു ഉടമ്പടി ചെയ്തതാണ്. ജീവിത്തതിന്റെ കർത്തൃത്വം സർവ്വ വല്ലഭന്റെ കൈകളിലേ ല്പിച്ചതാണ്.

സ്നേഹിതാ, താങ്കൾ എന്നെങ്കിലും ദൈവത്തോട് ഒരു വാക്ക് പറഞ്ഞിട്ടുണ്ടോ? ജീവിതം ക്രിസ്തുവിന്റെ കരങ്ങളി ലേല്പിച്ചിട്ടുണ്ടോ? ജീവിതത്തിന്റെ ഭാവി ക്രിസ്തുവിനെ ഭര മേല്പിച്ചിട്ടുണ്ടോ?

ബേഥേലിലെ സമർപ്പണത്തിനുശേഷം കഴിഞ്ഞ ഇരു പതു കൊല്ലമായി യാക്കോബ് ഹാരാനിൽ പഴയതെല്ലാം മറന്ന് കഴിയുകയാണ്. താൻ ദൈവത്തോടു പറഞ്ഞ ഉടമ്പടി

യാക്കോബ് മറന്നു. ദൈവം തന്നോട് പറഞ്ഞ വാഗ്ദത്തവും യാക്കോബ് മറന്നു. എന്നാൽ നിത്യനായ ദൈവം അതൊന്നും മറന്നില്ല.

സുഹൃത്തേ, താങ്കൾ ഒരിക്കൽ എടുത്ത സമർപ്പണ ത്തിൽനിന്ന് എത്രയോ ദൂരെ താങ്കൾ കഴിയുകയാണ്. താങ്ക ളുടെ തീരുമാനവും പ്രതിഷ്ഠയും മറന്നിരിക്കുകയാണോ? ദൈവം താങ്കളോടു പറഞ്ഞ വാക്കും താങ്കൾ ദൈവത്തോടു പറഞ്ഞ വാക്കും കർത്താവ് മറന്നിട്ടില്ല.

വർഷങ്ങൾക്കുശേഷം ദൈവം യാക്കോബിനെ ഓർമ്മി പ്പിക്കുകയാണ്; ബേഥേലിലെ ഉടമ്പടിയെക്കുറിച്ച്. ബേഥേലി ലേക്ക് മടങ്ങിപ്പോകാൻ കല്പിക്കുകയാണ് സ്നേഹവാനായ ദൈവം.

പതിനാലു കൊല്ലം ലേയയ്ക്കും റാഹേലിനും - ഭാര്യ മാർക്കുവേണ്ടിയും, ആറു കൊല്ലം ആടുമാടുകൾക്കുവേ ണ്ടിയും യാക്കോബ് ജീവിച്ചു. മാന്യ സ്നേഹിതാ, ജഡത്തിനും ലോകത്തിനും സ്വയത്തിനും അടിമപ്പെട്ടു ജീവിച്ച, കഴിഞ്ഞ കാലം, നീ കാണുന്നുണ്ടോ? എല്ലാം വിട്ട് നിത്യനായ ദൈവ ത്തോട് നേർച്ച നേർന്ന ബേഥേലിന്റെ ആദ്യകാലാനുഭവങ്ങ ളിലേക്ക് മടങ്ങിവരുമോ?

മൂന്ന്, എഴുന്നേറ്റ് ബേഥേലിലേയ്ക്ക് മടങ്ങിപ്പോക.

നാല്, എഴുന്നേറ്റ് വിളിച്ചപേക്ഷിക്ക. യോന 1 : 6

“എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ച് അപേക്ഷിക്ക.”

യോന കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് ഉറങ്ങുകയായി രുന്നു. കടലിൽ ഓളങ്ങളാഞ്ഞടിക്കുകയാണ്. ചുഴലിക്കാറ്റ് വീശിയടിക്കുകയാണ്. കപ്പൽ മുങ്ങാറാകുകയാണ്. കപ്പലിലെ

ചരക്കെല്ലാം എറിഞ്ഞു കളഞ്ഞിട്ടും അപകടഭീഷണി മാറു ന്നില്ല. അപ്പോഴാണ് കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങുന്ന യോനയെ കപ്പിത്താൻ ഉണർത്തുന്നത്:

“എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക.”

ചുറ്റുപാടുകളുടെ വേലിയേറ്റങ്ങളോ അപകടങ്ങളുടെ ഭീഷ ണിയോ അറിയാതെ സ്നേഹിതാ, നീ യോനയെപ്പോലെ കിടന്നുറങ്ങുകയാണോ? അതിവേഗം നിന്റെ പാപത്തെ ഏറ്റു പറഞ്ഞുപേക്ഷിച്ച് ദൈവത്തോടു നിരപ്പാകുക. നിന്റെ ദൈവ ത്തോട് നിലവിളിച്ചപേക്ഷിക്ക.

അഞ്ച്, എഴുന്നേറ്റ് തിന്നുക. 1 രാജാക്കന്മാർ 19 : 5–7

കർമ്മേലിലെ സ്വർഗ്ഗീയ വിജയത്തിനുശേഷം ഏലിയാ പ്രവാചകൻ തളർന്നുപോയി. കർമ്മേലിൽ സ്വർഗ്ഗത്തിലെ അഗ്നി ഇറങ്ങുവാൻ ദൈവം ഉപയോഗിച്ച ദൈവപുരുഷൻ അവശനായിപ്പോയി.

ആത്മീയ ജീവിതത്തിൽ ‘ഇന്നലെ’കളില്ല, ‘ഇന്നേ’യുള്ളൂ. ഇന്നലെ തീ ഇറങ്ങിയതാണ്. ഇന്നലെ ബാലിന്റെ പ്രവാചക ന്മാരെ തകർത്തതാണ്. ഇന്നലെ വിഗ്രഹധ്വംസകനായി തിള ങ്ങിയവനാണ്. ഇന്നലെ വിശ്വാസവീരനായി വിളങ്ങിയവനാ ണ്.

ഇന്നോ? ഇന്ന് ഏകനായി തളർന്ന് ചൂരച്ചെടിയുടെ തണ ലിൽ കിടക്കുകയാണ്. ഇന്ന് മരിച്ചാൽ മതിയെന്ന് ആശിച്ച്, ജീവിതം മടുത്ത് ബേർ-ശേബാ മരുഭൂമിയിൽകൂടി പ്രാഞ്ചി, പ്രാഞ്ചി, വേച്ചുവേച്ച് നടന്നുനീങ്ങുകയാണ്. ഇന്നലെ വിജയ ത്തിന്റെ സ്തോത്രസംഗീതം. ഇന്ന് നിരാശയുടെ ചുടുനെടു വീർപ്പുകൾ.

“വീരൻമാർ പട്ടുപോയതെങ്ങനെ? യുദ്ധമദ്ധ്യേ വീരന്മാർ പട്ടുപോയതെങ്ങനെ? ബലശാലികൾ വീണുപോയതെങ്ങനെ?” 2 ശമുവേൽ 1 : 19, 25, 27. ദാവീദ് പണ്ട് വിതുമ്പികൊണ്ട് ഇങ്ങനെ ഏങ്ങലടിച്ച് കരഞ്ഞു.

ഏലിയാവ് തളർന്നപ്പോൾ ദൈവം തന്റെ ദാസനെ മറന്നില്ല. ദൈവം തന്റെ ദൂതനെ അയച്ചു. കനലിൽ ചുട്ട അടയും തുരുത്തിയിൽ വെള്ളവും തലയ്ക്കൽ. അതു തിന്ന്, കുടിച്ച് പ്രവാചകൻ വീണ്ടും ഉറങ്ങി. ദൈവദൂതൻ രണ്ടാം പ്രാവശ്യവും വന്ന് അവനെ തട്ടി.

“എഴുന്നേറ്റു തിന്നുക; നിനക്ക് ദൂരയാത്ര ചെയ്യാനുണ്ടല്ലോ.”

തളർന്നിരിക്കുന്ന മാന്യ ദൈവപൈതലേ, നിനക്കു ദൂരയാത്ര ചെയ്യാനുണ്ട് എന്നത്രേ ദൈവം നിന്നോട് പറയുന്നത്. മകനേ, നീ തളർന്നു കിടക്കേണ്ടവനല്ല. ഇനിയും ഉണ്ട് നിനക്ക് ശുശ്രൂഷകൾ. നിന്റെ ശുശ്രൂഷയെല്ലാം തീർന്നു എന്ന് നീ കരുതരുത്. ദൂരയാത്ര ചെയ്യാൻ എഴുന്നേറ്റ് തിന്നുക.

ആറ്, എഴുന്നേറ്റ് പണിയും. നെഹമ്യാവ് 2 : 20

യരുശലേം ദേവാലയം പുതുക്കിപ്പണിയുന്നതിനെപ്പറ്റി എസ്രായുടെ പുസ്തകവും, ദേവാലയത്തിനു ചുറ്റും മതിൽ പണിയുന്നതിനെപ്പറ്റി നെഹമ്യാവിന്റെ പുസ്തകവും പ്രതിപാദിക്കുന്നു.

പൂർവ്വിക പിതാക്കന്മാരുടെ കാലത്തെ അടിസ്ഥാനങ്ങൾ ഇടിഞ്ഞുപോയി എന്ന് പറഞ്ഞ് നെഹമ്യാവ് ദു:ഖിക്കുകയാണ്. നെഹമ്യാവ് ചോദിക്കുന്നു :

"എന്റെ പിതാക്കൻമാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ട് വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നതെങ്ങനെ? നെഹ. 2 : 3

"യരുശലേം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ട് വെന്തും കിടക്കുന്നതായി നാം അകപ്പെട്ടിരിക്കുന്ന ഈ അനർത്ഥം നിങ്ങൾ കാണുന്നുവല്ലൊ. വരുവിൻ; നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യരൂശലേമിന്റെ മതിൽ പണിയുക." നെഹ 2 : 17

ഈ നല്ല പ്രവൃത്തിക്കായി നെഹമ്യാവും ദൈവമക്കളും തീരുമാനിക്കുകയും അന്യോന്യം ധൈര്യപ്പെടുത്തുകയും ചെയ്തു. ഇത് സൻബല്ലത്തും തോബീയാവും മറ്റും കേട്ടപ്പോൾ അവർ ദൈവമക്കളെ പരിഹസിച്ച് നിന്ദിച്ചു. മാത്രമല്ല ഒരു ദുരാരോപണം അവർ പറഞ്ഞു പരത്തുകയും ചെയ്തു. നെഹമ്യാവ് അധികാരസ്ഥാനത്തോടെ മത്സരിക്കുകയാണ് എന്ന്. അവർ അപവാദം പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു. അപ്പോൾ നെഹമ്യാവ് ധൈര്യവും വിശ്വാസവും പകർന്നു കൊണ്ട് പറയുകയാണ്:

"സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്ക് കാര്യം സാധിപ്പിക്കും. ആകയാൽ അവന്റെ ദാസൻമാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും." നെഹമ്യാവ് 2 : 20

ദൈവപൈതലേ കർത്താവിന്റെ വേലയ്ക്കുവേണ്ടി നീ എഴുന്നേല്ക്കുമോ? ക്രിസ്തുവിന്റെ ഒരു സ്ഥാനാപതിയായി ഈ ഭൂമിയിൽ നില്ക്കാൻ നിനക്ക് കൊതിയുണ്ടോ? വിശ്വസ്തതയും വിശുദ്ധിയും കൈമുതലായ ഒരു വേലക്കാരനായി

നില്ക്കാൻ നിന്റെ ഹൃദയം ദാഹിക്കുന്നുവോ?

ഏഴ്, എഴുന്നേറ്റു വരും. ദാനിയേൽ 12 : 13

ദാനിയേൽ പ്രവാചകന് ദൈവം നൽകുന്ന വാഗ്ദാനമാണിത്. നീ വിശ്വസ്തതയോടെ പ്രവർത്തിച്ച് നിന്റെ വേല തികച്ചല്ലോ. മകനേ, നിന്റെ ശുശ്രൂഷ അവസാനിച്ചു. ഇനി നീ വിശ്രമിച്ചുകൊള്ളൂ. മരണം വഴിയായ അന്ത്യവിശ്രമം.

കർത്താവ് അരുളിച്ചെയ്തു :

> "നീയോ അവസാനം വരുവോളം പൊയക്കൊൾക; നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ ഴുന്നേറ്റു വരും."
>
> ദാനി 12 : 13

ദാനിയേലിനുള്ള സ്വർഗ്ഗീയ ഓഹരി ദൈവം കരുതിയിട്ടുണ്ട്. അത് പ്രാപിക്കാനായി കാലത്തിന്റെ അവസാനത്തിൽ കല്ലറയിൽ നിന്ന് നിലത്തിലെ പൊടിയിൽനിന്ന്, ദാനിയേൽ ഉയിർത്തെഴുന്നേറ്റ് വരും എന്നത്രേ ദൈവം കല്പിക്കുന്നത്.

"ഞാൻ തന്നേ പുനരുത്ഥാനവും ജീവനുമാകുന്നു" , എന്ന് ക്രിസ്തു അരുളിച്ചെയ്തു. യോഹ 11 : 25. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ വിശുദ്ധൻമാർ ഉയിർത്തെഴുന്നേറ്റ് ക്രിസ്തുവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. അതാണ് ഒന്നാമത്തെ പുനരുത്ഥാനം. അത് വിശുദ്ധൻമാർക്ക് മാത്രമേയുള്ളൂ. അഥവാ നയവാൻമാർക്ക്, അതായത് നീതിമാൻമാർക്ക് മാത്രം.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നുവെന്ന് വെളിപാട് 20-ന്റെ 6-ൽ നാം വായിക്കുന്നു. അതിനെക്കുറിച്ച് പിതാക്കന്മാർ വിശ്വസിച്ചിരുന്നു.

പരിശുദ്ധപിതാക്കന്മാർ പാടി :

മൃതരെ ജീവിപ്പിപ്പാൻ എഴുന്നള്ളുന്ന രാജാവായ ക്രിസ്തു മുകിലഴകിൻമേൽ–ആകാശമേഘങ്ങളുടെ ശോഭയിൻമേൽ – വീണ്ടും വരും. അന്ന് നയവാന്മാർ (പരിശുദ്ധൻമാർ മാത്രം) ക്രിസ്തുവിന്റെ വരവിന്റെ മുമ്പുള്ള കാഹളനാദം കേട്ടിട്ട് അങ്കി അണിഞ്ഞ്, മഹമാവിൻ നീരാളം ചാർത്തി, നീതിയിൻ വസ്ത്രം ധരിച്ച്, ക്രിസ്തുവിനെ എതിരേല്പ്പാൻ പറന്നുയരും.

"മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി–
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു."

മാന്യ സ്നേഹിതാ, ആ പരിശുദ്ധൻമാരുടെ നിരയിൽ നീയും കാണപ്പെടുമോ? സ്വർഗ്ഗീയ ഓഹരി നിനക്ക് ലഭിക്കുമോ? ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള നീതീകരണം – നീതിയിൽ വസ്ത്രം – നിനക്കു ലഭിച്ചുവോ? ഇതുവരെ ആ അനുഭവം ലഭിച്ചില്ലെങ്കിൽ ഇപ്പോൾ നീ ക്രിസ്തുവിനോട് പറയുക : നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക. കുറ്റവാളിയായ എന്നെ കുറ്റവിമുക്തനാക്കുന്ന തിരുരക്തത്താലുള്ള നീതീകരണം എനിക്ക് നൽകണമേ.

നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം :

നാഥാ, എഴുന്നേറ്റ് പ്രകാശിക്കാൻ തന്ന സ്വർഗ്ഗീയദൂതിനായി സ്തോത്രം. എഴുന്നേറ്റ് നിവർന്നുനിൽക്കാൻ, എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോകാൻ, എഴുന്നേറ്റ് ജന്മദേശത്തേക്ക് മടങ്ങിപ്പോകാൻ, എഴുന്നേറ്റ് ദൈവത്തെ വിളിച്ചപേക്ഷിക്കാൻ, എഴുന്നേറ്റ് തിന്നാൻ, എഴുന്നേറ്റ് പണിയാൻ,

അന്ത്യനാളിൽ അവിടത്തെ എതിരേറ്റ് ഓഹരി പ്രാപിക്കാൻ എനിക്ക് ഭാഗ്യം നൽകണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ.

## പതിനൊന്ന്

"ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ, അവർ ദൈവത്തെ കാണും."

മത്തായി 5 : 8

ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം ക്രിസ്തുവിന്റെ സാരോപദേശ സംഗ്രഹമാണ്. ജാതിമതഭേദമെന്യേ, വർഗ്ഗവർണ്ണ വ്യത്യാസമെന്യേ, ആർക്കും അംഗീകരിക്കാവുന്ന വിശിഷ്ടോപദേശങ്ങളാണ് ക്രിസ്തുവിന്റെ ആ ഒന്നാമത്തെ പ്രസംഗം :

പ്രസ്തുത പ്രസംഗത്തിലെ ഒരു സുപ്രധാന വാക്യമാണ് : "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും."

ഹൃദയത്തിന്റെ മതമാണ് ക്രിസ്തുമതം. ഹൃദയത്തിന്റെ രൂപാന്തരവും വിശുദ്ധീകരണവുമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറ. ആകത്തുക.

"നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിച്ച് വിശുദ്ധൻമാരാ

യിരിപ്പിൻ... ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു.", എന്ന് ലേവ്യാ പുസ്തകം 20 : 28 ൽ നിത്യനായ ദൈവം അരുളിച്ചെയ്യുന്നു. (ലേവ്യാ പുസ്തകം 20 : 15, 22 : 9, 22 : 16, 22 : 32)4

മനുഷ്യന്റെ നന്മയുടെയും തിന്മയുടെയും ഉറവിടം ഹൃദയമാകുന്നു. യേശുക്രിസ്തു പറഞ്ഞു :

> "മനുഷ്യനിൽ നിന്ന് പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്, അകത്തു നിന്ന്, മനുഷ്യരുടെ ഹൃദയത്തിൽനിന്ന് തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കു കണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തു നിന്ന് പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു." മർക്കോസ് 7 : 20 – 23

> "വായിൽ നിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്ന് വരുന്നു. അത് മനുഷ്യനെ അശുദ്ധമാക്കുന്നു. എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു വരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രേ." മത്തായി 15 : 18 – 20

ഹൃദയം വിശുദ്ധമായാൽ ജീവിതം മുഴുവൻ വിശുദ്ധമാകും. ജീവിതം വിശുദ്ധമായാൽ Tension മാറും, Confusion പോകും, ഹൃദയം ദൈവികസമാധാനം കൊണ്ടു നിറയും. മനശ്ശാന്തി ജീവിതത്തെ ആകമാനം പ്രസാദപൂർണ്ണമാക്കും.

യേശുക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറു വർഷം മുമ്പ് യിരമ്യാപ്രവാചകൻ എഴുതി :

> "ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്, അത് ആരാഞ്ഞറിയുന്നവൻ ആർ? യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന്ന് അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു."
>
> യിരമ്യാവ് 17 : 9 – 10

അപ്പോസ്തലനായ പൗലോസ് പറയുന്നു :

> "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ." 1 തെസ്സലോനിക്യർ 4 : 3

വീണ്ടും അപ്പോസ്തലൻ പറയുന്നു :

> "ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രേ വിളിച്ചത്."
>
> 1 തെസ്സലോനിക്യർ 4 : 7

എബ്രായ ലേഖനത്തിൽ നാം വായിക്കുന്നു :

> "എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല."
>
> എബ്രായർ 12 : 14

മാനസാന്തരപ്പെട്ട ഓരോ വ്യക്തിയും ആഴമായ വിശുദ്ധീകരണത്തിലേക്ക് നീങ്ങേണ്ടിയിരിക്കുന്നു. ഹൃദയ വിശുദ്ധീകരണം പ്രാപിക്കാതെ ആത്മീയ ജീവിതത്തിൽ പുരോഗതി ഉണ്ടാവുകയില്ല.

മനസ്സിലെ വിചാരങ്ങളിലും ഹൃദയത്തിലെ വികാരങ്ങളിലും ശുദ്ധീകരണം പ്രാപിക്കുമ്പോഴാണ് ഒരാൾ വിശുദ്ധനായിത്തീരുന്നത്. മാനസാന്തരപ്പെട്ട അനേകം വ്യക്തികളും ഹൃദയപാപങ്ങളുടെ മേൽ ജയം കിട്ടാതെ നിരാശാഭരിതരായിക്കഴിയുന്നുണ്ട്.

ജയമില്ലാത്ത ജീവിതം നയിച്ച് നിരാശയോടെ ഏറെക്കാലം ജീവിച്ച ഒരാളാണ് ഗവൺമെന്റ് കോൺട്രാക്ടർ ആയിരുന്ന ശ്രീ. എൻ. റ്റി എബ്രാഹം. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ നമുക്കൊന്ന് ചോദിച്ചറിയാം.

മാനസാന്തരത്തിനു മുമ്പുള്ള കാലത്തെക്കുറിച്ച് ഇന്ന് എന്തെല്ലാം ഓർക്കുന്നുണ്ട്?

മാനസാന്തരപ്പെടുന്നതിന് മുമ്പും ഞാൻ പുറമെ ഒരു നീതിമാനായിട്ടാണ് ജീവിച്ചിരുന്നത്. പ്രാർത്ഥനയും പള്ളിയാരാധനയും നോമ്പും എല്ലാമായി ചിട്ടപ്പെട്ട ഒരു ജീവിതമായിരുന്നു എന്റേത്. ഞങ്ങളുടെ പള്ളിയിൽ ഒരു സുവിശേഷയോഗം നടന്നപ്പോൾ തിരുവചനം കേട്ടതാണ് ഞാൻ മാനസാന്തരത്തിലേക്ക് വരുന്നതിന് മുഖാന്തരമായത്. അന്ന് ഞാൻ എന്റെ ഹൃദയം ക്രിസ്തുവിനു കൊടുത്തു.

മാനസാന്തരത്തിനു ശേഷമുള്ള അനുഭവമെന്തായിരുന്നു?

പ്രകടമായ പാപപ്രവൃത്തിയിൽ നിന്നെല്ലാം മാറി. പുറമെ ഒരു നീതിമാനെപ്പോലെ ഞാൻ ജീവിച്ചതുകൊണ്ട് എന്റെ സ്വന്ത നീതിയിൽ എനിക്ക് ഒരു സംതൃപ്തിയുണ്ടായിരുന്നു. എന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ദൈവവേലയ്ക്കുവേണ്ടിയും സാധുജന സംരക്ഷണത്തിനായും ഞാൻ ചെലവഴിച്ചുകൊണ്ടിരുന്നു. അതിലെല്ലാം നല്ല അഭിമാനത്തോടും പ്രശംസയോടും കൂടെ ഞാൻ ജീവിച്ചു പോന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

ഒരു വിശുദ്ധനായ ദൈവദാസൻ എന്നോട് വ്യക്തിപരമായി സംസാരിച്ചു. ഞാൻ ഒരു വിശുദ്ധനായിത്തീരുന്നില്ലെങ്കിൽ എന്റെ ജീവിതം വ്യർത്ഥമെന്നും ഞാൻ നേടിയെന്ന് കരുതുന്നതെല്ലാം പൂജ്യമെന്നും അദ്ദേഹം എന്നോട് പറഞ്ഞു.

ഞാൻ ഒരു പരീശനാണെന്നും പരീശൻമാരെ നോക്കിയാണ് ക്രിസ്തു "ഹാ! കഷ്ടം!" എന്ന് വേദനയോടെ പറഞ്ഞതെന്നും അദ്ദേഹം എന്നെ ഓർമ്മപ്പെടുത്തി. എന്റെ ഹൃദയത്തിൽ ലോകത്തിൽ ഉന്നതനാകാനുള്ള ആഗ്രഹവും ചിലരോട് പരിഭവവും നീരസവും മറ്റുള്ളവരുടെ മുമ്പിൽ നല്ലവൻ എന്നറിയപ്പെടണമെന്ന ആഗ്രഹവും അശുദ്ധ ചിന്തകളും മലിന വിചാരങ്ങളും എല്ലാം ഉണ്ടെന്ന് എനിക്ക് മനസ്സിലായി. അകമെ ഞാനൊരു പരീശൻ തന്നെയെന്ന് ഞാൻ ഗ്രഹിച്ചു. "വെള്ള തേച്ച ശവക്കല്ലറ'യെന്ന് കർത്താവ് പറഞ്ഞത് എന്നെ സംബന്ധിച്ചും വാസ്തവമെന്ന് ഞാൻ മനസ്സിലാക്കി.

ഹൃദയത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടി എന്താണ് ചെയ്തത്?

ക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ വ്യാപരിച്ചാലല്ലാതെ എന്റെ ഹൃദയം ശുദ്ധമാകുകയില്ല എന്ന് എനിക്ക് മനസ്സിലായി. എന്റെ വിചാര വികാരങ്ങളിലെ സ്വയനീതിയും സ്വയമതിപ്പും അശുദ്ധിയും ലോകസ്നേഹവും ലോകമയത്വവും സ്വയവും ഏറ്റു പറഞ്ഞുകൊണ്ട് ഞാൻ ഉപവാസത്തോടെ പ്രാർത്ഥിച്ചു. "കർത്താവേ, എന്നെ ഒരു രഹസ്യ വിശുദ്ധനാക്കിത്തീർക്കണമേ." എന്ന് ഞാൻ നിരന്തരം പ്രാർത്ഥിച്ചു. അത്ഭുത ശാന്തിയും ആന്തരിക വിശുദ്ധിയും ക്രിസ്തു എനിക്ക് ദാനമായി തന്നു. ദൈവത്തിനു

സ്തോത്രം.

ഇപ്പോഴാണ് ഞാൻ ഒന്നുമായില്ല എന്നും എത്രയോ പാപചിന്തകൾ ഇനിയും മാറിക്കിട്ടേണ്ടിയിരിക്കുന്നു എന്നും എനിക്ക് മനസ്സിലാകുന്നത്. അവ ഏറ്റു പറഞ്ഞ് ഞാൻ മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്.

മാന്യ സ്നേഹിതാ, ആന്തരിക വിശുദ്ധീകരണം താങ്കളുടെ ലക്ഷ്യമാണോ? ശ്രീ. എൻ. റ്റി എബ്രാഹാമിനെപ്പോലെ ഒരു രഹസ്യ വിശുദ്ധനായിത്തീരണമെന്ന് താങ്കൾ ആഗ്രഹിക്കുന്നുവോ?

പല തരത്തിലുള്ള മനുഷ്യ ഹൃദയത്തെ കുറിച്ച് തിരുവചനത്തിൽ നാം വായിക്കുന്നുണ്ട് :

ഒന്ന്, കല്ലായുള്ള ഹൃദയം

> "കല്ലായുള്ള ഹൃദയം നിങ്ങളുടെ ജഡത്തിൽ നിന്ന് നീക്കും." യെഹസ്ക്കേൽ 36 : 26

കല്ലിച്ച ഹൃദയം കഠിന ഹൃദയമാണ്. കല്ലായുള്ള ഹൃദയം ആർദ്രതയില്ലാത്ത ഹൃദയമാണ്. കല്ലായുള്ള ഹൃദയം തഴമ്പിച്ച ഹൃദയമാണ്. കല്ലായുള്ള ഹൃദയം മരവിച്ച ഹൃദയമാണ്. കല്ലായുള്ള ഹൃദയം ദുഷ്ട ഹൃദയമാണ്. കല്ലായുള്ള ഹൃദയം കപട ഹൃദയമാണ്. കല്ലായുള്ള ഹൃദയം സ്നേഹമില്ലാത്ത ഹൃദയമാണ്. കല്ലായുള്ള ഹൃദയം പാപബോധമില്ലാത്ത ഹൃദയമാണ്.

രണ്ട്, ഭിന്നിച്ച ഹൃദയം

"അവരുടെ ഹൃദയം ഭിന്നിച്ചിരിക്കുന്നു." ഹോശേയ 10 : 2

ഭിന്നിച്ച ഹൃദയത്തെക്കുറിച്ച് ഹോശേയ പറയുന്നത് "മറി

ച്ചിടാത്ത ദോശ” എന്നാണ്. ഹോശേ 7 : 8 – 10

ഒരു വശം വെന്ത് പാകമായിരിക്കും, മറിച്ചിടാത്ത ദോശയുടെ മറുവശം ചൂടേൽക്കാതെ, വേകാതെ, പാകമാകാതെ, ഉപയോഗശൂന്യമായിത്തന്നെ ഇരിക്കും.

ഒരു വശത്ത് നല്ല തീരുമാനങ്ങൾ, സമർപ്പണങ്ങൾ. നല്ല പ്രതിഷ്ഠകൾ. എന്നാൽ രഹസ്യജീവിതത്തിൽ യാതൊരു പ്രതിഷ്ഠയുമില്ല. തീരുമാനവുമില്ല.

മൂന്ന്, വഞ്ചിക്കപ്പെട്ട ഹൃദയം.

> “വഞ്ചിക്കപ്പെട്ട അവന്റെ ഹൃദയം അവനെ തെറ്റിച്ചു കളയുന്നു. അവൻ തന്റെ പ്രാണനെ രക്ഷിക്കുന്നില്ല.” യെശയ്യാവ് 44 : 20

“സമാധാനം ഇല്ലാതിരിക്കെ സമാധാനം, സമാധാനം” എന്ന് സ്വയം സാന്ത്വനപ്പെടുത്തുന്നതാണ് വഞ്ചിക്കപ്പെട്ട ഹൃദയം. യിരെമ്യാവ് 6 : 14. യെഹസ്ക്കേൽ 13 : 10, 13 : 16

“ക്രിസ്തു കൂടെയില്ലാതിരിക്കെ ക്രിസ്തു കൂടെയുണ്ട് എന്ന് ഊഹിച്ച് നടക്കുന്നതത്രേ വഞ്ചിക്കപ്പെട്ട ഹൃദയം.” ലൂക്കോസ് 2 : 43 – 51. സത്യത്തിന് വിരുദ്ധമായ ഭോഷ്ക്കിൽ ആശ്രയിക്കുന്നതത്രേ വഞ്ചിക്കപ്പെട്ട ഹൃദയം.

നാല്, പുതുഹൃദയം.

> “ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും. പുതിയോരു ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കും.” യെഹസ്ക്കേൽ 36 : 26

> “നിങ്ങൾ ചെയ്തിരിക്കുന്ന അതിക്രമങ്ങളൊക്കെയും നിങ്ങളിൽ നിന്ന് എറിഞ്ഞു കളവിൻ.

> നിങ്ങൾക്ക് പുതിയോരു ഹൃദയത്തെയും പുതി
> യോരു ആത്മാവിനേയും സമ്പാദിച്ചു കൊൾവിൻ."
> യെഹസ്ക്കേൽ 18 : 31

അഞ്ച്, ഏകാഗ്ര ഹൃദയം

"മന്ദിരം തീർപ്പാൻ..... ഒരു ഏകാഗ്ര ഹൃദയം നൽകണ മേ." 1 ദിനവൃത്താന്തം 29 : 19

ദൈവത്തിന്റെ കല്പനകളും സാക്ഷ്യങ്ങളും ചട്ടങ്ങളും പ്രമാണിക്കേണ്ടതിന്ന് ഒരാലയം ആവശ്യമാണ്. അത് പണിയുവാൻ ഏകാഗ്ര ഹൃദയം ആവശ്യമാണ്.

ആറ്, തകർന്നതും നുറുങ്ങിയതുമായ ഹൃദയം.

> "തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയ
> ത്തെ, ദൈവമേ, നീ നിരസിക്കയില്ല."
> സങ്കീർത്തനങ്ങൾ 51 : 17

ദാവീദിന്റെ ഹൃദയം അനുതാപം കൊണ്ടും പശ്ചാത്താപം കൊണ്ടും തകർന്നുപോയി. കുറ്റബോധമുള്ള ഹൃദയം. അരിഷ്ടതയും പാപബോധവും ഉള്ള ഹൃദയം.

ഏഴ്, ശിശുഹൃദയം.

"നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല." മത്തായി 18 : 3

ഒരു ശിശുവിന്റെ നിർമ്മല മനസ്സ്, നിഷ്ക്കളങ്കഹൃദയം.

മാന്യ ദൈവപൈതലേ, ഒരു ശിശുഹൃദയം ലഭിക്കാൻ താങ്കൾ ആഗ്രഹിക്കുന്നുവോ? തിരുരക്തത്താൽ ഹൃദയം കഴുകപ്പെടാൻ താങ്കൾ ദാഹിക്കുന്നുവോ? എങ്കിൽ ഹൃദയം

പുതുക്കുന്ന ക്രിസ്തുവിനെ താങ്കളുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുക, ക്രിസ്തുവിനെ താങ്കളുടെ ജീവിതത്തിലേക്ക് എതിരേല്ക്കുക.

നമുക്ക് പ്രാർത്ഥിക്കാം :

കർത്താവേ, കല്ലായുള്ള ഹൃദയം, വഞ്ചിക്കപ്പെട്ട ഹൃദയം, ഭിന്നതയുള്ള ഹൃദയം, എന്നിൽ നിന്ന് മാറ്റി പുതിയോരു ഹൃദയം, ഒരു ശിശുഹൃദയം എനിക്ക് തരാമെന്ന് കല്പിച്ചതിനാൽ സ്തോത്രം. അവിടത്തെ ചങ്ക് തുറന്ന് ഊറ്റിയ കുറ്റമില്ലാത്ത രക്തത്താൽ എന്റെ മലിനമായ ഹൃദയത്തെ കഴുകി വെടിപ്പാക്കുന്നതിനാൽ സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

## പന്ത്രണ്ട്

"അവൻ യരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി: ഇവൻ ആര് എന്ന് പറഞ്ഞു."
മത്തായി 21 : 10

ക്രിസ്തു കടന്നു വന്നാൽ അവിടം ഇളകും. ക്രിസ്തു കടന്നു വന്നാൽ ചലിക്കാത്ത ഹൃദയങ്ങൾ ഇളകും. ക്രിസ്തു കടന്നു വന്നാൽ ചലനമറ്റ ജീവിതങ്ങൾ ഇളകും.

An Outline History of the World - ലോകചരിത്ര സംഗ്രഹം - എന്ന ഗ്രന്ഥത്തിൽ H.G. Wells പറഞ്ഞു :

"ലോകചരിത്രത്തിൽ എവിടെ മാനവസംസ്കാരം വളർന്നിട്ടുണ്ടോ, മനുഷ്യൻ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടോ, രാഷ്ട്രങ്ങൾ വികസ്വരമായിട്ടുണ്ടോ, അതിന്റെ പിന്നിൽ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സ്വാധീനം കാണാം."

മനുഷ്യൻ മനുഷ്യനായി ജീവിക്കുവാൻ ഉതകുന്ന ഹൃദയ സംസ്കാരം കരുപ്പിടിപ്പിക്കുവാൻ കഴിഞ്ഞതാണ് ക്രിസ്തു

വിന്റെ വ്യക്തിത്വത്തിന്റെ മേന്മ. സ്നേഹം, ക്ഷമ, വിനയം, ത്യാഗം, കഷ്ടതകളോടും എതിർപ്പുകളോടുമുള്ള വിനയാ ന്വിത സമീപനം എന്നിങ്ങനെ അഭിലഷണീയവും ആദരണീ യവുമായ എത്രയെത്ര സവിശേഷതകൾ ക്രിസ്തുവിന്റെ ജീവി തത്തിൽ തിളങ്ങി വിളങ്ങുന്നു!

യൂറോപ്പിലെ സിംഹമായ നെപ്പോളിയൻ സെന്റ് ഹെലീനാ ദ്വീപിൽ നാടുകടത്തപ്പെട്ട്, കരുത്തറ്റ്, നിരാശാഭരിതനായി കഴി യുകയായിരുന്നു. "Impossibility is the word that is found only in the dictionary of fools" (അസാദ്ധ്യമെന്നത് വിഡ്ഢികളുടെ നിഘ ണ്ടുവിൽ മാത്രം കാണുന്ന ഒരു പദമാണ്), എന്ന് പറഞ്ഞ നെപ്പോളിയനാണ് ഏകാകിയായി സെന്റ് ഹെലീനാ ദ്വീപിൽ കിടക്കുന്നത്.

അവിടെ കിടക്കുമ്പോൾ അദ്ദേഹം നിരാശയോടെ പറഞ്ഞു:

അലക്സാണ്ടറും സീസറും ചാർലിമെയ്നും ബലപ്ര യോഗം കൊണ്ട് സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. ഞാനും കൈക്ക രുത്തുകൊണ്ട് സാമ്രാജ്യം സ്ഥാപിച്ചു. ഈ സാമ്രാജ്യങ്ങ ളെല്ലാം തകർന്നു വീണു. എന്നാൽ ഗലീലക്കാരനായ യേശു മനുഷ്യഹൃദയങ്ങളിൽ സ്ഥാപിച്ച സ്നേഹത്തിന്റെ സാമ്രാജ്യം ഇന്നും അജയ്യമായി കെട്ടുറപ്പോടെ നിലനില്ക്കുന്നു. യേശു വിന്റെ സാമ്രാജ്യത്തിൽ ലക്ഷോപലക്ഷങ്ങൾ അവനുവേണ്ടി മരിക്കുവാൻ തയ്യാറായി നില്ക്കുന്നു.

ഐ.എം. ഹാൾഡിമാൻ (I.M. HAldeman) ഒരു വിശ്രുത ചിന്തകനായിരുന്നു. അദ്ദേഹം എഴുതിയ ഒരു പുസ്തകമാണ് Christ, Christianity and Bible. അതിൽ പറയുന്നു :

യേശുക്രിസ്തു ദൈവമല്ലെങ്കിൽ അവൻ നല്ലവൻ അല്ല. അവൻ ഒരു ഭ്രാന്തനോ, കള്ളനോ ആണ്. അല്ലെങ്കിൽ

അവൻ ദൈവംതന്നെയാണ്.

ഒരിക്കൽ സുപ്രസിദ്ധ സാഹിത്യക്കാരനായ ല്യൂവാലസ് (Lew Wallace) ഒരു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. എതിരേ നിരീശ്വരചിന്തകനായ റോബർട്ട് ഇംഗർസോൾ ഇരിക്കുന്നുണ്ടായിരുന്നു. പരസ്പരം കേട്ടറിവുണ്ടായിരുന്നെങ്കിലും ആദ്യമായി പരിചയപ്പെടുകയായിരുന്നു.

ഇംഗർസോൾ സംഭാഷണമദ്ധ്യേ ല്യുവാലസിനോടു പറഞ്ഞു : "നിങ്ങൾ അനുഗൃഹീതനായ ഒരു സാഹിത്യകാരനല്ലേ? ക്രിസ്തുവിന്റെ അസ്തിത്വം നിഷേധിച്ചും ക്രിസ്തുവിന്റെ ഉപദേശങ്ങൾ അസംബന്ധ (absurdity) മെന്ന് സ്ഥാപിച്ചും ക്രിസ്തുവിശ്വാസത്തെ അപലപിച്ചും ഒരു ഗ്രന്ഥമെഴുതരുതോ? അത് വിശ്വസാഹിത്യത്തിലെ ഒരു ക്ലാസ്സിക്കായിരിക്കും. (Classic)

അന്നു മുതൽ ല്യുവാലസ് ഗവേഷണ പഠനം ആരംഭിച്ചു. ഒട്ടേറെ വസ്തുതകൾ സമാഹരിച്ചു. ഒടുവിൽ ക്രിസ്തുവിനെ നിഷേധിച്ചും വിമർശിച്ചും ഒരു ഗ്രന്ഥം എഴുതാൻ ആരംഭിച്ചു. നാലു വർഷത്തെ നിസ്തന്ദ്രമായ യത്നവും പഠനവും കഴിഞ്ഞുള്ള ഉദ്യമം.

പെട്ടെന്നിതാ, അദ്ദേഹം കസേരയിൽനിന്ന് എഴുന്നേറ്റു. താഴെ മുട്ടിൻമേൽ നിന്നുകൊണ്ട് അദ്ദേഹം വിതുമ്പിക്കൊണ്ട് പറഞ്ഞു :

യേശുവേ, നിന്നെ നിഷേധിക്കാൻ ഞാൻ ശ്രമിക്കുന്തോറും നീ എനിക്ക് വളരെ യാഥാർത്ഥ്യമായി അനുഭവപ്പെടുന്നു. നിന്റെ ഉപദേശങ്ങൾ മിഥ്യയെന്ന് എഴുതാൻ ആരംഭിക്കുമ്പോൾ അവ സത്യമെന്നും തികച്ചും അനുഭവപരമെന്നും ഞാൻ അറിയുന്നു. നാഥാ, ഞാനിതാ എന്നെ നിന്റെ

ആണിപ്പാടുള്ള കരങ്ങളിലേക്ക് സമർപ്പിക്കുന്നു.”

അദ്ദേഹം എഴുതാനാരംഭിച്ചു. ആ പുസ്തകമാണ് സുപ്രസിദ്ധമായ ബെൻഹർ (Benhur).

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആയിരുന്ന സി.എസ്. ലൂയിസ് (C.S. Lewis) ഒരു നിരീശ്വരനായിരുന്നു. നിരീശ്വരചിന്താഗതിയുടെ കടുത്ത എതിരാളി ക്രിസ്തു ആണെന്ന് മനസ്സിലാക്കിയ അദ്ദേഹം ക്രിസ്തുവിനെ വിലയിടിച്ചു കാണിക്കാൻ നിരൂപണബുദ്ധ്യാ വേദപുസ്തകം പഠിച്ചു. പഠനത്തിന്റെ ഒടുവിൽ അദ്ദേഹം പറഞ്ഞു :

“ഒന്നുകിൽ ക്രിസ്തു ഒരു കള്ളനോ ഭ്രാന്തനോ ആണ്. അല്ലെങ്കിൽ ക്രിസ്തു ദൈവമാണ്.” ക്രിസ്തുവിനെ ദൈവമായി സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ശിഷ്ടായുസ്സ് ക്രിസ്തുവിന്റെ സാക്ഷിയായി ജീവിച്ചു.

“ഇവൻ ആര്” , എന്ന ചോദ്യത്തിന് പലരും പല മറുപടികളും കണ്ടുപിടിച്ചിട്ടുണ്ട്.

ശ്രീബുദ്ധനെപ്പോലെയോ മുഹമ്മദ് നബിയെപ്പോലെയോ കൺഫൂഷിയസിനെപ്പോലെയോ ഒരു മതസ്ഥാപകനായി യേശുവിനെ കാണുന്നവരുണ്ട്.

ഒരു സാമൂഹിക പരിഷ്കർത്താവോ വിപ്ലവകാരിയോ ആയി യേശുവിനെക്കുറിച്ച് ചിന്തിക്കുന്നവരുണ്ട്.

ഒരു നല്ല ഉപദേഷ്ടാവോ ഒരു തത്വചിന്തകനോ എന്ന് യേശുവിനെ വിളിക്കുന്നവരുണ്ട്.

ഒരു ഗാനംപോലും എഴുതാത്ത യേശുവിനെക്കുറിച്ച് ഇന്ന് ലോകത്തിലെ സകല ഗാനങ്ങളിലും ഏറ്റവും കൂടുതൽ ഗാന

ങ്ങൾ ആലപിക്കപ്പെട്ടു!

ഒരു പുസ്തകം പോലും എഴുതാത്ത യേശുവിനെക്കുറിച്ച് എത്രയെത്ര ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു!

ഇവൻ ആരാണ്? ഈ അത്ഭുത പുരുഷൻ ആരാണ്?

ആരും ഒരിക്കലും ജനിക്കാത്തതുപോലെ ജനിച്ചവൻ, ആരും ഒരിക്കലും പ്രവർത്തിക്കാത്തതുപോലെ പ്രവർത്തിച്ചവൻ, ആരും ഒരിക്കലും സംസാരിക്കാത്തതുപോലെ സംസാരിച്ചവൻ, ആരും ഒരിക്കലും കയറാത്ത കഴുതമേൽ വാഹനമേറി എഴുന്നള്ളിയവൻ.

ആരും ഒരിക്കലും വിസ്തരിക്കപ്പെടാത്തതുപോലെ വിസ്തരിക്കപ്പെട്ടവൻ. ആരും ഒരിക്കലും വിധിക്കപ്പെടാത്തതുപോലെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവൻ.

ആരും ഒരിക്കലും മരിക്കാത്തതുപോലെ മരിച്ചവൻ. ആരും ഒരിക്കലും വെയ്ക്കപ്പെടാത്ത കല്ലറയിൽ വെയ്ക്കപ്പെട്ടവൻ. ആരും ഒരിക്കലും ഉയിർത്തെഴുന്നേല്ക്കാത്തതുപോലെ ഉയിർത്തെഴുന്നേറ്റവൻ.

ആരും ഒരിക്കലും കരേറിപ്പോയിട്ടില്ലാത്ത സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയവൻ. ആരും ഒരിക്കലും നിനച്ചിരിയാത്ത നാഴികയിൽ തിരികെ വരുന്നവൻ.

യുഗങ്ങളുടെ അത്ഭുത പുരുഷനത്രേ കർത്താവായ യേശുക്രിസ്തു. നിത്യതയുടെ രാജാധിരാജനാണവൻ. പാപിയുടെ രക്ഷയ്ക്കായി തന്റെ കുറ്റമില്ലാത്ത രക്തം ചിന്തിയ അരുമ രക്ഷകനാണവൻ.

ഇവൻ ആര്?

ഒരു കുഗ്രാമത്തിൽ അപരിഷ്കൃതവും സാധുവുമായ ഒരു കൃഷീ വല കന്യകയുടെ മകനായി അവൻ പിറന്നു. മറ്റൊരു ഗ്രാമത്തിൽ വളർന്നു.

മുപ്പതു വയസ്സുവരെ ഒരു മരപ്പണിപ്പുരയിൽ വേല ചെയ്തു. അടുത്ത മൂന്നര വർഷം ദൈവത്തെ വെളിപ്പെടുത്തിയും ദൈവരാജ്യം പ്രസംഗിച്ചും സഞ്ചരിച്ചു.

ഒരു പുസ്തകവും എഴുതിയില്ല. സ്വന്തമായൊന്നും ഉണ്ടായിരുന്നില്ല. ജന്മസ്ഥലത്തുനിന്നും ഇരുന്നൂറു മൈലിലേറെ സഞ്ചരിച്ചില്ല. ഭൗതിക മാഹാത്മ്യത്തിനുതകുന്നതൊന്നും പ്രവർത്തിച്ചില്ല.

മുപ്പതാമത്തെ വയസ്സിൽ പൊതുജനാഭിപ്രായം തീർത്തും എതിരായി തെറുത്തുയർന്നു. എതിരാളികൾ പിടികൂടുകയും പരിഹാസ്യമായ വിസ്താരത്തിനുശേഷം ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. രണ്ടു കള്ളൻമാരുടെ മദ്ധ്യത്തിൽ ക്രൂശിക്കപ്പെട്ടു. മരിച്ചപ്പോൾ ഒരു കടംകൊണ്ട കല്ലറയിൽ അടക്കപ്പെട്ടു.

ആയിരത്തിത്തൊള്ളായിരത്തിലേറെ വർഷങ്ങൾ കടന്നുപോയി. ഇന്നവൻ മാനവരാശിയുടെ കേന്ദ്രബിന്ദുവും മനുഷ്യവംശത്തിന്റെ പുരോഗതിയുടെ നായകനുമത്രേ.

അവന്റെ നിസ്തുല ജീവിതം സ്വാധീനിച്ചിട്ടുള്ളിടത്തോളം നാളതുവരെ മുന്നേറിയിട്ടുള്ള കാലാൾപ്പടയോ, നാവിക വ്യോമസേനകളോ ഭരണകർത്താക്കളോ മഹദ്വ്യക്തികളോ മനുഷ്യജീവിതത്തെ സ്വാധീനം ചെയ്തിട്ടില്ല.

ഇവൻ ആര്?

ഒന്ന്, പാപമോചനവും നൽകുന്ന ഇവൻ ആര്?

ഇവൻ പാപംമോചനം നൽകുന്നവനാണ്. പാപിയെ ശപിച്ചു തള്ളുന്നവനല്ല, പാപിയെ തന്റെ അരികിലേക്ക് മാടി അടുപ്പിക്കുന്നവനാണ്.

പാപമോചനവും നൽകുന്ന ഇവൻ ആര്? ലൂക്കോസ് 7:49.

ഗലീലാ ജില്ലയിലെ നയീൻ പട്ടണത്തിൽ പരീശനായ ശീമോന്റെ ഭവനത്തിൽ യേശുവിനെയും ശിഷ്യൻമാരെയും വിരുന്നിന് ക്ഷണിച്ചിരുന്നു. സൽക്കാരം നടക്കുന്ന ശാല യുടെ വാതിൽക്കൽ ഒരാളിതാ ബദ്ധപ്പെട്ട് ഓടിയെത്തുന്നു. ഏഴു ഭൂതങ്ങൾ ബാധിച്ചിരുന്ന മഗ്ദലനമറിയാമാണത്. പട്ടണ ത്തിലേക്കും പാപിനിയായ സ്ത്രീ എന്നാണ് തിരുവചനം അവളെക്കുറിച്ച് പറയുന്നത്. അവളുടെ ജീവിതം അശു ദ്ധിക്കും വ്യഭിചാരത്തിനും അടിമപ്പെട്ടിരുന്നതുകൊണ്ട് അവളെ ഏഴു ഭൂതങ്ങൾ ബാധിച്ചിരുന്നു.

ആ പാപിനിയായ സ്ത്രീയാണ് യേശുക്രിസ്തുവിനെ തേടി ശീമോന്റെ ഭവനത്തിലെത്തിയത്. ക്രിസ്തു വിരുന്നി നിരിക്കുന്നിടത്ത് അവൾ പിന്നിൽനിന്നുകൊണ്ട് കരഞ്ഞു. ഏങ്ങലടിച്ചുകൊണ്ട് അവളുടെ പാപങ്ങൾ ഏവൾ ഏറ്റുപറ യാൻ തുടങ്ങി. അഗാധമായ അനുതാപവും ഉള്ളു നിറഞ്ഞ പശ്ചാതാപവുംകൊണ്ട് അവൾ ഉച്ചത്തിൽ കരയാൻ തുടങ്ങി. അവളുടെ കണ്ണുനീർ ചാലുകളായി ഒഴുകി, ക്രിസ്തുവിന്റെ പാദം കഴുകി.

ക്രിസ്തു അവളിൽ മനസ്സലിഞ്ഞു. ക്രിസ്തു പറഞ്ഞു :

“നിന്റെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു.”

ക്രിസ്തു പറഞ്ഞ വാക്കുകൾ കേട്ട ആളുകൾ അത്ഭുതം

കൂറി തമ്മിൽത്തമ്മിൽ പറഞ്ഞു :

"പാപമോചനവും കൊടുക്കുന്ന ഇവൻ ആര്?"
ലൂക്കോസ് 7 : 49

ക്രിസ്തു ആ സ്ത്രീയോടു പറഞ്ഞു :

"നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക." ലൂക്കോസ് 7 : 50

ഇന്നും അനുതാപത്തോടെ ക്രിസ്തുവിന്റെ പാദപീഠത്തിലെത്തുന്നവർക്ക് പാപമോചനം ലഭിക്കുന്നു. തിരുവചനം പറയുന്നു :

"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്ന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."
സദൃശവാക്യങ്ങൾ 28 : 13

മാന്യ സ്നേഹിതാ, ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നിന്നെ ശുദ്ധീകരിക്കുന്നു എന്ന് നീ അറിയുന്നുവോ? നീ നിന്റെ പാപങ്ങളുടെ മോചനത്തിനായി ക്രിസ്തുവിൻ സന്നിധിയിൽ വന്ന് പാപക്ഷമ യാചിച്ചുവോ? മേലിൽ പാപം ചെയ്യുകയില്ലെന്ന് തീരുമാനിച്ചുവോ?

എങ്കിൽ ഇപ്പോൾ ക്രിസ്തുവിനോടു പറയുക :

നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

പ്രാർത്ഥിക്കാം :

കർത്താവേ, നീ എന്റെ പാപം വഹിച്ച് ക്രൂശിൽ മരിച്ചതിനാൽ നിനക്കു സ്തോത്രം. നാഥാ, എന്റെ സമർപ്പണം നീ അംഗീകരിക്കണമേ. എന്റെ തീരുമാനം നീ പൂർത്തീകരിക്കണമേ. അന്ത്യത്തോളം എന്നെ നിലനിറുത്തണമേ.

# പതിമൂന്ന്

"അവൻ യരൂശമേലിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി; ഇവൻ ആർ എന്ന് പറഞ്ഞു."
മത്തായി 21:10

ക്രിസ്തുവിനെക്കുറിച്ച് ഇവർ ആര് എന്ന ചോദ്യവും അതിൽത്തന്നെയുള്ള മറുപടിയും നാം കഴിഞ്ഞ അദ്ധ്യായത്തിൽ ചിന്തിച്ചുവല്ലൊ.

ഒന്ന്, പാപമോചനവും നൽകുന്ന ഇവൻ ആർ? ക്രിസ്തു പാപത്തെ ക്ഷമിച്ച് പാപത്തിൽനിന്ന് സ്വാതന്ത്ര്യം തരുന്ന ദൈവമാണ്.

ഒരു കഥ കേട്ടിട്ടുണ്ട്. ഒരു വലിയ നദി. ആറ്റിൽ ഭയങ്കരമായ വെള്ളപ്പൊക്കം. കോരിച്ചൊരിയുന്ന പേമാരി. എവിടെയെല്ലാമോ വെള്ളം കയറി വിലയേറിയ പാത്രങ്ങളും പലതരത്തിലുള്ള വീട്ടുപകരണങ്ങളും ഒഴുക്കിക്കൊണ്ട് പോകയാണ്. ആറ്റിന്റെ ഇരുകരയിലും ആളുകൾ തിങ്ങിനില്ക്കുകയാണ്. ഒഴുകിപ്പോകുന്ന സാധനങ്ങൾ പിടിച്ചടുപ്പിക്കാൻ ചിലർ

വെള്ളത്തിൽ നീന്തിച്ചെല്ലുന്നു. പലർക്കും പല സാധനങ്ങളും കിട്ടുന്നുണ്ട്.

അപ്പോഴിതാ ആറിന്റെ മദ്ധ്യത്തിൽക്കൂടെ ഒരു വലിയ കെട്ട് ഒഴുകിപ്പോകുന്നു. വലിയ ഒരു കരിമ്പടക്കെട്ടുപോലെ തോന്നി. ഒരാൾ വെള്ളത്തിലേക്ക് എടുത്തുചാടി. കുതിച്ചു നീന്തി അതിന്റെ അരികിലെത്തി. ചാടിപ്പിടിച്ചു.

പക്ഷേ അതിതാ വേഗത്തിൽ താഴോട്ടു ഒഴുകുകയാണ്. പിടിച്ചെങ്കിലും അതിനെ കരയോടടുപ്പിക്കാൻ പറ്റുന്നില്ല. ഇതാ, അടുത്തുതന്നെ വലിയോരു കയം. അതിൽ ചെന്നുപെട്ടാൽ പിന്നെ രക്ഷപ്പെടുകയില്ല.

കരയിൽനിന്ന് ആളുകൾ വിളിച്ചു കൂവി – “പിടി വിട്ടു തിരിച്ചു നീന്തൂ. അതാ തൊട്ടു മുമ്പിൽ ഭയങ്കര കയം. വേഗം പിടി വിടൂ.”

അയാൾ പറഞ്ഞു : “ഞാൻ വിടുന്നുണ്ട്. എന്നെ വിടുന്നില്ല.”

അതൊരു കരടിയായിരുന്നു. മലവെള്ളപ്പാച്ചിലിൽ അടി തെറ്റി ഒഴുകുന്ന ഒരു കരടി. കരടിയെന്നറിയാതെ ആയാളതിനെ കയറിപ്പിടിച്ചു. ആ കരടി അയാളെ പിടിച്ചു. അയാൾ പിടി വിട്ടു. കരടി പിടി വിട്ടില്ല.

മാന്യ സ്നേഹിതാ, താങ്കൾ പാപത്തിൽനിന്നുള്ള പിടി വിട്ടിട്ടും പാപം താങ്കളിൽനിന്നുള്ള പിടി വിടുന്നില്ല. താങ്കളെ വിടുവിക്കുവാൻ ക്രിസ്തുവിനു കഴിയും. ക്രിസ്തുവിന്റെ തിരുരക്തത്തിനു കഴിയും. ക്രിസ്തുവിന്റെ പരിശുദ്ധ സ്നേഹത്തിന് കഴിയും.

ഒന്ന്, പാപ മോചനവും നൽകുന്ന ഇവൻ ആര്? ക്രിസ്തു

പാപ മോചനം നൽകുന്നു.

രണ്ട്, ഇവൻ ആര്? അവൻ കാറ്റിനോടും വെള്ളത്തോടും കല്പിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നു എന്ന് തമ്മിൽ പറഞ്ഞ് ആശ്ചര്യപ്പെട്ടു. ലൂക്കോസ് 8 : 25

ഇവൻ ആര്? അവൻ പ്രകൃതിശക്തികളെ ശാസിച്ച് അമർത്തുന്നവനാണ്. കൊടുങ്കാറ്റും പെരുവെള്ളവും അവനെ അനുസരിക്കുന്നു.

യേശുവും ശിഷ്യൻമാരും തടാകത്തിന്റെ ഇക്കരെനിന്ന് അക്കരയിലേക്ക് പോവുകയായിരുന്നു. ഗലീലാക്കടലിന്റെ ഒരു ഭാഗം ഗെന്നേസരേത്ത് തടാകവും മറ്റൊരു ഭാഗം തീബ ര്യാസ് കടലും ആണ്.

ഗെന്നേസരേത്ത് തടാകത്തിൽ പെട്ടെന്ന് കൊടുങ്കാറ്റുണ്ടാ കാറുണ്ട്, അപ്പോൾ വെള്ളം തെറുത്തുയരും. വള്ളം കട ലിന്റെ നടുക്ക്. ചുഴലിക്കാറ്റിൽപ്പെട്ട് ചിലപ്പോൾ അത് മുങ്ങി പ്പോവുകയും ചെയ്യും.

അന്ന് യേശു പടകിന്റെ അമരസ്ഥാനത്ത് കിടന്നുറങ്ങുക യായിരുന്നു. പെട്ടെന്നാണ് ചുഴലിക്കാറ്റ് ചുഴന്ന് വീശിയത്. അലറിക്കുതിക്കുന്ന അലമാലകളുടെ ഭീകര തരംഗങ്ങളിൽ പടക് ആടി ഉലയുകയും പടകിൽ വെള്ളം കയറുകയും ചെയ്തു.

ശിഷ്യൻമാർ തണ്ടു വലിച്ച് വലഞ്ഞു. വെള്ളം കൈകൊണ്ട് തേകിത്തേകി കളയാൻ നോക്കി. പക്ഷേ അതിലേറെ വെള്ളം പടകിൽ കയറുകയാണ്. അവർ വല ഞ്ഞു. അവർ യേശുവിനെ ഉണർത്തി.

“നാഥാ, നാഥാ, ഞങ്ങൾ നശിച്ചു പോകുന്നു.”

യേശു എഴുന്നേറ്റു. ഇളകിമറിയുന്ന അലമാലകളെയും ആഞ്ഞടിക്കുന്ന ചുഴലിക്കാറ്റിനെയും ഒന്നു നോക്കി. സ്രഷ്ടാവ് സൃഷ്ടിയെ ശാസിച്ചു. എത്ര പെട്ടെന്നാണ് എല്ലാം ശാന്തമായത്!

ദൈവപൈതലേ, പ്രകൃതിശക്തിയെ ശാന്തത വരുത്തുന്നവനാണ് കർത്താവായ യേശുക്രിസ്തു. ഇളകിമറിയുന്ന അലകടലിനെ ശാന്തതപ്പെടുത്തുന്നവനാണ് യേശുക്രിസ്തു. നിന്റെ ജീവിതം ഇന്ന് കലങ്ങി മറിയുകയാണോ? ഏതെങ്കിലും പ്രതിസന്ധികൾ മൂലം ജീവിതം മുന്നോട്ടു നീങ്ങാനാകാതെ വഴിമുട്ടി നില്ക്കയാണോ?

എങ്കിൽ യേശുവിനെ വിളിച്ചപേക്ഷിക്കൂ. ക്രിസ്തു നിനക്ക് സാഹചര്യങ്ങൽ ശാന്തമാക്കിത്തരും. സ്നേഹിതാ, യേശു നിന്റെ ജീവിതപ്പടകിലുണ്ടെങ്കിൽ ഒരു ദശാന്ത്യദോഷത്തെയും ഭയപ്പെടേണ്ട. ഒരു വിഷുഫലവും നിനക്കു ഭവിക്കുകയില്ല. കേതുവോ, രാഹുവോ, ശനിദശയോ നിനക്ക് ഒരു ദോഷവും വരുത്തുകയില്ല. ആരെല്ലാം നിനക്കെതിരായി വല്ല മന്ത്രവാദമോ, കൈവിഷമോ, ക്ഷുദ്രപ്രയോഗമോ ചെയ്താലും അതൊന്നും നിനക്ക് ഫലിക്കയില്ല.

മൂന്ന്, ഏദോമിൽനിന്ന് രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽനിന്ന് വരുന്നോരിവൻ ആര്? യെശയ്യാ 63:1.

യേശുക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറ്റമ്പതു വർഷം മുമ്പ് യെശയ്യാ പ്രവാചകൻ ക്രിസ്തുവിന്റെ പീഡനവും ക്രൂശുമരണവും മുൻകൂട്ടി കാണുകയാണ്. രക്തവസ്ത്രം ധരിച്ചുകൊണ്ടു വരുന്നതായി യേശുവിനെ കാണുകയാണ്.

ഉല്പത്തിപ്പുസ്തകത്തിൽ യഹൂദയെ അനുഗ്രഹിച്ച് പറയുന്ന പ്രവചനത്തിൽ യൂദായുടെ സിംഹമായ ക്രിസ്തു

വിനെക്കുറിച്ച് മുൻകൂട്ടി പറയുന്നു :

"അവൻ വീഞ്ഞിൽ തന്റെ ഉടുപ്പും ദ്രാക്ഷാരസത്തിൽ തന്റെ വസ്ത്രവും അലക്കുന്നു."
49 : 11

ക്രിസ്തുവിനെക്കുറിച്ച് വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ അപ്പോസ്തലൻ പറയുന്നു :

"അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു. അവനു ദൈവവചനം എന്ന് പേർ പറയുന്നു."
വെളിപ്പാട് 19 : 13

കുറ്റമില്ലാത്ത രക്തം ചിന്തി മനുഷ്യനെ അഗാധമായ നാശഗർത്തത്തിൽനിന്ന് വീണ്ടെടുക്കുന്നവനാണ് ക്രിസ്തു. അവൻ ഏകനായി യാതനയേറ്റു.

പ്രവാചകൻ ചോദിക്കുന്നു :

"ഏദോമിൽ നിന്ന്, രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്ന് വരുന്നോരിവൻ ആർ?"
യെശ 63 : 1

"നീതിയെ അരുളിച്ചെയ്യുന്നവനും രക്ഷിപ്പാൻ വല്ലഭനുമായ ഞാൻ തന്നേ." (യെശയ്യാ 63 : 1) എന്നാണ് മറുപടി.

വീണ്ടും പ്രവാചകൻ ചോദിക്കുന്നു :

"നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്നതെന്ത്? നിന്റെ വസ്ത്രം മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്ത്?"
യെശ 63 : 2

മറുപടി :

> “ഞാൻ ഏകനായി മുന്തിരിച്ചക്ക് ചവിട്ടി. ജാതി കളിൽ ആരും എന്നോടുകൂടെ ഉണ്ടായിരുന്നില്ല.”
> യെശ 63 : 3

> “ഞാൻ നോക്കി എങ്കിലും സഹായിപ്പാൻ ആരു മില്ലായിരുന്നു. ഞാൻ വിസ്മയിച്ചു നോക്കി എങ്കിലും തുണപ്പാൻ ആരെയും കണ്ടില്ല.”
> യെശ 63 : 5

കുറ്റമില്ലാത്ത രക്തം ചിന്തി പാപികളെ വീണ്ടെടുപ്പാ നായി ക്രിസ്തു ഭൂമിയിലേക്ക് വന്ന ഒന്നാമത്തെ വരവാണ് പ്രവാചകൻ ഇവിടെ കാണുന്നത്.

രോഗം ശീലിച്ചവനായി, അപമാനിതനായി, സകലരാലും പരിത്യജിക്കപ്പെട്ടവനായി ക്രിസ്തു ചോര ചിന്തി മരണം വരിച്ചു. എന്തിന്? സ്നേഹിതാ, നിന്റെ നിത്യമരണം ഒഴിവാ ക്കാൻ, നിന്റെ നിത്യനരകം ഒഴിവാക്കാൻ, നിന്റെ നിത്യയാ തന ഒഴിവാക്കാൻ, നിനക്ക് നിത്യജീവൻ തരാൻ.

നാല്, വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാ ത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ? യെശയ്യാവ് 63 : 1

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവത്രേ ഇവിടെ പ്രവാച കൻ മുൻകൂട്ടി ദർശിക്കുന്നത്. വസ്ത്രാലങ്കാരപ്രൗഢിയോടെ, ആഡംബര വിഭൂഷിതനായി, തേജോമയനായ ക്രിസ്തു തന്റെ മണവാട്ടി സഭയെ ചേർക്കുവാൻ വരുന്നതിനെയാണ് പ്രവാ ചകൻ ഇവിടെ പ്രവചിച്ചിരിക്കുന്നത്.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ഒരു വിശ്വാസിയുടെ ഭാഗ്യകരമായ പ്രത്യാശയാണ്. ക്രിസ്തുവിന്റെ ഒന്നാമത്തെ

വരവ് പാപിയെ വീണ്ടെടുത്തു പരിശുദ്ധനാക്കാനാണ്. രണ്ടാമത്തെ വരവ് പരിശുദ്ധന്മാരെ ചേർക്കാനാണ്.

മാന്യ സ്നേഹിതാ, നീ ഒരു പരിശുദ്ധനാണെങ്കിൽ മാത്രമേ ക്രിസ്തുവിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ പറന്നുയരാൻ സാധിക്കുകയുള്ളൂ. അപ്പോസ്തലനായ പൗലോസ് പറയുന്നു :

> "കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും."
>
> 1 തെസ്സലോനിക്യർ 4 : 16

അതിനെക്കുറിച്ചാണ് ക്രിസ്തു തന്റെ ഐഹിക ജീവിതക്കാലത്ത് സംസാരിച്ചത് :

> "അന്ന് രണ്ടുപേർ വയലിൽ ഇരിക്കും, ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും."
>
> മത്തായി 24 : 40 – 41

യെശയ്യാ 63–ാം അദ്ധ്യായത്തിൽ ഏദോമിൽ നിന്ന് രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്ന് വരുന്നോരിവൻ ആര്?" എന്ന ചോദ്യം ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിനെയും "വസ്ത്രാലംകൃതനായി, തന്റെ ശക്തിയുടെ മാഹാ

ത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ?" എന്ന ചോദ്യം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെയും സംബന്ധിക്കുന്ന പ്രവചന പ്രസ്താവനകളത്രേ. എന്നാൽ യെശയ്യാവ് ഇത് രണ്ടും ഒരുമിച്ചാണ് കാണുന്നത്.

രണ്ടു കൊടുമുടികൾ. ഒരു കൊടുമുടിക്കും മറ്റേ കൊടു മുടിക്കും മദ്ധ്യേ വലിയോരു താഴ്വര. ആ താഴ്വര വിശാ ലമായ ഒരു സമഭൂമിയാണ്. ഒരു ഉയർന്ന തലത്തിൽ ദൂരെ നിന്ന് നോക്കുന്ന ആൾ കൊടുമുടികൾ രണ്ടും ചേർന്ന് നിൽക്കുന്നതായിട്ടേ കാണുകയുള്ളൂ. അവ തമ്മിൽ നല്ല അകലമുണ്ടെന്നോ, അവയ്ക്കിടയ്ക്ക് ഒരു സമതലമുണ്ടെന്നോ കാണുകയില്ല, അറിയുകയില്ല.

ഇപ്രകാരം ഒന്നാമത്തെ വരവിനും രണ്ടാമത്തെ വര വിനും ഇടയ്ക്കുള്ള താഴ്വരയായ സമതലം – കൃപായുഗം – യെശയ്യാവിന് അപ്പോൾ വെളിപ്പെട്ടില്ല.

സ്നേഹിതാ ഇന്ന്, കൃപായുഗമാണ്. ഒന്നാമത്തെ വരവ് പാപിയുടെ വീണ്ടെടുപ്പിനാണ്. പ്രിയ സുഹൃത്തേ, താങ്കൾ വീണ്ടെടുപ്പ് പ്രാപിച്ചുവോ? വിശുദ്ധീകരണം അനുഭവിച്ച് ഒരു വിശുദ്ധനായി മാറിയോ? രണ്ടാമത്തെ വരവിൽ ക്രിസ്തു വിനെ എതിരേല്ക്കുന്ന വിശുദ്ധൻമാരുടെ നിരയിൽ നിൽക്കാൻ ഒരുങ്ങിയോ?

മാന്യ സഹോദരാ, പ്രിയ സഹോദരി, ക്രിസ്തുവിന്റെ വരവിൽ നാമാരും ഉപേക്ഷിക്കപ്പെടുന്നവരുടെ കൂടെ ആയി പ്പോകരുത്. "ഇപ്പോൾത്തന്നെ സുപ്രസാദകാലം, ഇപ്പോൾത്തന്നെ രക്ഷാദിവസം." ദൈവത്തോട് വാക്കു പറ യുക :

നാഥാ, ഇന്നു മുതൽ ഞാൻ ഒരു പൂർണ്ണ വിശുദ്ധനായി

ജീവിക്കും. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ ഒരു രഹസ്യ വിശുദ്ധനായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം :

കർത്താവേ, ഇന്ന് തന്നെ സ്വർഗ്ഗീയ ദൂതിനായി സ്തോത്രം. രക്ഷാവചനങ്ങൾക്കായി സ്തോത്രം. പാപമോചനം നൽകുന്നവനും ജീവിതത്തിലെ കോളിളക്കങ്ങളെ ശാന്തമാക്കുന്നവനും രക്താംബരം ധരിച്ച് ക്രൂശിൽ മരിച്ചവനും വസ്ത്രാലംകൃതനായി ഇനിയും വരുവാനിരിക്കുന്നവനുമായ യേശുവിനെ അറിയാനും ആരാധിക്കാനും ആഹ്വാനം ചെയ്തതിനാൽ സ്തോത്രം. അന്ത്യത്തോളം നിറുത്തണമേ.

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| **വെള്ളി** | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : **6.30** AM |
| **ശനി** | സൂര്യ ടിവി | : **6.30** AM |
| **ഞായർ** | ജീവൻ ടിവി | : **7.30** AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| **ചൊവ്വ**<br>**ശനി** | SW **25 മീറ്റർ** | : **7.45** PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെൻ്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |

Contd...

| | | |
|---|---|---|
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |
| ഒന്നാം ഞായറാഴ്ച | 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| ഒന്നാം ഞായറാഴ്ച | 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| ഒന്നാം ഞായറാഴ്ച | 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ.ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| ഒന്നാം ഞായറാഴ്ച | 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ.എസ്. പോൾ കോർണർ, **കണ്ണൂർ** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, ചിങ്ങവനം |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| മൂന്നാം ഞായറാഴ്ച | 6.30PM – 8.30PM | വൈ.എം.സി.എ. ഹാൾ, ചെങ്ങന്നൂർ |
| ഒന്നാം ശനിയാഴ്ച | 6.00PM – 8.30PM | എസ്.സി.എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| ഒന്നാം ശനിയാഴ്ച | 6.30PM – 8.300PM | കെ.എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, ചെന്നൈ |
| ഒന്നാം ഞായറാഴ്ച | 2.30PM – 5.300PM | സി.ആർ.എഫ്. സെന്റർ, **മീനങ്ങാടി** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ.പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ.വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| നാലാം ഞായറാഴ്ച | 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |